No. 180

OCTOBER 2003

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# KERALA PRIVATE COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

**No. 180** **OCTOBER 2003**



## EDITORIAL BOARD

*Chief Editor*
**Dr. S. JAYARAJ KUMAR**

*Managing Editor*
**V.JAYAKUMAR**

*Assistant Editor*
**Dr. G.S. SURESH**

*Members*

Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup


## inside

No.
180


ജനറൽ സെക്രട്ടറിയുടെ പേജ്
പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ

•

**WTO, GATS and Future of Higher Education in India**
Dr. Vijender Sharma

•

കേരളത്തിലെ കോളജുകൾ എങ്ങോട്ട്?
കെ. ബാബുജോസഫ്

•

***Red rain in kerala***
**Dr. Sainudeen Pattazhy**

•

ചോര കിനിയുന്ന ഒലിവിലക്കൊമ്പും
ഏരിയൽ ഷാരോണിന്റെ ഭാരത സന്ദർശനവും
എം. എസ്. വസന്തകുമാർ

• Editorial • Economic Focus
• Sports line • Book review
• ശാസ്ത്രജാലകം
• സർവ്വീസ് പംക്തി
• സമരപഥങ്ങൾ
• ജില്ലാവാർത്തകൾ



visit www.akpcta.org

## എഡിറ്റോറിയൽ

# നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്?

‘നാണംകെട്ടവന്റെ ആസനത്തിൽ ആലുകിളിർത്താൽ അതും ഒരു വരദാനമായി അവൻ കരുതും'. ഇത് ഒരു നാടൻ ചൊല്ലാണ്. മാന്നാനം കെ.ഇ.കോളജ് പ്രിൻസിപ്പലിന്റെയും മാനേജരുടെയും കാര്യത്തിൽ ഈ ചൊല്ല് അർത്ഥവത്താകുന്നു. പത്രപംക്തികളിൽ ഈ അടുത്തിടെ നിറഞ്ഞ വാർത്തകൾ വിദ്യാഭ്യാസത്തെ പുണ്യകർമ്മമായി കാണുന്ന ആരെയും ലജ്ജിപ്പിക്കുന്ന തരത്തിലാണ്! നാല്പതു വർഷത്തെ വിദ്യാദാന പാരമ്പര്യമുള്ള ഒരു മഹത്തായ കലാലയത്തിലെ പ്രിൻസിപ്പലും മാനേജരും ചേർന്ന് കാട്ടിക്കൂട്ടിയ ശുനകവിക്രിയകളുടെ ദയനീയ പതനം! ഹാ! കഷ്ടം! എന്നല്ലാതെന്തു പറയാൻ?

മഹാമനീഷികളായ എം.പി.പോളിന്റെയും, ജോസഫ് മുണ്ടശ്ശേരിയുടെയും, വി.ആർ.എസ്സിന്റെയും, ആർ.ആർ.സിയുടെയും പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സംഘടനാപ്രവർത്തകരോട് മാന്നാനം കെ.ഇ.കോളജ് മാനേജരും പ്രിൻസിപ്പലും നടത്തിയ പേക്കൂത്തുകൾ എത്ര ലജ്ജിപ്പിക്കുന്നതാണ്? കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ക്രൈസ്തവ സഭകൾ നൽകിയ വിലപ്പെട്ട സംഭാവനകളെല്ലാം സാംസ്കാരിക കേരളം ഏറെ ആദരപൂർവ്വമാണ് ഓർക്കുന്നത്.

വിദ്യാദാനത്തിലൂടെ ആത്മീയ പ്രവർത്തനങ്ങൾക്ക് മിഷനറിമാർ പുതിയ മാനം കാണുകയും സമൂഹത്തിന്റെ എല്ലാതലത്തിലും വിദ്യ എത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തു. എന്നാൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് അദ്വിതീയമായ സേവനങ്ങൾ നടത്തിയിരുന്ന സഭകളെ അവഹേളിക്കുന്ന വിധത്തിലാണ് മാന്നാനം കോളജ് പ്രിൻസിപ്പലും മാനേജരും പ്രവർത്തിച്ചത്. ഇതിൽ ലജ്ജിക്കുകയും പ്രസ്തുത മനുഷ്യത്വരഹിതമായ പ്രവർത്തിക്ക് മാനേജരെയും പ്രിൻസിപ്പലിനെയും താക്കീതുചെയ്യുകയുമാണ് മററു മാനേജുമെന്റുകൾ ചെയ്യേണ്ടത്.

കേരളത്തിലെ സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രക്തവും, മജ്ജയും, മാംസവും അദ്ധ്യാപകരാണെന്ന് വിവരമുള്ള ആരും സമ്മതിക്കും. മാനേജ്മെന്റുകളെ നിലനിർത്തുന്നതുതന്നെ അദ്ധ്യാപകരാണ്. വിദ്യാർത്ഥി പ്രവേശനത്തിനും, നിയമനത്തിനും ലക്ഷങ്ങൾ വാരിക്കൂട്ടുന്നത് അദ്ധ്യാപകരുടെ പേരിലാണ്. അദ്ധ്യാപക ക്ഷേമത്തിന് ഒരു ചില്ലിപോലും ചെലവാക്കാതിരിക്കുകയും അദ്ധ്യാപകദ്രോഹത്തിന് വൻതുക ചെലവിടുകയും ചെയ്യുന്ന നടപടികളാണ് കാണുന്നത്. അന്തസ്സുള്ള മാനേജരും പ്രിൻസിപ്പലും അദ്ധ്യാപകക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുമ്പോൾ, അന്തസ്സുള്ള അദ്ധ്യാപകരെ പലതരത്തിലും ദ്രോഹിക്കുന്നവരായി മാറിയിരിക്കുന്നു മാന്നാനം കോളജ് അധികാരികൾ.

ഓർക്കുക! കാലം നിങ്ങളോടൊപ്പമല്ല. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലനില്പ് അദ്ധ്യാപകരിലൂടെയാണെന്നറിയില്ലെങ്കിൽ ഇനിയും കുരുക്കുന്ന ആൽമരം നിങ്ങളുടെ മാറിടത്തെ തകർക്കും - തീർച്ച.

“കർത്താവേ! ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല! ഇവരോട് പൊറുക്കേണമേ”! ■

# സമര ചരിത്രത്തിൽ മറ്റൊരേട്

പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ

ജാതിമത മേധാവികളായ സ്വകാര്യ കോളജ് മുതലാളിമാരോട് നിരന്തരപോരാട്ടം നടത്തി വളർന്നുവന്ന സംഘടനയാണ് എകെപിസിടിഎ. ശമ്പളം വെട്ടിക്കുറയ്ക്കലിനെതിരേയും പിരിച്ചുവിടലിനെതിരേയുമൊക്കെ അതിശക്തമായ സമരങ്ങൾ സംഘടന നടത്തിയിട്ടുണ്ട്. കൊല്ലം എസ്.എൻ കോളജ്, ഫാത്തിമ മാതാ നാഷണൽ കോളജ് എന്നിവിടങ്ങളിൽ അധ്യാപകരെ പിരിച്ചുവിട്ടതിനെതിരെ മാസങ്ങളോളം സമരം ചെയ്തിട്ടാണെങ്കിലും അവരെ തിരിച്ചെടുപ്പിക്കാൻ കഴിഞ്ഞു. സ്വകാര്യ കോളജിലെ അധ്യാപകർക്ക് നിയമാധിഷ്ഠിത സേവന വേതന വ്യവസ്ഥകൾ ഉണ്ടാകുന്നതിന് മുൻപ്, പ്രത്യേകിച്ച് അറുപതുകളിൽ, നിരവധി കോളജുകൾക്കു മുമ്പിൽ പിരിച്ചുവിടലടക്കമുള്ള നടപടികൾക്കെതിരെ അതിശക്തമായ സമരങ്ങൾ സംഘടനയ്ക്ക് നടത്തേണ്ടി വന്നിട്ടുണ്ട്. അധ്യാപകരെ തെക്ക് വടക്ക് സ്ഥലം മാറ്റി പീഡിപ്പിക്കുന്നതിൽ രസം കണ്ടിരുന്ന എൻ.എസ്.എസ്, എസ്.എൻ മാനേജുമെന്റുകളുടെ ആസ്ഥാനങ്ങളിൽ എകെപിസിടിഎ നടത്തിയ സമരങ്ങളും ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു. എവിടെയൊക്കെ മാനേജർ തന്നിഷ്ടപ്രകാരം അമിതാധികാരം പ്രയോഗിക്കുന്നുവൊ അവിടെയൊക്കെ എകെപിസിടിഎ നടത്തിയിട്ടുള്ള സമരങ്ങൾക്ക്, മാനേജർമാരുടെ അധികാരങ്ങളെ സാമൂഹ്യ നിയന്ത്രണത്തിനു വിധേയമാക്കുന്ന തരത്തിലുള്ള നിയമനിർമ്മാണങ്ങളിൽ കൊണ്ടെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ എകെപിസിടിഎ യുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ തക്കം പാർത്തിരിക്കുകയാണ് മാനേജർമാർ.

പരീക്ഷ എഴുതാനുള്ള അറ്റൻഡൻസുമായി ബന്ധപ്പെട്ട് ഒരു വിദ്യാർത്ഥി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിലുണ്ടായ വിധിയിൽ വിദ്യാർത്ഥികളുടെ ക്യാമ്പസ് രാഷ്ട്രീയം നിരോധിക്കണമെന്ന ജഡ്ജിയുടെ പരാമർശത്തെ കേരളത്തിലെ സ്വകാര്യ കോളജ് മാനേജർമാർ സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. ഈ വിധിയുടെ മറവിൽ എകെപിസിടിഎ യെ തകർക്കാൻ കഴിയുമോയെന്ന് പരീക്ഷിക്കുകയാണ് ചില മാനേജർമാർ. ഇന്റർചർച്ച് കൗൺസിലിന്റെ പിന്തുണയോടെ കെ.ഇ. കോളജ് മാനേജരായ ഫാ. തോമസ് കാലായിൽ സി.എം.ഐ. നടത്തുന്നതും അതു തന്നെയാണ്.

കോട്ടയം ജില്ലയിലെ മാന്നാനത്ത് 1964 ലാണ് കുരിയാക്കോസ് എലിയാസ് കോളജ് (കെ.ഇ.കോളജ്) സ്ഥാപിതമായത്. 1831-ൽ ചാവറ കുര്യാക്കോസ് എലിയാസ് അച്ചൻ രണ്ട് വൈദിക അധ്യാപകരുടെ സഹായത്തോടെ മാന്നാനത്തു സ്ഥാപിച്ച ഭാരതത്തിലെ പ്രഥമ സന്യാസ സഭയായ സി.എം.ഐ (കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്സ്) ആണ് ഈ കോളജിന്റെ മാനേജ്മെന്റ്. അടുത്തകാലം വരെ ഉന്നതമായ സാമൂഹ്യസേവന കാഴ്ചപ്പാട് ഈ കോളജിന്റെ നടത്തിപ്പിൽ ഉണ്ടായിരുന്നു. ഇപ്പോൾ മാനേജ്മെന്റിന് കച്ചവട മന:സ്ഥിതിയാണ്. വിദ്യാർത്ഥി പ്രവേശനത്തിൽ കോഴ വാങ്ങുന്നു. സംവരണ വ്യവസ്ഥകൾ അട്ടിമറിക്കുന്നു. കൂടാതെ, എയ്ഡഡ് സംവിധാനത്തിൽ വളർത്തിയെടുത്ത കോളജിനെ സ്വാശ്രയ സ്ഥാപനമാക്കി മാറ്റാനുള്ള ഗൂഢ ശ്രമവുമുണ്ട്. ഓഫ് ക്യാമ്പസ് സെന്റർ, അൺ എയ്ഡഡ് കോഴ്സുകൾ, ഇത്തരം കച്ചവട ഏജൻസികളുടെ കോഴ്സുകൾ ഇവയൊക്കെ കോളജിനകത്തേയ്ക്കു കൊണ്ടുവരുവാനുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു. ഇത്തരം ദുഷ്പ്രവണതകളെ അതിശക്തമായി എകെപിസിടിഎ എതിർക്കുന്നുവെന്നതാണ് മാനേജ്മെന്റിനെ ഏറ്റവും കൂടുതൽ പ്രകോപിപ്പിച്ചിരിക്കുന്നത്.

ഏകീകൃത സർവകലാശാലാ നിയമം വന്നാൽ തങ്ങളുടെ താല്പര്യങ്ങൾ എളുപ്പത്തിൽ സാധിതപ്രാപ്തമാക്കാമെന്ന് മാനേജർമാർ കരുതുന്നു. പ്രത്യേകിച്ചും, മാനേജർമാരുടെ പ്രാതിനിധ്യം വർദ്ധിക്കുകയും എയ്ഡഡ് സ്വകാര്യകോളജധ്യാപകന്റെ പ്രാതിനിധ്യം നിഷേധിക്കുകയോ കുറവു ചെയ്യുകയോ ചെയ്യുന്ന ഭരണ സമിതികൾ വിഭാവന ചെയ്തിരിക്കുന്ന സാഹചര്യത്തിൽ. ഏകീകൃതസർവകലാശാലാ നിയമത്തെ പ്രതിരോധിക്കുന്ന എകെപിസിടിഎ യെ എതിർക്കാനും ബ്രാഞ്ചിനെ തെുക്കാനുമുള്ള വെമ്പലിൽ മാന്നാനം മാനേജർക്ക് ബുദ്ധിഭ്രമം സംഭവിച്ചുവെന്നു തോന്നുന്നു. നിയമ വ്യവസ്ഥകളാകെ അവഗണിക്കപ്പെടുന്നു. അധ്യാപകന്റെ സ്വാതന്ത്ര്യത്തേയും അവകാശത്തേയും മാന്യതയേയും സ്വാധീന ശക്തിയേയും പറ്റി യാതൊരുബോധവുമില്ലാത്ത അവസ്ഥയിലാണ് മാനേജർ. നിയമവിരുദ്ധമായി ലീവ് നിഷേധിക്കുകയും ശമ്പളം തടയുകയും ചെയ്തു. മെമ്മോ നല്കൽ വിനോദമാക്കി (ഇത്തരത്തിൽ പീഡിപ്പി

ക്കപ്പെട്ടവരിൽ പലരും വകുപ്പ് തലവൻമാരും സീനിയർ അധ്യാപകരുമാണെന്നോർക്കുക). ഇംഗ്ലീഷ് വകുപ്പിലെ ഏറ്റവും സീനിയറായ പ്രൊഫ. തോമസ് ജോസഫിനെ മാറ്റി എഴാം സ്ഥാനക്കാരി കന്യാസ്ത്രീയെ ഡിപ്പാർട്ട്മെന്റ് ഹെഡ് ആക്കി (ഇത്തരത്തിൽ മാറ്റിപ്രതിഷ്ഠിക്കാൻ നിയമമില്ല!) അതും പോരാത്തതിന് എകെപിസിടിഎ യുടെ സംസ്ഥാന പ്രസിഡന്റ് കൂടിയായ പ്രൊഫ. തോമസ് ജോസഫിനെ വ്യാജ കുറ്റാരോപണം നടത്തി സർവീസിൽ നിന്നും സസ്പെന്റു ചെയ്തു.

കാലാകാലങ്ങളിൽ എകെപിസിടിഎ യ്ക്കെതിരെ മാനേജർമാർ സ്വീകരിച്ചുപോരുന്ന പ്രചരണ തന്ത്രങ്ങൾ മാന്നാനം കുന്നിലെ അച്ചൻമാരും പ്രയോഗിച്ചു. കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ സ്ഥാപനങ്ങളെ നശിപ്പിക്കുന്നു എന്ന് വ്യാപകമായി പ്രചരിപ്പിച്ചു. കത്തിച്ച മെഴുകുതിരിയുമേന്തി അച്ചൻമാരും കന്യാസ്ത്രീകളും മാന്നാനത്ത് ജാഥ നടത്തി. പള്ളികളിൽ അറിയിപ്പ് കൊടുത്തു. പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിച്ചു. അഭ്യുദയകാംക്ഷികളുടെ യോഗം വിളിച്ചു. കോളജിലെ ക്ലാസ്സ് മുറികളിൽ പ്രിൻസിപ്പലച്ചൻ വിദ്യാർത്ഥികൾക്ക് ഉപദേശം നൽകി. സമരത്തിനെതിരെ അധ്യാപകരെ കൊണ്ട് ഒപ്പിടുവിച്ചു. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രതിഷേധങ്ങളെ വീഡിയോയിൽ പകർത്തിക്കൊണ്ട് ഭീഷണിപ്പെടുത്തി. അധ്യാപകരിൽ ചിലർക്കെതിരെ വിദ്യാർത്ഥികളിൽ നിന്നും പരാതിയെഴുതിക്കിട്ടാൻ സമ്മർദ്ദം ചെലുത്തി. പ്രതിഷേധ പ്രകടനം നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ച മാനേജർ, പ്രകടനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ കോളജിൽ കടന്നുകയറി പെൺകുട്ടികളെ ഉപദ്രവിക്കുമെന്ന് ഭയപ്പെടുന്നതായിപ്പോലും കോടതിയിൽ സത്യവാങ്മൂലം നല്കി.

പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും സഹോദര സംഘടനകളുടേയും സഹായത്തോടെ മാനേജരുടെ കുപ്രചാരണങ്ങളെ പരാജയപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. മാനേജുമെന്റിന്റെ ധാർഷ്ട്യം നേരിട്ടു ബോധ്യപ്പെട്ട പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും മാന്നാനത്തെ യഥാർത്ഥ ചിത്രം പൊതുജന മദ്ധ്യത്തിൽ കൊണ്ടുവന്നു. എഫ്.എസ്.ഇ.ടി.ഒ., എൻ.ജി.ഒ.യൂണിയൻ, കെ.ജി.ഒ.എ., എ.കെ.ജി.സി.ടി., കെ.എസ്.ടി.എ., യൂണിവേഴ്സിറ്റി എംപ്ലോയീസ് കോൺഫഡറേഷൻ., എസ്.എഫ്.ഐ., വിദ്യാഭ്യാസ സമിതി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങൾ സംസ്ഥാന തലസ്ഥാനത്തും ജില്ലാകേന്ദ്രങ്ങളിലും തങ്ങളുടെ സ്ഥാപനങ്ങളിലും, മാന്നാനം മാനേജ്മെന്റിന്റെ നടപടിക്കെതിരെ പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയുണ്ടായി. മാന്നാനത്തും കോട്ടയത്തും നടന്ന ബഹുജന കൂട്ടായ്മയിലെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഒക്ടോബർ 14 മുതൽ അനിശ്ചിതകാലത്തേയ്ക്ക് മാന്നാനത്ത് പ്രഖ്യാപിച്ചിരുന്ന സത്യാഗ്രഹ പരിപാടിക്ക് അതിവിപുലവും സമഗ്രവുമായ തയ്യാറെടുപ്പുകൾ നടത്തിയിരുന്നു.

സസ്പെൻഷനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, പ്രൊഫ. തോമസ് ജോസഫ് കോടതിയിൽ ഹാജരാക്കിയിരുന്ന രേഖകൾ യഥാർത്ഥമാണെന്നും മാനേജർ നൽകിയവ വ്യാജമാണെന്നും തെളിയുന്ന അവസ്ഥയെത്തുകയുണ്ടായി. ഇതിനെതുടർന്ന്, നീതിന്യായവ്യവസ്ഥയിലുള്ള കുറ്റകരമായ ഇടപെടൽ മാനേജർ നടത്തിയിരിക്കുന്നതിനാൽ മാനേജരെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി കോടതി ഫയലിൽ സ്വീകരിച്ചതോടെ മാനേജർക്ക് രക്ഷപ്പെടാൻ മാർഗ്ഗമില്ലാതായി. തോമസ് ജോസഫിന്റെ പേരിലുള്ള കുറ്റാരോപണങ്ങൾ പിൻവലിക്കുന്നതായും സസ്പെൻഷൻ റദ്ദുചെയ്യുന്നതായും മാനേജർ കോടതിയെ അറിയിച്ചു. സസ്പെൻഷൻ കാലാവധി ഡ്യൂട്ടിയായി പരിഗണിക്കാൻ കോടതി വിധിക്കുകയും ചെയ്തു.

പ്രൊഫ. തോമസ് ജോസഫ് ജോലിയിൽ തിരികെ പ്രവേശിച്ചുവെങ്കിലും നിരസിക്കപ്പെട്ട അവധി അപേക്ഷകൾ പരിഗണിക്കാനോ നിഷേധിക്കപ്പെട്ട ശമ്പളം വാങ്ങി നൽകാനോ മാനേജർ തയ്യാറായിട്ടില്ല. കൂടാതെ, ഹെഡ്ഷിപ്പിന്റെ പ്രശ്നം ബാക്കിനിൽക്കുന്നു. ഇത്തരം പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ തയ്യാറാകണമെന്ന് എകെപിസിടിഎ നേതൃത്വം മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും മാന്നാനത്ത് നിശ്ചയിച്ചിരുന്ന അനിശ്ചിതകാല സത്യാഗ്രഹപരിപാടികൾ താല്കാലികമായി മാറ്റി വയ്ക്കുകയും ചെയ്തു. തൊട്ടടുത്ത ദിവസം തന്നെ സംഘടനയുടെ സംസ്ഥാന ഭാരവാഹികൾ മാന്നാനം കോളജ് സന്ദർശിച്ചു. പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ മുൻകൈയെടുക്കണമെന്ന് ഫാദർ കുഴിച്ചാലിനോട് ആവശ്യപ്പെട്ടു. പക്ഷേ മാനേജ്മെന്റ് ഭാഗത്തുനിന്നും അനുകൂലപ്രതികരണമുണ്ടായില്ല. അന്ന് ഉച്ചയ്ക്ക് ഇന്റർവെൽ സമയത്ത് കോളജിൽ ചേർന്ന എകെപിസിടിഎ ബ്രാഞ്ച് യോഗത്തിൽ പുറത്തുനിന്നുള്ളവർ പങ്കെടുക്കുന്നതിനെ മാനേജർ വിലക്കിയെങ്കിലും എകെപിസിടിഎ ജനറൽ സെക്രട്ടറിയും കേരള സർവകലാശാലാ സിൻറിക്കേറ്റംഗം പ്രൊഫ. ആർ. മോഹൻകുമാറും ജേർണൽ ചീഫ് എഡിറ്റർ ഡോ. ജയരാജ്കുമാറും പ്രവർത്തക സമിതി അംഗം പ്രൊഫ. എസ്. സതീശ്ചന്ദ്രനും യോഗത്തിൽ സന്നിഹിതരായിരുന്നു. ജനറൽ സെക്രട്ടറിയും സിണ്ടിക്കേറ്റംഗവും അംഗങ്ങളെ അഭിസംബോധന ചെയ്തു. വൈകുന്നേരം മാന്നാനം കവലയിൽ ചേർന്ന കലാലയ സംരക്ഷണ സമിതി രൂപീകരണ യോഗം പ്രശസ്ത കവി ഡി. വിനയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റിന്റെ അഴിമതിയേയും ജനാധിപത്യവിരുദ്ധവും സ്വേച്ഛാപരവും നിയമവിരുദ്ധവുമായ നടപടികളേയും യോഗത്തിൽ പങ്കടുത്തവരെല്ലാം നിശിതമായി വിമർശിച്ചു. പൊതുസമൂഹത്തിന്റെ സഹായത്തോടെ വളർത്തിയെടുത്ത മാന്നാനം കോളജിനെ എയ്ഡഡ് കോളജായി സംരക്ഷിക്കുമെന്ന പ്രഖ്യാപനവും അവിടെയുണ്ടായി.

മാന്നാനത്തെ പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ലായെങ്കിലും മാനേജർമാരുടെ മാടമ്പിസ്വഭാവത്തെ തളച്ചിടാൻ ബഹുജന പിന്തുണയോടെ സംഘടനയ്ക്കു കഴിയുമെന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. സർക്കാർ അംഗീകൃത സംഘടനയുടെ സംസ്ഥാന പ്രസിഡന്റിനെ വരെ വ്യാജകുറ്റാരോപണം നടത്തി പുറത്തു നിറുത്താൻ മാനേജ്മെന്റിന് ധൈര്യം പകർന്നത് സർക്കാർ നിലപാടുകളാണെന്നതിൽ സംശയമില്ല. പിന്തിരിപ്പൻ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ അതിശക്തമായ സമരത്തിന് സജ്ജരായിരിക്കേണ്ട സമയമാണിതെന്ന് മാന്നാനം സംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ■

# മാന്നാനം കോളജ് മാനേജ്മെൻറിനെ മുട്ടു കുത്തിച്ച സംഘടിത ശക്തികളുടെ പ്രതിഷേധങ്ങൾ

## അദ്ധ്യാപക പീഡനത്തിന്റെ നാൾവഴി

അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യത്തിന്റെയും അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും ഏററവും തീക്ഷ്ണമായ സൂചകമാണ് ഇന്നു മാന്നാനം. മാനേജ്മെന്റിന്റെ സ്വേച്ഛാപ്രമത്തതയ്ക്കു മുമ്പിൽ ആത്മാഭിമാനമുള്ള കോളജദ്ധ്യാപകനു നട്ടെല്ലു വളയ്ക്കാതെ പറയാനും പ്രവർത്തിക്കാനും അവകാശമുണ്ടോ? അതു സാധ്യമാണോ? എന്നിങ്ങനെ നിരവധി ചോദ്യങ്ങൾ ഇവിടെ ഉയരുന്നുണ്ട്. സാമൂഹ്യനീതിയിലധിഷ്ഠിതമായ നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ നിലനില്പിനെ സംബന്ധിച്ച അടിസ്ഥാനപരമായ പല പ്രശ്നങ്ങളും അതുൾക്കൊള്ളുന്നു.

### സംഘടനാസ്വാതന്ത്ര്യ നിഷേധം

2003 ജൂൺ 25നാണ് ഇപ്പോഴത്തെ പ്രശ്നങ്ങളുടെ തുടക്കം. കേരളസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ അന്ന് ഒരു പ്രതിഷേധധർണയ്ക്ക് എകെപിസിടിഎ(ആൾ കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ) ആഹ്വാനം നൽകിയിരുന്നു. ഇതനുസരിച്ച് ധർണ നടത്തുന്ന കാര്യം മാന്നാനം കെ.ഇ.കോളജ് യൂണിററ് ഭാരവാഹികൾ പ്രിൻസിപ്പൽ സ്ഥാനത്തിരിക്കുന്ന Drawing and Disbursing Officer (D.D.O) റവ. ഫാ. ജോസഫ് കുഴിച്ചാലിൽ സി.എം.ഐയെ അറിയിച്ചു. മുൻ കാലങ്ങളിലേതുപോലെ അതിനുള്ള തയ്യാറെടുപ്പുകളും നടത്തി. കോളജിലെത്തിയ അദ്ധ്യാപകർ കാണുന്നത് ധർണയ്ക്കായി കോളജ്ഗേററിനു പുറത്തെ വഴിയരികിൽ കെട്ടിയിരുന്ന പന്തൽ പൊളിച്ചു നീക്കിയിരിക്കുന്നതാണ്. കോളജ് മാനേജർ റവ. ഫാ. തോമസ് കാലായിൽ സി.എം.ഐയുടെ നേതൃത്വത്തിൽ ഒരു സംഘം വൈദികർ പന്തൽപൊളിച്ച് സാധനസാമഗ്രികൾ ജീപ്പിൽകയററി ആശ്രമത്തിലേക്കു കൊണ്ടുപോവുകയായിരുന്നു. പന്തൽപൊളിക്കാൻ മാനേജർ പോലീസ് സഹായം ആവശ്യപ്പെട്ടിരുന്നു. പക്ഷേ, അവർ എത്തുംമുമ്പു തന്നെ ഉദ്ദിഷ്ടകാര്യങ്ങളെല്ലാം നടപ്പിലാക്കപ്പെട്ടു. അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യം തകർക്കാനുള്ള വമ്പിച്ച ഒരു പദ്ധതിയുടെ തുടക്കമായിരുന്നു അത്. ധർണ നിരോധിച്ചുകൊണ്ടുള്ള മാനേജരുടെ ഉത്തരവ് 9.40 ഓടെ യൂണിററ് സെക്രട്ടറി ടോമിച്ചൻ ജോസഫിന് ഫാ. കുഴിച്ചാലിൽ നൽകി. കോളജുകളിൽ വിദ്യാർത്ഥിരാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ ഭാഗമായാണു സംഘടനാപ്രവർത്തനനിരോധനം എന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വെയിലേററും മഴനനഞ്ഞും പൊതുവഴിയരികിൽ കുത്തിയിരുന്ന്, മാനേജരുടെ വിലക്കു ലംഘിച്ച് അദ്ധ്യാപകർ സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിന്റെ നേതൃത്വത്തിൽ ഒരുമണി വരെ ധർണ നടത്തി. ധർണയിൽ പങ്കെടുത്ത അദ്ധ്യാപകർ കാഷ്വൽ ലീവിന് അപേക്ഷിച്ചിരുന്നു. അതനുവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് എല്ലാവരും ക്ലാസ്സെടുത്തു പിരിഞ്ഞു.

അടുത്തദിവസം രാവിലെ കോളജി ലെത്തിയപ്പോൾ തലേന്നു ധർണയി രുന്ന അദ്ധ്യാപകരിൽ ചിലരുടെ C.L (Casual Leave) മാററി U എന്നാക്കി യിരിക്കുന്നതായി കണ്ടു. Uവിന് Un authorised absence എന്ന് അടിക്കു റിപ്പും കൊടുത്തിരുന്നു. 'സെലക്ടീവ് ഫെല്ലിംഗി'നുള്ള തന്ത്രത്തിന്റെ ആരം ഭമായിരുന്നു അത്. പ്രൊഫ. തോമസ് ജോസഫ് (H.O.D ഇംഗ്ലീഷ്), ടി.ജെ. ജോസ് (H.O.D ഇക്കണോമിക്സ്), മാ ത്യു ജെ.മുട്ടത്ത് (H.O.D മലയാളം), കെ.ജെ.ജോസ് (സെലക്ഷൻഗ്രേഡ് ലക്ചർ, ഇക്കണോമിക്സ്), ടോമിച്ചൻ ജോസഫ് (സെലക്ഷൻഗ്രേഡ് ലക്ചർ, കൊമേഴ്സ്), വിൽഫ്രഡ് എബ്രഹാം (സീനിയർ ഗ്രേഡ് ലക്ചറർ ഇംഗ്ലീഷ്), ഡോ. എം.കെ.മാത്യു (സീനിയർ ഗ്രേഡ് ലക്ചറർ സൈക്കോളജി) എന്നിവരെയാണു ചാപ്പകുത്തി നിർത്തി യത്.

## കുററപത്രങ്ങളുടെ ഘോഷയാത്ര

മുകളിൽപറഞ്ഞ ഏഴുപേർക്ക് തൊ ട്ടടുത്ത ദിവസം - ജൂൺ 27 വെള്ളി - ഉച്ചമുതൽ മെമ്മോ നൽകിത്തുടങ്ങി. അച്ചടക്ക ലംഘനത്തിനു നടപടിയെടു ക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ മൂ ന്നുനാൾക്കകം ബോധിപ്പിച്ചുകൊള്ളണ മെന്നായിരുന്നു ഉത്തരവ്.

ജൂൺ 28 ശനിയാഴ്ച ക്രിസ്തീയ സഭകളുടെ ഐക്യവേദിയായ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേ ഷൻ, മാന്നാനം മാനേജരുടെ നടപടി കൾക്കു പിന്തുണ പ്രഖ്യാപിച്ചു. എല്ലാ ക്രിസ്ത്യൻ കോളജുകളിലും രാഷ്ട്രീ യം നിരോധിക്കാൻ പോകുന്നതായും പത്രവാർത്തകൾ വന്നു.

കാരണം കാണിക്കൽ നോട്ടീസിനു മറുപടി നൽകാൻ (ജൂൺ 30 തിങ്കൾ പകൽ 1.20) ഓഫീസിലെത്തിയ അഞ്ച് അദ്ധ്യാപകർക്ക് അപ്രതീക്ഷിതമായ അനുഭവങ്ങളാണുണ്ടായത്. മറുപടി സ്വീകരിച്ചതായി സ്ഥിരീകരിച്ചു കോപ്പി ഒപ്പിട്ടു തരാൻ കുഴിച്ചാലിലച്ചൻ വിസ മ്മതിച്ചു. അതു പാടില്ലെന്നാണത്രേ അദ്ദേഹത്തിനു ലഭിച്ച 'ലീ ഗൽ അഡ്വൈസ്'. ഓഫീസിലെ Inward Registerൽ സൂപ്രണ്ടു മു ഖേന രേഖപ്പെടുത്തണമെന്ന അപേക്ഷയും നിരാകരിക്കുന്നു. ഫാ. കുഴിച്ചാലിനെ പിന്തുണച്ചുകൊണ്ട് സൈക്കോളജി വിഭാഗം മേ ധാവി റവ. ഫാ. സെബാസ്റ്റ്യൻ ചാമത്തറ സി.എം.ഐയും രംഗ ത്തുവന്നു. മറുപടി ഒഫീഷ്യലായി സ്വീകരിക്കാൻ തയ്യാറാകാത്ത നടപടിക്കു പിന്നിൽ പതിയിരിക്കുന്ന അപകടം കണ്ടറിഞ്ഞ അ ദ്ധ്യാപകർ ധർമ്മസങ്കടത്തിലായി. എന്തുചെയ്യേണ്ടു എന്നറിയാതെ വിഷമിച്ചു. വിവരമറിഞ്ഞ് മാധ്യമപ്രവർത്തകർ എത്തിയതോടെയാ ണ് അധികൃതനിലപാടിൽ മാററമുണ്ടായത്. മറുപടി അക്നോജ ഡ്ജ് ചെയ്യാൻ ഫാ. കുഴിച്ചാലിൽ ഓഫീസ് സൂപ്രണ്ടിനെ വിളിച്ചു നിർദ്ദേശംനൽകി.

മാധ്യമപ്രവർത്തകർക്കുനേരെ അച്ചന്മാർ രണ്ടുപേരും തട്ടിക്കയ റി. മുൻകൂർ അനുവാദം വാങ്ങാതെ കാമ്പസിനുള്ളിൽ കടക്കാൻ പാടില്ലത്രേ! അച്ചടി-ദൃശ്യമാധ്യമങ്ങൾ നല്ല പ്രാധാന്യം നൽകി കൃ ത്യമായി ഇക്കാര്യം റിപ്പോർട്ടു ചെയ്തു. ദീപികപ്പത്രത്തിൽ പക്ഷേ, വാർത്ത വന്നത് ഇപ്രകാരമായിരുന്നു - 'കാമ്പസ് രാഷ്ട്രീയം കെ. ഇ.കോളജിൽ പ്രിൻസിപ്പലിനെ ബന്ദിയാക്കാൻ ശ്രമം'. വാസ്തവ വിരുദ്ധമായ ഈ വാർത്തയ്ക്കെതിരെ അദ്ധ്യാപകർ ദീപിക പത്രാ ധിപകർക്കു പ്രതിഷേധക്കത്തെഴുതി. 'കോളജിൽ നിന്നു ലഭിച്ച വിവരം അനുസരിച്ചാണു വാർത്ത തയ്യാറാക്കിയതെന്നും ബുദ്ധിമു ട്ടുണ്ടായതിൽ ഖേദിക്കുന്നുവെന്നും' ചീഫ് എഡിററർ ഫാ. ജോ സഫ് പന്തപ്ലാംതോട്ടയിൽ സി.എം.ഐ ശ്രീ. കെ.ജെ.ജോസഫി നെ (ഇക്കണോമിക്സ്) കത്തിലൂടെ (ജൂലൈ 19) അറിയിച്ചു.

തൊട്ടുപിന്നാലെ തന്നെ കിട്ടി അഞ്ചുപേർക്ക് രണ്ടാം മെമ്മോ. 'പ്രിൻസിപ്പലിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു തടസ്സം സൃഷ്ടിച്ചു ഓഫീസിൽ കുഴപ്പമുണ്ടാക്കി' എന്നൊക്കെയായിരുന്നു ആരോപണങ്ങൾ. മാധ്യമപ്രവർത്തകരെ വിളിച്ചു വരുത്തി എന്ന കുററംചാർത്തി തോമസ് ജോസഫിനും കൊടുത്തു ഒരെണ്ണം.

എ.കെ.പി.സി.ടി.എ യൂണിററ് യോഗങ്ങൾക്കും വിലക്കുകൾ വ ന്നു, ഇതിന്റെ പേരിൽ യൂണിററ് സെക്രട്ടറിക്കു മൂന്നാമതൊരു കു ററപത്രം. മാന്നാനത്ത് അത് ഒരു കുററപത്രക്കാലമായിരുന്നു. വരാ നിരിക്കുന്ന ദിവസങ്ങളിലേക്കു പോലും മെമ്മോ കാലേക്കൂട്ടി അട ച്ചുവച്ചു. അതെടുത്തു കൊടുക്കുമ്പോൾ ചിലപ്പോഴൊക്കെ ക്രമം തെററും. ജൂലൈ 11-ാം തീയതി കൊടുക്കാൻ വച്ചിരുന്ന ഒരെണ്ണം ടോമിച്ചൻ ജോസഫിന് ഏഴാംതീയതി കൊടുത്തു.

## പ്രതിഷേധറാലി

സംഘടനാപ്രവർത്തനം നിരോധിച്ച മാന്നാനം മാനേജ്മെന്റിനെ തിരെ ശക്തമായി പ്രതികരിക്കാൻ എ.കെ.പി.സി.ടി.എ വർക്കിംഗ് കമ്മിററി തീരുമാനിച്ചു. മററു സർവീസ് സംഘടനകളെ കൂടി പങ്കെ ടുപ്പിച്ചുകൊണ്ട് മാന്നാനത്ത് ഒരു പ്രതിഷേധ റാലി പ്ലാൻ ചെയ്തു. ഇതെങ്ങനെയും തടയുന്നതിനു മാനേജ്മെന്റ് ചതുരുപായങ്ങളും പ്രയോഗിച്ചുതുടങ്ങി. കോളജിനു പുറത്ത് എവിടെയെങ്കിലും ഒരു ആലോചനായോഗം വച്ചാൽ അതു സമ്മതിക്കരുതെന്ന അഭ്യർ ത്ഥനയുമായി ബന്ധപ്പെട്ടവരെ സമീപിച്ചു. പക്ഷേ നാട്ടിൽ അതൊ

ന്നും വിലപ്പോയില്ല. മാർച്ച് എന്തു വിലകൊടുത്തും തടയുമെന്ന ധാർഷ്ട്യത്തോടെ അധികാരികൾ പ്രവർത്തിച്ചു. "15-ാം തീയതിക്കു ശേഷം കോളജ് പൂട്ടും, പതിനാറാം തീയതി ഏഴെണ്ണത്തിനെ പിരിച്ചുവിടും; സസ്പെൻഷനു ഞങ്ങൾ കാത്തുനിൽക്കുകയില്ല" എന്നിങ്ങനെ പലതും കേൾക്കാൻ തുടങ്ങി. മാന്നാനം കവലയിൽ നിന്നും കെ.ഇ.കോളജിനു മുമ്പിലൂടെ മെഡിക്കൽ കോളജ് - വില്ലൂന്നി ഭാഗങ്ങളിലേക്കു പോകാവുന്ന, നൂറുവർഷത്തിലേറെ പഴക്കമുള്ള പൊതുവഴി സ്വകാര്യവൽക്കരിച്ചു. പ്രൈവററ് റോഡ് എന്ന ബോർഡ് വഴിയരികിലെല്ലാം നാട്ടി. പോസ്റ്റോഫീസിനു മുമ്പിലും കോളജിനു തെക്കുവശത്തും വലിയ ആർച്ചുകൾ സ്ഥാപിച്ചു. Campus of CMI Educational Institutions എന്ന് അതിൽ എഴുതിവച്ചു. പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിലെത്തി. പ്രകടനക്കാരായ അദ്ധ്യാപകർ കെ.ഇ.കോളജിൽ അതിക്രമിച്ച് കടന്ന് പെൺകുട്ടികളെയും മററും ഉപദ്രവിക്കുമെന്ന് പരാതിപ്പെട്ടു. നിയന്ത്രണങ്ങൾക്കുവിധേയമായി റാലി നടത്താൻ ഹൈക്കോടതി അനുവദിക്കുകയാണുണ്ടായത്.

കോളജിലെ സ്തുതിപാഠകരുടെയും അനുഭാവികളുടെയും രഹസ്യയോഗങ്ങൾ ആശ്രമത്തിൽ വിളിച്ചുചേർത്തു. അതിനെ കോളജ് കൗൺസിൽ യോഗമെന്നു വിശേഷിപ്പിച്ചുകൊണ്ട് ഫാ. കുഴിച്ചാലിൽ ക്ലാസുകളിൽ കയറിയിറങ്ങി വരാനിരിക്കുന്ന 'വിപത്തി'നെപ്പററി പ്രഘോഷിച്ചു. ജൂലൈ 13-ാം തീയതി ഉച്ചകഴിഞ്ഞ് ചേരുന്ന പി.ടി.എ മീററിംഗിൽ കുട്ടികളും മാതാപിതാക്കളും പങ്കെടുക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിച്ചു. പ്രത്യേകം നോട്ടീസു നൽകി അദ്ധ്യാപകരെയും ക്ഷണിച്ചു.

മാന്നാനത്തിനു ചുററുമുള്ള പള്ളികളിൽ ഈ യോഗത്തിന്റെ പ്രാധാന്യത്തെപ്പററി ഞായറാഴ്ച കുർബാനകളിൽ അച്ചന്മാർ പ്രത്യേകം ഊന്നൽകൊടുത്തു പറഞ്ഞു. ഒട്ടേറെ ആളുകളെ നേരിട്ടു ക്ഷണിച്ചു. സത്യം തിരിച്ചറിയാൻ പ്രാപ്തിയുള്ളവരായിരുന്നു വിദ്യാർത്ഥികളും രക്ഷിതാക്കളും ബഹുജനങ്ങളും - അവർ കാര്യമായി പ്രതികരിച്ചില്ല. അദ്ധ്യാപകരും അനദ്ധ്യാപകരും (റിട്ടയർ ചെയ്തവരുൾപ്പെടെ) 130 ഓളം പേർ വന്നു. ബാക്കിവന്നവരെ കൂടി കൂട്ടിയാൽ 200ൽ താഴെയായിരുന്നു ഹാജർ. ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ ഫാ. ജോസഫ് പുത്തൻപുര സി.എം.ഐ കോളജ് സംബന്ധമായ ഏതു രേഖയും കറക്ററ് ചെയ്യാൻ പ്രിൻസിപ്പലിനധികാരമുണ്ടെന്നും അതൊക്കെ സാധാരണചെയ്യുന്ന കാര്യമാണെന്നും ഒരു ഉളുപ്പും കൂടാതെ പ്രസ്താവിച്ചു. കോളജ് അധികാരികൾ അററൻഡൻസ് രജിസ്റ്ററിൽ തിരിമറി നടത്തിയത് ന്യായീകരിക്കുകയായിരുന്നു മാനേജ്മെന്റിനുവേണ്ടി അദ്ദേഹം. ശബ്ദമുയർത്തിയും താഴ്ത്തിയും താക്കീതും ഭീഷണികളുമായി റവ. ഫാ. പുത്തൻപുര അരങ്ങുകൊഴുപ്പിച്ചു.

ഈ മീററിംഗിലാണ് മാന്നാനത്തെ മൂവിക്യാമറാചരിത്രം ആരംഭിക്കുന്നത്. എല്ലാ കാര്യങ്ങളും - ആളുകൾ വരുന്നതും പോകുന്നതുമുൾപ്പെടെ - ക്യാമറക്കണ്ണുകൾ ഒപ്പിയെടുക്കുന്നുണ്ടായിരുന്നു. രണ്ടേകാൽ മണിക്കൂർ സമയം അദ്ധ്യാപകരെ കുററപ്പെടുത്തിയും ഭർത്സിച്ചും വേദിയിലുണ്ടായിരുന്നവർ പ്രസംഗിച്ചു. അതിരമ്പുഴ പഞ്ചായത്തു പ്രസിഡന്റ് മാത്രം, "ധർണ നടത്തിയവർക്കെതിരെ എടുത്ത നടപടികൾ കുറച്ചു കൂടി ആലോചിച്ചു ചെയ്യേണ്ടതായിരുന്നു; യാദൃച്ഛികമായി അന്നിവിടെ വരാനിടയായ തനിക്ക് ഗുരുതരമായ കുഴപ്പം അദ്ധ്യാപകർ കാട്ടിയതായി തോന്നിയില്ല" എന്നു പറഞ്ഞു. അഞ്ചു മിനിട്ടെങ്കിലും സംസാരിക്കാൻ അനുവദിക്കണമെന്ന്തോമസ് ജോസഫ് ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല. ശിക്ഷയുടെ വാൾ ഓങ്ങപ്പെട്ടിരിക്കുന്നവർ അവിടെ നിന്നിറങ്ങിപ്പോന്നു.

തിങ്കളാഴ്ച (ജൂലൈ 14) കോളജിൽ മാനേജ്മെന്റിനനുകൂലമായി ഒരു ഒപ്പുശേഖരണം നടന്നു. ജൂലൈ 15ന്റെ പ്രകടനത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്നു രേഖപ്പെടുത്താനാവശ്യപ്പെട്ട് ഒരു രജിസ്റ്ററുമായി അററൻഡർമാർ അദ്ധ്യാപകരെ സമീപിച്ചു. തൊട്ടുപുറകെ വന്നു കുഴിച്ചാലിലച്ചന്റെ അവധി നിരോധന ഉത്തരവ്. ജൂലൈ 15ന് Casual Leave അനുവദിക്കുന്നതല്ല. നേരത്തെ കുററപത്രം ചാർത്തപ്പെട്ട ഏഴുപേരെ കൂടാതെ രണ്ടു പേർ (എം ജോർജ് സെബാസ്റ്റ്യൻ - കൊമേഴ്സ്, ജെ.എൽ.രാജൻ - കെമിസ്ട്രി) കൂടി അവധിക്കപേക്ഷിച്ചിരുന്നു. അതെല്ലാം Un authorised absence ആക്കപ്പെടുകയും ശമ്പളം നിഷേധിക്കുകയും ചെയ്തു.

ജൂലൈ 15ലെ മാർച്ച് മാന്നാനത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ്. എല്ലാ എതിർപ്പുകളെയും അവഗണിച്ച് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ അഭിമാനോജ്ജ്വലരായ നൂറുകണക്കിന് അദ്ധ്യാപകരും സർവീസ് സംഘടനാ പ്രതിനിധികളും വിദ്യാർത്ഥികളും യുവജനപ്രസ്ഥാന പ്രവർത്തകരും എ.കെ.പി.സി.ടി.എയുടെ കരുത്തരായ നേതാക്കൾ - പ്രസിഡന്റ് തോമസ് ജോസഫും ജനറൽസെക്രട്ടറി പ്രതാപചന്ദ്രൻനായരും നയിച്ച പ്രകടനത്തിൽ അണിചേർന്നു. അധാർമ്മികതയ്ക്കെതിരെ അവിടെ പ്രതിഷേധം അലയടിച്ചുയർന്നു. ബാങ്ക് ജംഗ്ഷനിൽ നിന്നാരംഭിച്ച പ്രകടനത്തിൽ രണ്ടായിരത്തോളം പേർ പങ്കെ

ടുത്തു. തികച്ചും സമാധാനപരമായി രുന്ന പ്രകടനം തിരികെ മാന്നാനം കവലയിലെത്തി പൊതുയോഗത്തോടെ സമാപിച്ചു. റാലിയെ അഭിസംബോധന ചെയ്ത മുൻമന്ത്രി ടി.ശിവദാസമേനോൻ ഉദാരമനസ്സോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മാനേജ്മെന്റിനെ ഉപദേശിച്ചു. "മിഷണറിമാർ കേരളത്തിലെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്; മഹത്തായ ആ പാരമ്പര്യം നിങ്ങൾ കളഞ്ഞുകുളിക്കരുത്; അഭിപ്രായം പ്രകടിപ്പിക്കാനും സംഘടിക്കാനും ജീവനക്കാർക്ക് അവകാശമുണ്ട്; അദ്ധ്യാപകരെ പ്രതികാരബുദ്ധിയോടെ സമീപിക്കാതെ ഒരു മേശയ്ക്കു ചുററുമിരുന്നു പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹരിക്കാൻ ശ്രമിക്കണം; ആശയപ്രവാഹത്തെ കോട്ടകൾകെട്ടി തടയാമെന്നു വ്യാമോഹിക്കരുത്;" അദ്ദേഹം ഉപദേശിച്ചു. രണ്ടു വീഡിയോ ഗ്രാഫർമാരെയും 'സ്റ്റിൽ ഫോട്ടോഗ്രാഫേഴ്സിനെയും വച്ച് മാനേജർ ഈ പ്രകടനം പകർത്തുന്നുണ്ടായിരുന്നു.

## കപടധാർമ്മികത

ഈ വർഷം ആഗസ്റ്റ് 15ന് മാന്നാനം കുന്നിലെ കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തകരുടെ പ്രാർത്ഥനാസംഗമ'മായി മാനേജ്മെന്റ് ആചരിക്കുകയുണ്ടായി. ഫാ. തോമസ് കാലായിലിന്റെ കൈയൊപ്പോടുകൂടിയ ക്ഷണക്കത്ത് (7-08-03) എല്ലാ അദ്ധ്യാപകർക്കും ലഭിച്ചിരുന്നു. ആ കത്തിൽ ഇങ്ങനെയൊരു വാക്യമുണ്ട് - "ആക്രമണപരമോ, സംഘടിതമോ ആയ യാതൊരു ലൗകികശക്തിയും ധാർമ്മികശക്തിക്കു മുമ്പിൽ അധികനാൾ പിടിച്ചുനിൽക്കുകയില്ലെന്നറിയുക". അദ്ധ്യാപകപീഡനം കൂടുതൽ ശക്തമാക്കിയത് ഈ പരിപാടിക്കുശേഷമായിരുന്നു.

പന്തൽസാധനങ്ങൾ തിരികെതരണമെന്നഭ്യർത്ഥിച്ചുകൊണ്ട് സംഘടനാസെക്രട്ടറിയായ പ്രൊഫ എ.പ്രതാപചന്ദ്രൻ നായർ മാനേജർക്കെഴുതി. പന്തൽപൊളിക്കാൻ ചെലവായ നൂറു രൂപയും ക്ഷമചോദിക്കലും വേണമെന്നായിരുന്നു ഫാ. കാലായിൽ ആവശ്യപ്പെട്ടത്. ടാർപ്പാളിന്റെയും മററു സാധനങ്ങളുടെയും വില, വാടക ഉൾപ്പെടെ 3000 രൂപ കൊടുക്കേണ്ടതുണ്ടായിരുന്നു. എ.കെ.പി.സി.ടി.എ യൂണിററംഗങ്ങൾ പിരിവെടുത്ത് അതു പരിഹരിച്ചു.

## തരംതാഴ്ത്തലും സസ്പെൻഷനും

കോളജ് മാനേജർ റവ. ഫാ. തോമസ് കാലായിൽ സി.എം.ഐ ആഗസ്റ്റ് 22 വെള്ളിയാഴ്ച ഇംഗ്ലീഷ് വകുപ്പുമേധാവി സ്ഥാനത്തു നിന്നും പ്രൊഫ. തോമസ് ജോസഫിനെ നീക്കം ചെയ്തു. ഡിപ്പാർട്ടുമെന്റിൽ ഏഴാംസ്ഥാനക്കാരിയായ റവ. സിസ്റ്റർ കെ.എം. ലീലാമ്മ സി.എം.സിയെ ആ സ്ഥാനത്തു പ്രതിഷ്ഠിച്ചു. ശനിയാഴ്ച പ്രസ്തുത ഉത്തരവ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. 22-ാം തീയതി പുറത്തിറങ്ങിയ മലയാളം വാരികയിൽ ഷാജി ജേക്കബ് എഴുതിയ 'അന്ത്യത്തോടടുക്കുന്ന അദ്ധ്യാപക സംഘടനകൾ' എന്ന ലേഖനത്തിന്റെ ഫോട്ടോ കോപ്പിയും ഒപ്പം നോട്ടീസ് ബോർഡിലിട്ടു.

സെപ്തംബർ മാസം 16-ാം തീയതി തോമസ് ജോസഫിനെ സർവീസിൽ നിന്നും അന്യായമയി സസ്പെൻഡ് ചെയ്തു. അദ്ധ്യാപകദ്രോഹനടപടികൾക്കെതിരെ നീതിതേടി കോടതിയിലെത്തിയതാണു സസ്പെൻഷനാധാരം.നിശ്ചിത യോഗ്യതയില്ലാത്ത ഫാ. കുഴിച്ചാലിൽ പ്രിൻസിപ്പൽ പദവി അനധികൃതമായി ദുർവിനിയോഗം ചെയ്യുന്നു എന്നതിനുപോദ്ബലകമായ രേഖകൾ തോമസ് ജോസഫ് കോടതിയിൽ സമർപ്പിച്ചിരുന്നു. ഓഫീസിൽ നിന്ന് അനുവാദമില്ലാതെ സീനിയോരിററി ലിസ്റ്റ്, DDO നിയമനം സംബന്ധിച്ച യൂണിവേഴ്സിററി ഉത്തരവ് (എല്ലാം പകർപ്പുകൾ) തുടങ്ങിയവ കടത്തിക്കൊണ്ടു പോവുകയും ചിലതിൽ കൃത്രിമം കാണിക്കുകയും ചെയ്തു എന്നതാണ് ആരോപണം.

ഫാ. കുഴിച്ചാലിൽ പ്രിൻസിപ്പലായി പ്രവർത്തിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള യൂണിവേഴ്സിററിയുടെ ഉത്തരവ് രഹസ്യരേഖയാകുന്നതെങ്ങനെ? എക്സസ് ടീച്ചേഴ്സിന്റെ പ്രൊട്ടക്ഷൻ സംബന്ധിച്ച് ഗവൺമെന്റ് നടത്തിയ അദാലത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഒരു സംസ്ഥാന പ്രസിഡന്റിന് അവിടെ സമർപ്പിക്കപ്പെട്ട രേഖകൾ കാണാനോ കോപ്പിയെടുത്ത് പഠിക്കാനോ ഉള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ട് എന്നറിയാതെയായിരിക്കുമോ സസ്പെൻഷൻ? പ്രശ്നം കോടതിയുടെ പരിഗണനയിലായതിനാൽ കൂടുതലൊന്നും ഇവിടെ ചർച്ചചെയ്യുന്നില്ല.

എ.കെ.പി.സി.ടി.എയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സംസ്ഥാന നേതാവിനെതിരെ സ്വകാര്യ മാനേജ്മെന്റ് വാളോങ്ങുന്നത്. ഇതിന് അവരെ പ്രേരിപ്പിച്ച മററുചില സാഹചര്യങ്ങൾ കൂടിയുണ്ട്. അതിന് ജൂൺ 25ന് മുമ്പുള്ള കാലത്തേക്ക് നാം കടക്കണം.

## വിദ്യാഭ്യാസക്കച്ചവടം

1964ൽ ഒരു ജൂനിയർ കോളജായി ആരംഭിച്ച കെ.ഇ.കോളജ് ഇന്ന് ആയിരത്തഞ്ഞൂറോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു വലിയ വിദ്യാഭ്യാസ സ്ഥാപനമാണ്. അടുത്തകാലത്തായി ഇവിടെ വിദ്യാർത്ഥി പ്രവേശനത്തിൽ കോഴ പിരിക്കുന്നു. എയിഡഡ് കോഴ്സു

കൾപോലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളായി നടത്തുന്നു. അഡ്മിഷൻ സംബന്ധമായി പാലിക്കേണ്ട പ്രധാനപ്പെട്ട നിയമങ്ങൾ പലതും കണ്ടില്ലെന്നു നടിക്കുന്നു. എ.കെ.പി.സി.ടി.എ, മാനേജ്മെന്റ് അഴിമതിയും കെടുകാര്യസ്ഥതയും പരസ്യമായി ചോദ്യംചെയ്തിട്ടുണ്ട്. ശരിയല്ലാത്തതിനെ വിമർശിച്ചിട്ടുണ്ട്. അധികൃതസ്ഥാനങ്ങളിൽ പരാതിപ്പെട്ടിട്ടുണ്ട്. അതുകൂടാതെ 'ഓഫ് ക്യാംപസ് സെന്ററെ'ന്ന പേരിൽ ആരംഭിച്ച, കനത്ത ഫീസ് കൊടുത്താൽ മാത്രം പഠിക്കാവുന്ന വിദ്യാഭ്യാസക്കച്ചവടസ്ഥാപനങ്ങൾക്കെതിരെ സംഘടന കൊടുത്ത കേസും പ്രശ്നമായി. കേരളത്തിൽ പലയിടത്തും ആരംഭിച്ച വിദ്യാഭ്യാസക്കച്ചവടകേന്ദ്രങ്ങൾക്ക് ഇതുമൂലം കഴിഞ്ഞ വർഷം ബുദ്ധിമുട്ടുണ്ടായി. മാന്നാനത്തുമുണ്ട് ഒരു ഓഫ് ക്യാംപസ് സെന്റർ. കോളജിനുപുറത്തു നടത്തിവരുന്ന സെന്ററിനുവേണ്ടി കെ.ഇ.കോളജിലെ കമ്പ്യൂട്ടർ ലാബും ലൈബ്രറിയും തുറന്നുകൊടുത്തിരിക്കുകയാണ്. റഗുലർ കോഴ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ മിക്കപ്പോഴും ലൈബ്രറിയിലില്ല. അതെല്ലാം ഓഫ് ക്യാമ്പസുകാരുടെ കൈയിലായിരിക്കും. യഥേഷ്ടം പണം പിരിക്കാവുന്ന, ആർക്കും ഒരു നിയന്ത്രണവുമില്ലാത്ത ഇത്തരം സ്ഥാപനങ്ങളെ റഗുലർ സിസ്റ്റത്തിന്റെ ഭാഗമാക്കി അവതരിപ്പിക്കാനുള്ള ഗൂഢശ്രമങ്ങളാണു മാന്നാനത്തു നടക്കുന്നത്.

മാനേജ്മെന്റിന്റെ താല്പര്യം സംരക്ഷിക്കുന്നവരെ താക്കോൽ സ്ഥാനങ്ങളിലിരുത്തി അധികാര ദുർവിനിയോഗം നടത്തുകയാണു ഫാ. കുഴിച്ചാലിൽ. തിരുവായ്ക്ക് എതിർവായുണ്ടായി - തോമസ് ജോസഫിൽ നിന്ന്. അതു മൂടിക്കെട്ടിയേ തീരു, അതിനാണു സസ്പെൻഷൻ. ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്തപ്പോൾ ഇംഗ്ലീഷ് ഡിഗ്രി വിദ്യാർത്ഥികൾ ഒരു ദിവസം ക്ലാസ് ബഹിഷ്ക്കരിച്ചു പ്രതിഷേധം പ്രകടിപ്പിച്ചു. അതിൽ പങ്കെടുത്ത പെൺകുട്ടികളെ ഹോസ്റ്റൽ (ഹോളി ഫാമിലി & പോപ് ജോൺ) വാർഡന്മാർ കഠിനമായി ശാസിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. വീട്ടിൽ നിന്നു രക്ഷകർത്താക്കളെ വിളിച്ചുവരുത്തി കുററപ്പെടുത്തി.

സെപ്ററംബർ 18ന് കേരളത്തിലെ കോളജ് കാമ്പസുകളിൽ അദ്ധ്യാപകർ തോമസ് ജോസഫിന്റെ സസ്പെൻഷനെതിരെ പ്രകടനം നടത്തി. മാന്നാനത്ത് 29 പേർ (വനിതകളടക്കം) ബാഡ്ജ് ധരിച്ച് പ്രകടനം നടത്തി പ്രതിഷേധിച്ചു. അന്നും വന്നു, മൂവിക്യാമറയും സ്റ്റിൽ ഫോട്ടോഗ്രാഫറും.

സെപ്തംബർ 20 ശനിയാഴ്ച സസ്പെൻഷനെതിരെ എ.കെ.പി.സി.ടി.എ മാന്നാനം കവലയിൽ പ്രതിഷേധ ധർണ നടത്തി. ഡോ. രാജൻ ഗുരുക്കൾ ധർണ ഉദ്ഘാടനം ചെയ്തു. കേരളത്തിലുടനീളം വിവിധ സർവീസ് സംഘടനകൾ ഈ അനീതിക്കെതിരെ പ്രതികരിച്ചു. പ്രകടനവും ധർണയും നടന്നു. കോട്ടയത്ത് സെപ്തംബർ 25 വ്യാഴം വൈകുന്നേരം പോസ്ററാഫീസിനു മുമ്പിൽ FESTOയുടെ ആഭിമുഖ്യത്തിൽ ഒരു ധർണ നടക്കുകയുണ്ടായി. രണ്ടു വൈദിക വിദ്യാർത്ഥികൾ തുടക്കത്തിൽ അവിടെ നിരീക്ഷകരായുണ്ടായിരുന്നു. അല്പം കഴിഞ്ഞപ്പോൾ അവർ അപ്രത്യക്ഷരായി. പിന്നീടു കാണുന്നത് ധർണ നടക്കുന്നതിനെതിർവശത്തുള്ള വൈ.എം.സി.എ കെട്ടിടത്തിന്റെ മുകളിൽ കയറി ടെലിസ്കോപിക് ക്യാമറയുപയോഗിച്ച് അവർ പടമെടുക്കുന്നതാണ്. ധർണയിൽ പ്രസംഗിച്ചുകൊണ്ടിരുന്ന സംഘടനാ നേതാവ് പറഞ്ഞു "വരൂ സഹോദരരേ; അടുത്തു വരൂ; ഇവിടെ വന്നു ക്ളോസപ്പ് എടുത്തോളൂ; വേണമെങ്കിൽ പേരും മേൽവിലാസവും കൂടി തരാം; നാളെ അല്ലെങ്കിൽ മററന്നാൾ ഞങ്ങൾ മാന്നാനത്തേക്കു വരാം; വരും!"

**വി.സി.ആന്റണി**
സെക്രട്ടറി,
എ.കെ.പി.സി.ടി.എ

## തോമസ് ജോസഫിന്റെ സസ്പെൻഷൻ പിൻവലിക്കണം

**വി. എസ്. അച്യുതാനന്ദൻ**

എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിന്റെ സസ്പെൻഷൻ പിൻവലിച്ച് അദ്ദേഹത്തെ സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്ചുതാനന്ദൻ മാന്നാനം കെ.ഇ.കോളജ് മാനേജ്മെന്റിനോട് ആവ്വശ്യപ്പെട്ടു.
അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യത്തിലുള്ള അസാധാരണമായ കടന്നാക്രമണമാണ് പ്രൊഫ. തോമസ് ജോസഫിന്റെ സസ്പെൻഷനിലൂടെ കെ.ഇ.കോളജ് മാനേജ്മെന്റ് നടത്തിയത്. മാനേജ്മെന്റുകളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്കെതിരെ അനേകം പോരാട്ടങ്ങളിലൂടെ അദ്ധ്യാപകർ നേടിയെടുത്ത സംഘടനാസ്വാതന്ത്ര്യം നിഷേധിക്കാനുള്ള നീക്കം ഒരിക്കലും അംഗീകരിക്കാനാകില്ല.
പ്രൊഫ. തോമസ് ജോസഫിനു നീതി ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ സർവ്വകലാശാലയും സംസ്ഥാനസർക്കാരും ഇടപെടണം. ഈ ഹീനമായ നീ

ക്കത്തെ ചെറുത്തുതോല്പിക്കാൻ കേരളത്തിലെ എല്ലാ ജനാധിപത്യ വിശ്വാസികളും രംഗത്തുവരുമെന്നു പ്രത്യാശിക്കുന്നതായും വി.എസ് പ്രസ്താവനയിൽ പറഞ്ഞു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ: കോളജുകളിൽ പ്രകടനവും യോഗവും

**എ.കെ.ജി.സി.ടി**

മാന്നാനം കെ.ഇ.കോളജ് അദ്ധ്യാപകനും എകെപിസിടിഎ സംസ്ഥാന പ്രസിഡന്റുമായ തോമസ്ജോസഫിന്റെ സസ്പെൻഷനെതിരെ വ്യാഴാഴ്ച കോളജുകളിൽ പ്രകടനവും യോഗവും നടത്താൻ എകെജിസിടി സംസ്ഥാന പ്രവർത്തകസമിതി തീരുമാനിച്ചു. നിയമസഭയിൽ പ്രഖ്യാപിച്ചതിനു വിരുദ്ധമായി സംഘടനാസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന നിർദേശങ്ങളാണ് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലമായി നൽകിയതെന്ന് യോഗം ചൂണ്ടിക്കാട്ടി.

വിദ്യാഭ്യാസകച്ചവടത്തിനെതിരായ പ്രക്ഷോഭങ്ങളെ തളർത്താൻ സ്വകാര്യ മാനേജ്മെന്റുകൾ നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് തോമസ്ജോസഫിന്റെ സസ്പെൻഷൻ. മെരിററ് സീററിൽ സർക്കാർ കോളജിലെ ഫീസ് എന്നത് അംഗീകരിക്കാത്ത സ്വാശ്രയ കോളജുകളുടെ അംഗീകാരം ഉടൻ പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

പ്രസിഡന്റ് കെ.കെ.വിശ്വനാഥൻ അദ്ധ്യക്ഷനായിരുന്നു. ജനറൽസെക്രട്ടറി ഡോ. ജെ.പ്രസാദ് റിപ്പോർട്ട് അവതരിപ്പിച്ചു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ: കോളജ് ക്യാമ്പസ്സുകളിൽ പ്രകടനം

**എസ്. എഫ്. ഐ**

പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് ബുധനാഴ്ച സംസ്ഥാനവ്യാപകമായി കാമ്പസുകളിൽ പ്രകടനം നടത്താൻ എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി ടി.വി. രാജേഷ് വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു.

സസ്പെൻഷൻ ഉടൻ പിൻവലിക്കാത്ത പക്ഷം കൂടുതൽ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിന് അദ്ധ്യാപകരോടൊപ്പം വിദ്യാർത്ഥികളും അണിനിരക്കുമെന്നും രാജേഷ് പറഞ്ഞു.

## തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്തത് പൗരസ്വാതന്ത്ര്യ നിഷേധം

**പി. കരുണാകരൻ**

എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ കെ.ഇ.കോളജ് മാനേജ്മെന്റ് സസ്പെൻഡ് ചെയ്തത് പൗരസ്വാതന്ത്ര്യ നിഷേധമാണെന്ന് സിപിഐഎം കേന്ദ്രകമ്മററിയംഗവും ദേശാഭിമാനി ജനറൽ മാനേജരുമായ പി.കരുണാകരൻ പറഞ്ഞു.

എഫ്എസ്ഇടിഒ ജില്ലാകമ്മിററി നേതൃത്വത്തിൽ കോട്ടയം ഹെഡ്പോസ്റ്റാപ്പീസിനു മുന്നിൽ സസ്പെൻഷനെതിരെ നടത്തിയ സായാഹ്ന ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംഘടിക്കാനും അഭിപ്രായം പറയാനുമുള്ള സ്വാതന്ത്ര്യം മൗലികാവകാശത്തിൽപ്പെടുന്നു. ഇത്തരം പ്രാഥമിക സ്വാതന്ത്ര്യം പോലും അനുവദിക്കില്ലെന്ന മാനേജ്മെന്റ് സമീപനം ഈ നൂററാണ്ടിന് ചേർന്നതല്ല. കാടത്ത നയസമീപനമാണത്. ജനങ്ങളെയാകെ അണിനിരത്തി മാനേജ്മെന്റിന്റെ കാട്ടാളത്തെ നേരിടാൻ കഴിയണം. ചോദ്യംചെയ്യാൻ ആരും ഇല്ലെന്ന ധാർഷ്ട്യമാണ് മാനേജ്മെന്റിന്റേത്. യുഡിഎഫ് സർക്കാരിന്റെ വിദ്യാഭ്യാസ കച്ചവടം കണ്ട് ആനന്ദം തോന്നുന്നവർക്കേ ഇത്തരം കാടത്തം കാട്ടാനാകൂ. കോടതിയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് കോടതിയിലൂടെ പരിഹാരം കാണാനുള്ള ഔചിത്യം മാനേജ്മെന്റ് കാണിക്കേണ്ടതായിരുന്നു.

ഏകീകൃത സർവ്വകലാശാല നിയമത്തിനെതിരെയുള്ള സമരം സംസ്ഥാന വ്യാപകമായി നടന്നെങ്കിലും ഇത്തരമൊരു പകപോക്കൽ ഇവിടെ മാത്രമാണുണ്ടായത്. ഇത് അനുവദിച്ചുകൊടുക്കാൻ കഴിയില്ല. സമൂഹത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തൊഴിലാളികളും കർഷകരുമെല്ലാം ചേർന്ന് നേടിയെടുത്ത അവകാശങ്ങൾ

സംരക്ഷിച്ചുനിർത്തിയേ തീരു. എകെപിസിടിഎയോടൊപ്പം എല്ലാ വിഭാഗം ജനങ്ങളും അണിനിരന്ന് കാടത്ത നയങ്ങളെ എതിർത്തു പരാജയപ്പെടുത്തുക തന്നെ ചെയ്യും - പി.കരുണാകരൻ പറഞ്ഞു.

ധർണയ്ക്ക് അഭിവാദ്യമർപ്പിച്ച് സിപിഐഎം സംസ്ഥാന കമ്മിററിയംഗം വി.ആർ.ഭാസ്കരൻ, പ്രൊഫ. കെ.സദാശിവൻ നായർ, യു.ചന്ദ്രശേഖരൻ, പി.പത്മകുമാർ, ഒ.എം.എ.കരിം, കെ.കെ.ശശികുമാർ, വി.സി.മോഹനൻ, പി.കെ.കരുണാകരൻ എന്നിവർ സംസാരിച്ചു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ: പ്രതിഷേധ പ്രകടനം

### എൻ.ജി.ഒ. യൂണിയൻ

മാന്നാനം കെ.ഇ.കോളജ് അദ്ധ്യാപകനും എകെപിസിടിഎ സംസ്ഥാന പ്രസിഡന്റുമായ പ്രൊഫ. തോമസ് ജോസഫിനെ സംഘടനാപ്രവർത്തനം നടത്തിയെന്ന പേരിൽ സസ്പെൻഡ് ചെയ്ത കോളജ് മാനേജ്മെന്റിന്റെ നടപടിയിൽ തലസ്ഥാനത്ത് ജീവനക്കാരുടെ പ്രതിഷേധമിരമ്പി. എൻജിഒ യൂണിയന്റെ നേതൃത്വത്തിൽ സെക്രട്ടറിയേററിനു മുന്നിലേക്ക് നടത്തിയ പ്രകടനത്തിൽ നൂറുകണക്കിന് ജീവനക്കാർ പങ്കെടുത്തു.

സംസ്ഥാന ട്രഷറർ കെ.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സി.പി.ആദിശങ്കരൻ സ്വാഗതം പറഞ്ഞു. ജി.വിജയകുമാർ, വിജയകുമാർ, ആ.ഗീതാഗോപാൽ, കെ.വിജലകുമാർ, കെ.ഡി.രാജശേഖര പണിക്കർ, എസ്.ശ്രീകണ്ഠേശൻ എന്നിവർ നേതൃത്വം നൽകി.

പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് ബുധനാഴ്ച സംസ്ഥാന വ്യാപകമായി കാമ്പസുകളിൽ പ്രകടനം നടത്തുമെന്ന് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി ടി.വി.രാജേഷ് അറിയിച്ചു. ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ ധർണ നടത്തിയതാണ് തോമസ് ജോസഫിനു മേൽ ആരോപിക്കുന്ന കുററം.

സംഘടനാ പ്രവർത്തനം തടസ്സപ്പെടുത്തി സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാമെന്ന് മാനേജ്മെന്റുകൾ കരുതേണ്ട - പ്രസ്താവനയിൽ പറഞ്ഞു.




## സസ്പെൻഷൻ: വിദ്യാഭ്യാസ സമിതി പ്രതിഷേധിച്ചു

എകെപിസിടിഎ സംസ്ഥാനപ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ മാന്നാനം കെ.ഇ.കോളജ് അധികൃതർ സസ്പെൻഡ് ചെയ്തതിൽ കേരള വിദ്യാഭ്യാസസമിതി പ്രതിഷേധിച്ചു. സസ്പെൻഷൻ ഉടൻ പിൻവലിക്കണമെന്ന് സമിതി കോളജ് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു.

കേരള ഹൈക്കോടതി കാമ്പസ് രാഷ്ട്രീയത്തെപ്പററി പുറപ്പെടുവിച്ച അവ്യക്തമായ ഒരു വിധിന്യായത്തിന്റെ മറവിലാണ് അദ്ധ്യാപകരുടെ അഭിപ്രായപ്രകടനസ്വാതന്ത്ര്യവും സംഘടിക്കാനുള്ള സ്വാതന്ത്ര്യവും മാനേജ്മെന്റ് നിഷേധിക്കുന്നത്.

ഇക്കാര്യത്തിൽ കേരള സർക്കാരിന്റെ പ്രതിലോമപരമായ നിലപാടാണ് കോളജ് മാനേജ്മെന്റിന് യഥേഷ്ടം പ്രവർത്തിക്കാൻ പ്രോത്സാഹനം നൽകുന്നത്. അദ്ധ്യാപകർക്കുള്ള മൗലികാവകാശങ്ങളെ ചവിട്ടിമെതിക്കാമെന്ന വ്യാമോഹം ഗവൺമെന്റിനോ മാനേജ്മെന്റിനോ വേണ്ട. എല്ലാ നീതിവിരുദ്ധമായ നയങ്ങളെയും നടപടികളെയും അക്കാദമിക് സമൂഹം എതിർത്തുതോൽപ്പിക്കുമെന്ന് സമിതി ചെയർമാൻ പ്രൊഫ. നൈനാൻകോശി

പറഞ്ഞു. പ്രൊഫ. തോമസ് ജോസഫി നെ ഉടൻ തിരിച്ചെടുക്കണമെന്ന് ഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻസ് ജനറൽ സെക്രട്ടറി ഡോ. എ.ആർ.രാജൻ ആവശ്യപ്പെട്ടു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ: പിൻവലിക്കണം

**കെ.എസ്.ടി.എ**

പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്ന് കെഎസ്ടിഎ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരിയും കേരള പഞ്ചായത്ത് എംപ്ളോയീസ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.പി.ജനാർദനനും വ്യത്യസ്ത പ്രസ്താവനകളിൽ ആവശ്യപ്പെട്ടു. അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം വിലക്കുകയില്ലെന്ന് വിദ്യാഭ്യാസ പ്രക്ഷോഭ വേളയിൽ വിദ്യാഭ്യാസമന്ത്രി ഉറപ്പുനൽകിയ സാഹചര്യത്തിൽ ഈ നടപടി പ്രതിഷേധാർഹമാണെന്ന് കെഎസ്ടിഎ പ്രസ്താവനയിൽ പറഞ്ഞു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ നടപടി പിൻവലിക്കുക.

**സി.യു.ഇ.ഒ, എഫ്.എസ്.ഇ.ടി.ഒ, കെ.ജി.ഒ.എ, എൻ.ടി.എസ്.യു, എസ്.എഫ്.ഐ, ശാസ്ത്രസാഹിത്യ പരിഷത്ത്, എ.കെ.ജി.സി.ടി.**

കാമ്പസുകളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കാൻ സർക്കാരിന്റെ മൗനാനുവാദത്തോടെ മാനേജ്മെന്റുകൾ നടത്തുന്ന ഗൂഢശ്രമങ്ങൾ ഉപേക്ഷിക്കണമെന്ന് കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി എംപ്ളോയീസ് ഓർഗനൈസേഷൻസ് ജനറൽ സെക്രട്ടറി ആർ.രാമചന്ദ്രൻ ആവശ്യപ്പെട്ടു.

തോമസ്ജോസഫിനെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്ന് എഫ്എസ്ഇടിഒ ജനറൽസെക്രട്ടറി സി.എച്ച്.അശോകൻ ആവശ്യപ്പെട്ടു.

പ്രൊഫ. തോമസ് ജോസഫിന്റെ സസ്പെൻഷൻ പിൻവലിച്ചില്ലെങ്കിൽ അതിശക്തമായ പ്രക്ഷോഭം ഉയർത്താൻ അദ്ധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും നിർബന്ധിതരാകുമെന്ന് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി പ്രസ്താവനയിൽ പറഞ്ഞു.

പ്രൊഫ. തോമസ് ജോസഫിനെ അന്യായമായി സസ്പെൻഡു ചെയ്തതിൽ കേരള ഗസററഡ് ഓഫീസേഴ്സ് അസോസിയേഷൻ പ്രതിഷേധിച്ചു. സസ്പെൻഷൻ ഉടനടി പിൻവലിച്ച് അദ്ദേഹത്തെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് കെജിഒഎ ജനറൽ സെക്രട്ടറി കെ.ശിവകുമാർ ആവശ്യപ്പെട്ടു.

തോമസ് ജോസഫിന്റെ സസ്പെൻഷൻ പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് നോൺ ടീച്ചിംങ് സ്റ്റാഫ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ടി.കെ.ബാലനും ജനറൽ സെക്രട്ടറി വി.കെ.ജയനും വാർത്താക്കുറിപ്പിൽ അറിയിച്ചു.

പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത മാനേജ്മെന്റ് നടപടി എത്രയും പെട്ടെന്ന് പിൻവലിക്കണമെന്ന് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി ടി.വി.രാജേഷ് ആവശ്യപ്പെട്ടു.

അദ്ധ്യാപകനെ സസ്പെൻഡ് ചെയ്തതിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്ന് പുറത്താക്കിയ നടപടിയും പിൻവലിക്കണം. അല്ലെങ്കിൽ അദ്ധ്യാപകസംഘടനകളോടൊപ്പം എസ്എഫ്ഐയും സമരത്തിനിറങ്ങുമെന്ന് രാജേഷ് അറിയിച്ചു.

പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്തതിൽ ശാസ്ത്രസാഹിത്യ പരിഷത്ത് പ്രതിഷേധിച്ചു. കേരളത്തിലെ വിദ്യാലയാന്തരീക്ഷം ഇത്തരം അനാശാസ്യ നടപടി മൂലം കൂടുതൽ വഷളാകാതിരിക്കാൻ ഇടപെടണമെന്ന് പരിഷത്ത് പ്രസിഡന്റ് പ്രൊഫ. കെ.പാപ്പൂട്ടിയും ജനറൽസെക്രട്ടറി ഡോ. എൻ.കെ.ശശിധരൻ പിള്ളയും സർക്കാരിനോട് ആവശ്യപ്പെട്ടു.

എകെപിസിടിഎ സംസ്ഥാന പ്രസിഡന്റും മാന്നാനം കെ.ഇ. കോളജ് അദ്ധ്യാപകനുമായ തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത മാനേജ്മെന്റ് നടപടി ഉടൻ പിൻവലിക്കണമെന്ന് എകിജിസിടി ജനറൽ സെക്രട്ടറി ഡോ. ജെ.പ്രസാദ് ആവശ്യപ്പെട്ടു. ഏകീകൃത സർവ്വകലാശാലാ ബില്ലിനെതിരെ കോളജ് കാമ്പസിനുപുറത്ത് സത്യഗ്രഹം നടത്തുന്നതിന് നേതൃത്വം നൽകിയ തോമസ് ജോസഫിനെ സർവീസിൽനിന്ന് പുറത്താക്കുകയെന്ന ഉദ്ദേശ്യത്തോടെ ബോധപൂർവ്വമായ ശ്രമങ്ങൾ ഏതാനും മാസങ്ങളായി മാനേജ്മെന്റ് നടത്തിവരികയായിരുന്നു. നിരവധി കേസുകൾ ഈ അദ്ധ്യാപകനെതിരെ മാനേജ്മെന്റ് നൽകി.

മാനേജ്മെന്റിന്റെ ജനാധിപത്യവിരുദ്ധ നടപടികളെ ജനാധിപ

തൃരീതിയിൽ ചോദ്യംചെയ്തതിനെതിരെയാണ് ഇപ്പോഴത്തെ സസ്പെൻഷൻ. എത്രയുംവേഗം സസ്പെൻഷൻ പിൻവലിച്ചില്ലെങ്കിൽ മററു സംഘടനകളുമായി കൂടിയാലോചിച്ച് ശക്തമായ പ്രക്ഷോഭനടപടികൾ ആരംഭിക്കുമെന്ന് ഡോ. പ്രസാദ് പ്രസ്താവനയിൽ പറഞ്ഞു.

## പ്രതിഷേധ കൂട്ടായ്മ

എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്ത മാന്നാനം കെ.ഇ.കോളജ് മാനേജ്മെന്റ് നടപടിക്കെതിരെ പ്രതിഷേധ കൂട്ടായ്മയും കാമ്പസുകളിൽ പ്രകടനവും നടന്നു. അദ്ധ്യാപക ഭവനിൽ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ നടന്ന കൂട്ടായ്മയിൽ പ്രമുഖർ പങ്കെടുത്തു. എകെജിസിടിയുടെ നേതൃത്വത്തിൽ കാമ്പസുകളിൽ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും പ്രകടനം നടത്തി. വിശദീകരണയോഗങ്ങളും നട



ന്നു. തിരുവനന്തപുരത്ത് നടന്ന പ്രതിഷേധ കൂട്ടായ്മ പ്രൊഫ. നൈനാൻകോശി ഉദ്ഘാടനം ചെയ്തു.

ടി.നാരായണൻ അദ്ധ്യക്ഷനായിരുന്നു. മുൻ നിയമസഭാ സെക്രട്ടറിയും നിയമവിദഗ്ധനുമായ ഡോ. എൻ.കെ.ജയകുമാർ, എൻജിഒ യൂണിയൻ ട്രഷറർ കെ.രാജേന്ദ്രൻ, കെഎസ്ടിഎ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി, എകെജിസിടി ജനറൽ സെക്രട്ടറി ഡോ. ജെ.പ്രസാദ്, സെക്രട്ടറിയററ് എംപ്ളോയീസ് അസോസിയേഷൻ, ജനറൽ സെക്രട്ടറി വേലായുധൻനായർ, യൂണിവേഴ്സിററി എംപ്ളോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി ആർ.രാമചന്ദ്രൻ, കെജിഒഎ ജനറൽ സെക്രട്ടറി പി.എം.വാസുദേവൻ എന്നിവർ സംസാരിച്ചു. പി.കെ.രാജ്മോഹൻ സ്വാഗതവും എം.ഷാജഹാൻ നന്ദിയും പറഞ്ഞു.

## തോമസ് ജോസഫിന്റെ സസ്പെൻഷനെതിരെ സായാഹ്ന ധർണ്ണ

പ്രൊഫ. തോമസ് ജോസഫിനെ അന്യായമായി സസ്പെൻഡു ചെയ്ത മാന്നാനം കെ.ഇ.കോളജ് മാനേജ്മെന്റിന്റെ നടപടിക്കെതിരെ ജീവനക്കാരും അദ്ധ്യാപകരും സെക്രട്ടറിയേററിനു മുന്നിൽ സായാഹ്ന ധർണ നടത്തി. എഫ്എസ്ഇടിഒ നേതൃത്വത്തിൽ നടന്ന ധർണ സിപിഐഎം സംസ്ഥാന സെക്രട്ടറിയേററംഗം തോമസ് ഐസക് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ധർണയിൽ നൂറുകണക്കിന് ജീവനക്കാർ പങ്കെടുത്തു. അദ്ധ്യാപക സർവീസ് സംഘടനാനേതാക്കളായ ശിവകുമാർ, കെ.മോഹനൻ, വി.വേലായുധൻ നായർ, ശശിധരൻനായർ, രാമചന്ദ്രൻ നായർ, എസ്.ശശിധരൻ, എസ്.ശ്രീകണ്ഠേശൻ, എം.ഷാജഹാൻ എന്നിവർ സംസാരിച്ചു.

## തോമസ് ജോസഫിന്റെ സസ്പെൻഷൻ പിൻവലിക്കണം

### സി.യു.ഇ.എ

എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ സർവീസിൽനിന്നു സസ്പെൻഡ് ചെയ്ത മാന്നാനം കെ.ഇ.കോളജ് മാനേജ്മെന്റിന്റെ നടപടി സംഘടനാസ്വാതന്ത്ര്യത്തിനുനേരെയുള്ള വെല്ലുവിളിയാണെന്ന് കൊച്ചിൻ യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻ പ്ര

സ്താവനയിൽ പറഞ്ഞു. ഇതിനെതിരെ സമൂഹത്തിൽ നിന്നുയരുന്ന പ്രതികരണം മാനിച്ച് ഈ തീരുമാനത്തിൽനിന്ന് കെ.ഇ.കോളജ് മാനേജ്മെന്റ് പിന്തിരിയണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

# സംഘടനാ സ്വാതന്ത്ര്യ നിഷേധത്തിനെതിരെ പ്രതിഷേധ ധർണ്ണ

## എ.കെ.പി.സി.ടി.എ



പ്രൊഫ. തോമസ് ജോസഫിൻെറ സസ്പെൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഫ്.എസ്.ഇ.ടി.ഒ തിരുവനന്തപുരം ജില്ലാകമ്മിററിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേററിന് മുന്നിൽ നടന്ന സായാഹ്ന ധർണ്ണ ഡോ. തോമസ് ഐസക് എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു.





# സമരപ്രഖ്യാപന റാലിയും കൺവെൻഷനും

**എ.കെ.പി.സി.ടി.എ**





എ.കെ. പി. സി. ടി. എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. തോമസ് ജോസഫിനെതിരെയുള്ള മാന്നാനം കോളജ് മാനേജ്മെൻറ് നടപടികളിൽ പ്രതിഷേധിച്ച് കോട്ടയത്ത് ചേർന്ന ജനകീയ കൂട്ടായ്മ സുരേഷ് കുറുപ്പ് എം. പി. ഉദ്ഘാടനം ചെയ്യുന്നു.

# തോമസ് ജോസഫിൻെറ സസ്പെഷൻ പിൻവലിച്ചു.

Kuriakose Elias College
Mannanam

Mannanam P.O., Kottayam
Kerala INDIA- 688 561
Ph: Off :0481-2597374, 2597074, 2591980
E-mail: kecmnm@vsnl.com
website:www.kecollegemannam.com

*NAAC accredited Four Star College affiliated to Mahatma Gandhi University*

From
The Manager
Kuriakose Elias College,
Mannanam

To
Sri. Thomas Joseph
Selection Grade Lecturer
K.E.College, Mannanam
Residing at Nazareth House
Thellakom P.O., Kottayam

Sir,

Sub:- Revocation of Suspension order and withdrawal of Memo of charges, reg.
Ref:- i. Suspension Order dated 15-09-2003
ii. Memo of charges dated 18-09-2003

In view of a cordial relationship between the Management and the Staff of Kuriakose Elias College, Mannanam, and as a sign of the benevolence and good will of the Management, moved by Christian Charity and kindness, and taking into consideration the persuasion of some of the teachers and the well-wishers of the institution, I do hereby revoke the order suspending you from service, vide ref (i) above, and withdraw the Memo of charges against you, vide ref (ii) above, with effect from 10-10-2003. The Management hopes that you will reciprocate this good gesture by co-operating with the Management in all its pursuits to maintain discipline and congenial atmosphere in the institution.

Yours truly,
Fr. (Dr) Thomas Kalayil CMI
Manager

സത്യസന്ധതയ്ക്ക്
ജനലക്ഷങ്ങളുടെ അംഗീകാരം

**കേരളത്തിന്റെ
മഹത്തായ
വസ്ത്രസാമ്രാജ്യം**

# മഹാരാജാ
## സൂപ്പർ മാർക്കറ്റ്

ഡർബാർ ഹാൾ റോഡ്, എറണാകുളം

# കെ. ഇ.കോളജ്, മാന്നാനം കലാലയ സംരക്ഷണസമിതി രൂപീകരിച്ചു.

## കെ. ഇ.കോളജ് സ്വകാര്യസ്വത്തോ?

അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും സംഘടനാസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് കഴിഞ്ഞ 3 മാസമായി കെ. ഇ.കോളജ് മാനേജ്മെന്റ് സ്വീകരിച്ചുവരുന്ന ജനാധിപത്യവിരുദ്ധ നടപടികൾക്കെതിരെ ഉയർന്നുവരുന്ന ജനകീയ പ്രതിരോധത്തെ കോളജ് അടച്ചിട്ടുകൊണ്ട് നേരിടുമെന്ന് മാനേജ്മെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. 1964-ൽ ആണ് കെ. ഇ.കോളജ് നിലവിൽ വന്നത്. അന്ന് 4 പ്രീഡിഗ്രി ബാച്ചുകളിലായി 292 വിദ്യാർഥികളാണ് കോളജിൽ പഠനം ആരംഭിച്ചത്. ഇന്നാകട്ടെ, 1500 ഓളം വിദ്യാർഥികൾക്ക്, 12 ഡിഗ്രി കോഴ്സുകളിലും 5 പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളിലുമായി പഠനസൗകര്യമുള്ള ബൃഹത്തായ ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനമായി കോളജ് വളർന്നിരിക്കുന്നു. ഈ വളർച്ചയുടെ ക്രെഡിറ്റ് മാനേജ്മെന്റിനുമാത്രം അവകാശപ്പെട്ടതല്ല. സർക്കാരിന്റെയും നാട്ടുകാരുടെയും വമ്പിച്ച സാമ്പത്തികസഹായവും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും അർപ്പണബോധത്തോടെയുള്ള പ്രവർത്തനവും ഇതിനു പിന്നിലുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സമ്പ്രദായത്തിൽ ആരംഭിച്ച കോളജിൽ 72 മുതൽ സർക്കാർ നേരിട്ടാണ് ശമ്പളം നൽകുന്നത്. ആവർത്തനച്ചിലവിന്റെ 98% ഉം സർക്കാർ വഹിക്കുന്നു. അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും വികസിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളും യു.ജി.സി.യും മററ് ഫണ്ടിംഗ് ഏജൻസികളും ധാരാളമായി പണം നിക്ഷേപിച്ചിട്ടുണ്ട്. പൗരന്റെ നികുതിപ്പണമാണ് ഇത്തരത്തിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമെയാണ് രക്ഷിതാക്കളിൽ നിന്നും അദ്ധ്യാപകരിൽനിന്നും മാനേജ്മെന്റ് നടത്തിയിട്ടുള്ള പണപ്പിരിവ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സൗജന്യ ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്ക് ലഭ്യമാക്കും എന്ന പൊതുധാരണയുടെ അടിസ്ഥാനത്തിലാണ് സർക്കാരും സമൂഹവും ഇത്തരത്തിൽ ധനസഹായം നൽകിയിട്ടുള്ളത്. എന്നാൽ ഈ സാമൂഹ്യ ഉടമ്പടിയെ (Social Contract) നിരാകരിക്കുന്ന സമീപനമാണ് അടുത്തകാലത്തായി മാനേജ്മെന്റിന്റെ പക്കൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ പൊതുസ്വത്തായ കോളജിനെ അതിന്റെ നാമമാത്ര അവകാശികൾ മാത്രമായ മാനേജ്മെന്റിന്റെ സ്വകാര്യസ്വത്താക്കി മാററാനുള്ള ഗൂഢപദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. ഇതിനെതിരെയുള്ള പ്രതിഷേധത്തെ നേരിടുന്നതിന്റെ ആദ്യപടിയായി നൂറുവർഷത്തിലേറെ

യായി പൊതു ഉപയോഗത്തിലിരിക്കുന്ന മാന്നാനം - മററപ്പള്ളി റോഡ് അടച്ചുകെട്ടി മാനേജ്മെന്റ് സ്വകാര്യ സ്വത്തായി പ്രഖ്യാപിച്ചിരിക്കുകയാണ്.

## എയിഡഡ് വിദ്യാഭ്യാസം തകർക്കുന്നു

എയിഡഡ് സ്ഥാപനമായി രൂപവൽക്കരിക്കപ്പെട്ട കെ. ഇ.കോളജിനെ "സ്വാശ്രയ" സ്ഥാപനമാക്കിമാററാനുള്ള ഒരു പദ്ധതി മാനേജ്മെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ പൊതു നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ട ക്ലാസ്മുറികളും ലൈബ്രറിയും ലാബറട്ടറിയും കമ്പ്യൂട്ടർ സെന്ററും എല്ലാം ഉപയോഗിച്ചുകൊണ്ടും സർക്കാരിന്റെ ശമ്പളം പററുന്ന അദ്ധ്യാപകരുടെ "സേവനം" പ്രയോജനപ്പെടുത്തിയും സ്വകാര്യമുതൽമുടക്കില്ലാതെ "സ്വാശ്രയ" കോഴ്സുകൾ നടത്തി സ്വകാര്യ ലാഭമുണ്ടാക്കുകയാണ് മാനേജ്മെന്റ്. പോസ്റ്റ് ഗ്രാഡ്വേററ് തലത്തിൽ മാത്തമാററിക്സിനും ബയോടെക്നോളജിക്കും ഇത്തരം കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞു. എയിഡഡ് കോഴ്സായി ആരംഭിച്ച എം.എസ്.സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും യു.ജി.സി. ധനസഹായത്തോടെ ആരംഭിച്ച ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി. എസ്. സി. ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് എന്നീ കോഴ്സുകളും പൂർണ്ണമായും "സ്വാശ്രയ" കോഴ്സുകളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വമ്പിച്ച ഫീസ് അനധികൃതമായി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുകയാണ്. സ്വാശ്രയ കോഴ്സുകളായി കോളജിനു പുറത്ത് മാനേജ്മെന്റ് നടത്തിവരുന്ന എം.സി.എ., എം.എസ്.സി. ഐ.ടി., എം.ബി.എ., ബി.എൽ.ഐ.എസ്. സി എന്നീ കോഴ്സുകൾ ക്യാമ്പസിനകത്തേക്ക് പറിച്ചുനടാനുള്ള രഹസ്യനീക്കവും നടക്കുന്നു. ഇപ്പോൾത്തന്നെ കോളജിന്റെ ലൈബ്രറിയും കമ്പ്യൂട്ടർ സെന്ററും ഈ കോഴ്സുകളുടെ നടത്തിപ്പിനായി ഉപയോഗിക്കുന്നു. എയിഡഡ് കോഴ്സുകളിൽ പഠിക്കുന്ന താരതമ്യേന സാമ്പത്തികശേഷി കുറഞ്ഞ വിദ്യാർത്ഥികളുടെ പരിമിതമായ പഠനസൗകര്യങ്ങൾ ഇത്തരത്തിൽ കവർന്നെടുത്തുകൊണ്ട് മാനേജ്മെന്റ് സ്വാശ്രയക്കാർക്ക് സൗജന്യസേവനം' നടത്തുകയാണ്. സ്വാശ്രയകോഴ്സുകളുടെ എണ്ണം പടിപടിയായി വർദ്ധിപ്പിച്ചുകൊണ്ട് എയിഡഡ് കോഴ്സുകൾ നിർത്തലാക്കുകയാണ് മാനേജ്മെന്റിന്റെ ദീർഘകാല പദ്ധതി. ഇത്തരം സമ്പ്രദായങ്ങൾ നിയമവിധേയമാകത്തക്കവിധം മാനേജ്മെന്റുകളെ കയറൂരിവിടാൻ ഉദ്ദേശിച്ചുള്ള ഏകീകൃത സർവ്വകലാശാലാ നിയമ നിർമ്മാണത്തിനെതിരെ വ്യവസ്ഥാപിതമായ രീതിയിൽ പ്രതിഷേധിച്ച അദ്ധ്യാപകരുടെമേൽ പ്രതികാരനടപടികൾ സ്വീകരിക്കാനാണ് മാനേജ്മെന്റ് മുതിർന്നത്. പ്രതിഷേധിച്ചവരുടെ ശമ്പളം തടഞ്ഞു. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റും കെ. ഇ.കോളജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് തലവനുമായ പ്രൊഫ.തോമസ് ജോസഫിനെ തരംതാഴ്ത്തി. പകരക്കാരിയായി ഡിപ്പാർട്ട്മെന്റിലെ 7-ാം സ്ഥാനക്കാരി റവ.സിസ്റ്റർ കെ.എം.ലീലാമ്മ സി.എം.സിയെ മാനേജർ റവ.ഫാദർ തോമസ് കാലായിൽ സി. എം.ഐ. നിയമിച്ചു. നീതിതേടി കോടതിയിലെത്തിയ തോമസ് ജോസഫിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. വിമർശിക്കുന്നവർക്കെതിരെ വാളോങ്ങിയും അനുസരണയുള്ള കുഞ്ഞാടുകൾക്ക് അനർഹമായ ആനുകൂല്യങ്ങൾ വാരിക്കോരി നൽകിയും നിയമവാഴ്ചയും നീതിനിർവ്വഹണവും മാനേജ്മെന്റ് കാററിൽ പറത്തിയിരിക്കുകയാണ്.

## വിദ്യാർത്ഥി പ്രവേശനത്തിലെ അഴിമതി

എയിഡഡ് സ്ഥാപനത്തിൽ അൺ എയിഡഡ് കോഴ്സുകൾ നടത്തി വിദ്യാഭ്യാസക്കച്ചവടം നടത്തുന്നതിനു പുറമെ, എയിഡഡ് കോഴ്സുകളുടെ അഡ്മിഷൻ വ്യവസ്ഥകൾ അട്ടിമറിച്ചുകൊണ്ടും മാനേജ്മെന്റ് അനധികൃതമായി സ്വത്ത് സമ്പാദിച്ചുകൂട്ടുന്നു. 2003-2004ലെ ഒന്നാം വർഷ ബി.കോം. വിദ്യാർത്ഥി പ്രവേശനത്തിൽ മാത്രം 40 സീററുകളുള്ള ബാച്ചിൽ 58 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ട്. 50% മെറിററ്റിസ്ഥാനത്തിൽ 29 വിദ്യാർത്ഥികൾക്കു പകരം 16 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിയിരിക്കുന്നത്. എസ്.സി. /എസ്.ടി. വിഭാഗത്തിൽ 20% റിസർവേഷൻ പ്രകാരം 12 സീററിനുപകരം 2 സീററുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ശേഷിച്ച സീററുകൾ ലേലം വിളിച്ച് വൻതുക സമ്പാദിച്ചതായി ആക്ഷേപമുണ്ട്. മററു കോഴ്സുകളുടെ അഡ്മിഷൻ കാര്യത്തിലും കോഴ കൊടികുത്തിവാഴുന്നു. മെരിററുസീററിൽ പ്രവേശനം ലഭിച്ച കുട്ടികളിൽനിന്നു പോലും ആയിരക്കണക്കിനു രൂപാ അനധികൃതമായി കൈപ്പററിയതായി പറയപ്പെടുന്നു. വാങ്ങിയ പണത്തിന് ഇതേവരെ രസീതുപോലും നൽകിയിട്ടില്ല.

## ഡി.ഡി.ഒ.പ്രിൻസിപ്പൽ ചമയുന്നു

ഇത്തരം നെറികെട്ട വിദ്യാഭ്യാസക്കച്ചവടത്തിനു ചുക്കാൻ പിടിക്കുന്നത് പ്രിൻസിപ്പലായി സ്വയം അവരോധിച്ച റവ.ഫാ.ജോസഫ് കുഴിച്ചാലിൽ സി. എം. ഐ. ആണ്. യഥാർത്ഥത്തിൽ അദ്ദേഹം പ്രിൻസിപ്പലല്ല. സർക്കാരിൽ നിന്നും അദ്ധ്യാപകർക്കും വിദ്യാർത്ഥി

കൾക്കും കിട്ടേണ്ട പണം വാങ്ങി നൽകാൻ ചുമതലപ്പെട്ട ഡി.ഡി.ഒ. (Drawing & Disbursing Officer) മാത്രമാണ്. പ്രിൻസിപ്പലിന്റെ മററു ചുമതലകളൊന്നും റവ.ഫാ.ജോസഫ് കുഴിച്ചാലിൽ സി.എം.ഐ. നിർവ്വഹിക്കരുതെന്ന് യൂണിവേഴ്സിററി ഉത്തരവിലൂടെ (No. Acad. B-IV-2/Misc/88 dated 5/3/2001) പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ ഉത്തരവ് ലംഘിച്ചുകൊണ്ടാണ് മുൻപ്രിൻസിപ്പലായ ജയിംസച്ചന്റെ ആകസ്മിക നിര്യാണത്തെത്തുടർന്നുണ്ടായ വേക്കൻസിയിൽ കഴിഞ്ഞ രണ്ടര വർഷക്കാലമായി റവ.ഫാ.ജോസഫ് കുഴിച്ചാലിൽ സി. എം. ഐ. അനധികൃതമായി ഭരണം നടത്തുന്നത്. നിയമാനുസൃതമായി ആഴ്ചയിൽ 16 മണിക്കൂർ ക്ലാസ്സെടുക്കാൻ ബാദ്ധ്യസ്ഥനായ അദ്ദേഹം മൂന്നുമണിക്കൂർ മാത്രം പഠിപ്പിച്ചുകൊണ്ടാണ് പൊതുഖജനാവിൽ നിന്നും ശമ്പളം പററുന്നത്. പ്രിൻസിപ്പലിന്റെ കസേരയിൽ അള്ളിപ്പിടിച്ചിരുന്നുകൊണ്ട് റവ. ഫാ.ജോസഫ് കുഴിച്ചാലിൽ കോളജിന്റെ ദൈനംദിന ഭരണം അവതാളത്തിലാക്കിയിരിക്കുകയാണ്. സ്റ്റാഫ് മീററിംഗ് വിളിക്കാറില്ല. കൗൺസിൽ കൂടാറില്ല. പൊതുചർച്ചയിലൂടെ തീരുമാനങ്ങൾ എടുക്കാറില്ല. ഇഷ്ടക്കാരെ താക്കോൽ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ച് തന്നിഷ്ടപ്രകാരം അദ്ദേഹം കോളജ് ഭരിക്കുന്നു.

## സംരക്ഷണസമിതിയുടെ പ്രസക്തി

സ്വതന്ത്രമായി ചിന്തിക്കുകയും അഭിപ്രായം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വേട്ടയാടിക്കൊണ്ട് പൊതുമുതൽ കവർന്നെടുക്കാനുള്ള കെ. ഇ.കോളജ് മാനേജ്മെന്റിന്റെ ശ്രമം ചെറുത്തു തോൽപിക്കേണ്ടതുണ്ട്. കോളജിന്റെ ദൈനംദിന ഭരണത്തിലുള്ള അരാജകത്വം അവസാനിപ്പിക്കണം. സർക്കാരിന്റെ ശമ്പളം പററുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും സൗജന്യവിദ്യാഭ്യാസത്തിന് അവസരം സിദ്ധിച്ച വിദ്യാർത്ഥികളും തങ്ങളുടെ പ്രാഥമികകർത്തവ്യങ്ങൾ കൃത്യമായും നിറവേററുന്നു എന്ന് ഉറപ്പുവരുത്തണം. ഇന്നാട്ടിലെ പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും സൗജന്യമായി ഉന്നതവിദ്യാഭ്യാസം നേടാനുള്ള "എയിഡഡ്" സ്ഥാപനമായി കെ.ഇ.കോളജ് നിലനിൽക്കും എന്ന് ഉറപ്പുവരുത്തണം. മാന്നാനം-മററപ്പള്ളി റോഡ് പൊതുവഴിയായി നിലനിർത്തണം. ഇത്തരം ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി, ഒരു തിരുത്തൽ ശക്തിയായും ചാലകശക്തിയായും വർത്തിക്കുക എന്ന ദൗത്യമാണ് കലാലയസംരക്ഷണസമിതിക്കുള്ളത്. കോളജിന്റെ പ്രവർത്തനങ്ങളെ സാമൂഹ്യവിലയിരുത്തലിന് (Social Auditing) വിധേയമാക്കാനുള്ള വേദിയായി സമിതി പ്രവർത്തിക്കണം. സമിതിയിൽ അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും വിദ്യാഭ്യാസവിചക്ഷണന്മാരും പൊതുപ്രവർത്തകരും അംഗങ്ങളായി ഉണ്ടാകണം. ഇത്തരം സമിതികൾ സംസ്ഥാനത്തെ എല്ലാ എയിഡഡ് കോളജുകളിലും രൂപീകരിക്കാനാണ് എ.കെ.പി.സി.ടി.എ. തീരുമാനിച്ചിരിക്കുന്നത്.

എ.കെ .പി . സി . ടി എയുടെ ആഭിമുഖ്യത്തിൽ മാന്നാനംകെ. ഇ. കോളേജിൽ കലാലയ സംരക്ഷണസമിതി രൂപീകരിച്ചു. ഇതിനായി മാന്നാനത്ത് ചേർന്ന യോഗം കവി ഡി. വിനയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കേരളായൂണിവേഴ്സിററി സിൻഡിക്കേററ് അംഗം കെ. മോഹൻകുമാർ അധ്യക്ഷത വഹിച്ചു. എം ജി യൂണിവേഴ്സിററി സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. എ. കെ . രാമകൃഷ്ണൻ ടാഗോർ കലാകേന്ദ്രം പ്രസിഡന്റ് സി. എം. ജോൺ ചേരിക്കൽ എന്നിവർ പ്രസംഗിച്ചു. എ. കെ .പി . സി. ടി. എ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സ്വാഗതവും വൈസ് പ്രസിഡന്റ് എം . പി വിജയലക്ഷ്മി നന്ദിയും പറഞ്ഞു.

കലാലയ സംരക്ഷണസമിതി ചെയർമാനായി ഡോ. എ. കെ രാമകൃഷ്ണനെ തിരഞ്ഞെടുത്തു. വൈസ് ചെയർപേഴ്സണായി അഡ്വ. തമ്പിപൊടിപാറ, ഡോ. അനിത എസ് നായർ, പ്രൊഫ. കെ. സദാശിവൻ നായർ എന്നിവരേയും തിരഞ്ഞെടുത്തു. പ്രൊഫ. തോമസ് ജോസഫാണ് കൺവീനർ പ്രൊഫ. പി ററി കുര്യൻ, ശ്രീ കെ. കെ മാത്യു. എന്നിവരായിരിക്കും ജോയിന്റ് കൺവീനർ മാർ. പൊതു പ്രവർത്തകരും രക്ഷകർത്താക്കളും അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന 20 അംഗ എക്സിക്യൂട്ടീവ് കമ്മററി രൂപീകരിക്കപ്പെട്ടു.


കേരളത്തിലെ എല്ലാ എയിഡഡ് കോളേജുകളിലും സമൂഹനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസസമ്പ്രദായം നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി ഒരു ചാലകശക്തിയായും തിരുത്തൽ ശക്തിയായും ഈ സമിതി പ്രവർത്തിക്കും. കേരളത്തിലെ എല്ലാ കോളേജുകളിലും കലാലയ സംരക്ഷണ സമിതികൾരൂപീകരിക്കുന്നതിന്റെ ഭാഗമായാണ് മാന്നാനത്തും സമിതിരൂപീകരണമുണ്ടായത്. ■

*With best compliments from*

UDS

# UDAYA SAMUDRA BEACH HOTEL

**Samudra Beach, Kovalam, Thiruvananthapuram- 695 527 Kerala, India**
**Tel : 91-471- 2481654, 2483111, 2484111 Fax: 91-471-2481578**
**E-mail: udaykov@sancharnet.in**




Manufacturers & Distributors of Fitness Equipments for Health Clubs, Home Gyms & Gymnasiums

എ.കെ.പി.സി.ടി.എ

# പ്രവർത്തക ക്യാമ്പ് റിപ്പോർട്ട്

## കേരളാ, എം.ജി സർവ്വകലാശാല മേഖല



എ.കെ.പി.സി.ടി.എ പ്രവർത്തകക്യാമ്പ് (കേരള, എം.ജി സർവ്വകലാശാല) 2003 സെപ്തംബർ 20,21 (ശനി, ഞായർ) തീയതികളിൽ കോട്ടയം സി.എസ്.ഐ റിട്രീറ്റ്സെന്ററിൽ വച്ചു നടന്നു. 20ന് രാവിലെ 9.30ന് ആരംഭിക്കേണ്ടിയിരുന്ന പ്രവർത്തകക്യാമ്പ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ കള്ളക്കേസുകളിൽ കുടുക്കി സസ്പെൻഡ് ചെയ്ത മാന്നാനം കെ.ഇ.കോളജ് മാനേജ്മെന്റിനെതിരെ രാവിലെ 10 മുതൽ 1 മണിവരെ മാന്നാനം കവലയിൽ നടന്ന വൻ പ്രതിഷേധ ധർണയ്ക്ക് സൗകര്യമൊരുക്കി. ഉച്ചയ്ക്കുശേഷം 2 മണിക്കാണ് ക്യാമ്പ് ആരംഭിച്ചത്. സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് സ. കെ.എൻ.രവീന്ദ്രനാഥ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. നിയമപരമായി സംഘടിക്കാനും പണിമുടക്കാനുമുള്ള തൊഴിലാളികളുടെയും അദ്ധ്യാപകരുടെയും അവകാശങ്ങളെ കോടതിവിധികൾ ദുർവ്യാഖ്യാനം ചെയ്തു അടിച്ചമർത്താനുള്ള മാനേജ്മെന്റുകളുടെ ശ്രമങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അത്തരം നീക്കങ്ങളിൽ നിന്നു മാനേജ്മെന്റുകളെ പിന്തിരിപ്പിക്കാൻ ജനങ്ങളും അദ്ധ്യാപകരും ഒററക്കെട്ടായി രംഗത്തുവരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ സംഘടനാപ്രവർത്തനരേഖ അവതരിപ്പിച്ചു. ഡോ. രാജൻവർഗീസ് അക്കാഡമിക് കമ്മിററി പ്രവർത്തനങ്ങളും ഡോ. എം. പി.വിജയലക്ഷ്മി വനിതാ കമ്മിററി പ്രവർത്തനങ്ങളും, പ്രൊഫ. എസ്.ജയരാജ് കുമാർ ജേർണൽ വിവരങ്ങളും ചർച്ചകൾക്കായി അവതരിപ്പിച്ചു. പ്രവർത്തനറിപ്പോർട്ടുകൾ അംഗങ്ങൾ വിശദമായി ചർച്ചചെയ്തു. ചർച്ചകളുടെ റിപ്പോർട്ടിംഗും തുടർന്നുള്ള ജനറൽ സെക്രട്ടറിയുടെ മറുപടിയും 21-ന് നടന്നു. തുടർന്ന് 'എ.കെ.പി.

'സി.ടി.എ പിന്നിട്ട സമരപഥങ്ങൾ' എന്ന വിഷയത്തിൽ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. വി.രവീന്ദ്രനാഥും 'ഏകീകൃത സർവ്വകലാശാലാ നിയമവും പ്രൈവററ് കോളജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും' എന്ന വിഷയത്തിൽ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. കെ.സദാശിവൻനായരും ക്ലാസെടുത്തു. സെക്രട്ടറിമാരായ പ്രൊഫ. എ.വിജയധരൻ, പ്രൊഫ. വി.സി.ആന്റണി, കോട്ടയം - ഇടുക്കി ജില്ലാ സെക്രട്ടറി പ്രൊഫ ജെയിംസ് ഫിലിപ്പ്, പത്തനംതിട്ട ജില്ലാ സെക്രട്ടറി പ്രൊഫ. പി.ജി.സുകുമാരൻ നായർ, പ്രൊഫ. കെ.മാത്യു, പ്രൊഫ. കെ.രാധാകൃഷ്ണൻ നായർ പ്രൊഫ. എബ്രഹാം കെ.സാമുവേൽ എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. 106 പ്രവർത്തകർ ക്യാമ്പിൽ പങ്കെടുത്തു. 21-ന് 2 മണിയോടുകൂടി ക്യാമ്പ് സമാപിച്ചു. ■

# കോഴിക്കോട്–കണ്ണൂർ സർവ്വകലാശാല മേഖല

കോഴിക്കോട്-കണ്ണൂർ സർവ്വകലാശാലാ മേഖലകളിലെ കോളജദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് എ.കെ.പി.സി.ടി.എ നടത്തുന്ന പ്രവർത്തകക്യാമ്പ് മലമ്പുഴയിൽ നടന്നു. ഭരണകൂടങ്ങളും കോടതികളും സാമ്രാജ്യത്വത്തിന്റെ സ്തുതിപാഠകരായി മാറിയിരിക്കുന്ന സാഹചര്യത്തിൽ വർഗീയവൽക്കരണവും വരേണ്യവൽക്കരണവും പരസ്പരപൂരകമായി വർത്തിക്കുന്ന സമകാലീന യാഥാർത്ഥ്യത്തെപ്പററി അദ്ധ്യാപകർ ബോധവാന്മാരാകണമെന്ന് സമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ട് എൻ.എൻ. കൃഷ്ണദാസ് എം.പി ആവശ്യപ്പെട്ടു. എ.കെ.പി.സി.ടി.എ നേതാവിനെതിരെതന്നെ മാനേജർ വാളോങ്ങിയിരിക്കുന്നത് ഈ പശ്ചാത്തലത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. ശക്തമായി പ്രതികരിച്ചുകൊണ്ട് ഈ പ്രതിസന്ധിയെ മറികടക്കേണ്ടത് എ.കെ.പി.സി.ടി.എയുടെ മാത്രമല്ല, പണിയെടുക്കുന്നവരുടെ പ്രസ്ഥാനങ്ങളുടെ എല്ലാം നിലനില്പിന് അനിവാര്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.




തുടർന്ന് എ.കെ.പി.സി.ടി.എ മുൻപ്രസിഡന്റും കോഴിക്കോട് യൂണിവേഴ്സിററി സിൻറിക്കേററംഗവുമായ പ്രൊഫ. വി.നാരായണൻകുട്ടി എ.കെ.പി.സി.ടി.എയുടെ മുൻകാല സമരങ്ങളുടെ ചരിത്രം വിശദീകരിച്ചുകൊണ്ട് ക്ലാസെടുത്തു.

പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ജനറൽസെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻനായർ, ട്രഷറർ പ്രൊഫ. കെ.ശശിധരൻ, സെക്രട്ടറി പ്രൊഫ. എ.ശിവരാമൻ, പാലക്കാട് ജില്ലാ സെക്രട്ടറി പ്രൊഫ. എം.സഫറുദീൻ എന്നിവർ സംസാരിച്ചു.

ഉച്ചകഴിഞ്ഞ് ജനറൽ സെക്രട്ടറി അവതരിപ്പിച്ച സംഘടനാപ്രവർത്തനരേഖയ്ക്കു പുറമെ അക്കാദമിക് കമ്മററി, വനിതാ കമ്മററി, സർവീസ് സെൽ, ജേർണൽ കമ്മററി എന്നിവയുടെ പ്രവർത്തനരേഖകൾ യഥാക്രമം ഡോ. രാജൻവർഗീസ്, പ്രൊഫ. എം.പി.വിജയലക്ഷ്മി, പ്രൊഫ. ടി.എൻ.മനോഹരൻ, ഡോ. ജയരാജ് കുമാർ എന്നിവർ അവതരിപ്പിച്ചു.

"ഭരണഘടനാ നിബദ്ധമായ പൗരാവകാശങ്ങളെ സംരക്ഷിക്കുന്ന പോരാട്ടത്തെ ആഗോളവൽക്കരണ നയങ്ങൾക്കെതിരായ പോരാട്ടമാക്കി മാററാൻ കഴിയണമെന്ന് ശ്രീ. ഏ.കെ.ബാലൻ എം.എൽ.എ എ.കെ.പി.സി.ടി.എ പ്രവർത്തകരെ ഉണർത്തിച്ചു. പാലക്കാട് മല

ന്ധുഴ പഞ്ചായത്ത് കമ്മ്യൂണിററിഹാളിൽ സെപ്തം 27,28 തീയതികളിൽ നടന്ന മലബാർ മേഖലാ പ്രവർത്തകക്യാമ്പി ന്റെ രണ്ടാംദിവസം 'തൊഴിൽരംഗത്തെ വർത്തമാനകാല പ്രശ്നങ്ങൾ' എന്ന വി ഷയത്തെകുറിച്ച് സംസാരിക്കുകയായി രുന്നു ശ്രീ. എ.കെ.ബാലൻ



ഏകീകൃത സർവ്വകലാശാലാ നിയ മത്തെക്കുറിച്ച് എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. കെ.സദാ ശിവൻ നായർ ക്ലാസ് നയിച്ചതിന്റെ അ നന്തരമായിരുന്നു ശ്രീ. ബാലന്റെ ട്രേ ഡ്യൂണിയൻ ക്ലാസ്. അതുകൊണ്ട് ഏകീകൃത സർവ്വകലാശാലാ നിയ മത്തെ വിമർശിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ക്ലാസ് ആരംഭിച്ചത്. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സം വിധാനം ഇല്ലാതാക്കുകയും വിദ്യാഭ്യാ സരംഗത്തെ വാണിജ്യവൽക്കരിക്കുക യും ചെയ്യുന്ന നിയമങ്ങളുടെ അപകട ങ്ങളെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു, കേരളീയ സമൂഹത്തിലെ ആർജിതനേ ട്ടങ്ങളുടെ അടിസ്ഥാനം ഇവിടെ നില നിന്നിരുന്ന വിദ്യാഭ്യാസമായിരുന്നു. ആ ഗോളവൽക്കരണത്തിന്റെ പൊതുഘട നയ്ക്ക് നിരക്കുന്നതരത്തിൽ ഇന്ന് വി ദ്യാഭ്യാസത്തെയും സേവനരംഗത്തെ യും മററും ഉടച്ചുവാർക്കുന്ന പ്രതിലോ മകരമായ സാമൂഹ്യാവസ്ഥകളെക്കുറി ച്ച് അദ്ദേഹം ഓർമ്മിപ്പിച്ചു. തൊഴിൽരംഗത്തെ പ്രശ്നങ്ങൾ അതി ന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്തേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത കാലത്തുണ്ടായ കോടതിവിധികളെ പരാമർശി ച്ചുകൊണ്ട് ജുഡീഷ്യൽ ആക്ടിവിസത്തിന്റെ ഭീതിജനകമായ നി ലപാടുകൾ ശ്രീ. ബാലൻ വ്യക്തമാക്കി. നമ്മുടെ രാജ്യത്തിന്റെ സമ സ്ത റിപ്പബ്ളിക്കൻ സംവിധാനത്തെയും ചോദ്യംചെയ്യുന്ന നീക്ക ങ്ങളെ ചെറുത്തുതോല്പിക്കാൻ കഴിയണം. തൊഴിൽമേഖലയുമാ യി ബന്ധപ്പെട്ട് സംഘടിതപ്രസ്ഥാനങ്ങളെ ഇല്ലാതാക്കാൻ ഗൂഢ മായി, സമർത്ഥമായി ചില ശക്തികൾ കരുക്കൾ നീക്കുന്നുണ്ട്. പ്ര ധാന വെല്ലുവിളി ജുഡീഷ്യറിയുടെ ഭാഗത്തു നിന്നുണ്ടാകുന്നു. തമി ഴ്നാട്ടിലെ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ഉണ്ടായ സു പ്രീംകോടതി വിധിയെ പരാമർശിക്കുകയായിരുന്നു ശ്രീ. ബാലൻ. സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ ഉപോൽബലകമാകുന്ന കോട തിവിധികൾ മഹാരഥന്മാരായ ജഡ്ജിമാരിൽ നിന്ന് മുൻകാലങ്ങ ളിൽ രൂപപ്പെട്ടിട്ടുള്ളതിനെ അദ്ദേഹം വിലയിരുത്തി. (ജസ്റ്റിസ് ഭഗ വതി, ജസ്റ്റിസ് കൃഷ്ണയ്യർ, ജസ്റ്റിസ് ചിന്നപ്പറെഡ്ഡി....)

ഭരണഘടനയുടെ സ്ഥാപിതമായ ആശയങ്ങളുമായി ബന്ധ പ്പെട്ടു സാമൂഹ്യനീതി ഉറപ്പുവരുത്തുകയായിരുന്നു. സംഘടിക്കാ



നുള്ള അവകാശം മൗലികാവകാശമാണ്. തൊഴിൽപ്രശ്നങ്ങൾ; തൊഴിലാളി വർഗചരിത്രം; ഇന്ത്യൻ പരിതോവസ്ഥ; കനത്ത ചൂഷണങ്ങളെ ഇന്ത്യൻ തൊഴിലാളികളുടെ സംഘടിതശക്തി അതിജീവിച്ചതിന്റെ ചരിത്രചിത്രങ്ങൾ - അദ്ദേഹം വെളിപ്പെടുത്തി.

ഇന്ന് ആഗോളവൽക്കരണപ്രക്രിയ ത്വരിതപ്പെടുത്തുന്ന തരത്തിൽ സമരപ്രതികരണ പ്രവർത്തനങ്ങളെ ശീതീകരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കോടതികളെ ഉപയോഗിച്ചു നിയമനിർമ്മാണം ഉണ്ടാക്കുകയാണ്. ഇതവസാനിപ്പിച്ചില്ലെങ്കിൽ സർവ്വീസ് മേഖലകൾ തന്നെ ഇല്ലാതാകും. എല്ലാ പരിമിതികളെയും മറികടന്ന് ചെറുത്തുനില്പിന്റെ നെടുങ്കോട്ടകൾ തീർക്കാൻ തയ്യാറുള്ള സംഘടിത തൊഴിലാളി സമൂഹമുണ്ടാകണം.

കേരള ഹൈക്കോടതി മെയ് 6ന് വിദ്യാർത്ഥികളുടെ സംഘടനാ പ്രവർത്തനത്തെ വിലക്കിക്കൊണ്ടുണ്ടായ ഉത്തരവ് പിന്നീട് അദ്ധ്യാപകരുടെ സംഘടനാപ്രവർത്തനത്തെയും കടിഞ്ഞാണിടുക എന്ന നിലവരെ വന്നു. വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണത്തിനെതിരായി ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യ മാനവിക മൂല്യങ്ങൾക്കുവേണ്ടി നിരന്തരം പോരാടുന്ന എ.കെ.പി.സി.ടി.എയുടെ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫിനെ സസ്പെൻഡ് ചെയ്യാൻ മാനേജ്മെന്റിന് ശക്തി നൽകിയത് ഹൈക്കോടതി വിധിയാണ്. ഉന്നതവിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കുന്നവരുടെ രഹസ്യ അജണ്ടകൾ നടപ്പിലാക്കിക്കൊടുക്കുന്ന കങ്കാണികളാകുന്നു ഭരണകൂടം.

നിയമം നിർമ്മിക്കേണ്ടുന്ന നിയമസഭ നിയമം വ്യാഖ്യാനിക്കുന്നവരാകുകയും, നിയമം വ്യാഖ്യാനിക്കേണ്ടുന്ന കോടതി നിയമം നിർമ്മിക്കുകയും ചെയ്യുന്ന തലതിരിഞ്ഞ നടപടികളാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. മുമ്പ് നടന്ന നിയമനിർമ്മാണങ്ങളുടെ പൊതുചിത്രം നോക്കിയാൽ അദ്ധ്വാനിക്കുന്ന വർഗത്തിന്റെ സംഘടിതശക്തിയുണ്ടായിരുന്നു. ജുഡീഷ്യറി തന്നെ ഒരു സമരത്തിന്റെ ഉല്പന്നമാണെന്നും അദ്ദേഹം പറഞ്ഞു.

പൗരന്റെ മൗലികാവകാശങ്ങളിലൊന്നായ സംഘടിക്കാനുള്ള അവകാശം ശീതീകരിക്കപ്പെടുകയാണ്. പുത്തൻ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾക്ക് പാകപ്പെട്ട ഒരു സാമൂഹ്യഘടനയിൽ സമരപ്രതികരണ സ്വഭാവങ്ങൾ ദുർബലപ്പെടുകയാണ്. ഈ സാഹചര്യത്തിൽ പ്രക്ഷോഭങ്ങളെയും സമരങ്ങളെയും പ്രതികരണങ്ങളെയും പ്രബലപ്പെടുത്തുകയും സംഘടിത തൊഴിലാളികളുടെ ശക്തിയെ പോഷിപ്പിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്തശ്രമം സാമൂഹ്യപ്രതിബദ്ധതയുള്ള സംഘടനകളുടെ ഭാഗത്തുനിന്നുണ്ടാകണം - അദ്ദേഹം ഉപസംഹരിച്ചു. ■


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

ചീഫ് എഡിറററുടെ വിലാസം: **എസ്. ജയരാജ് കുമാർ,** ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

മാനേജിംഗ് എഡിറററുടെ വിലാസം: **വി. ജയകുമാർ,** ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം- 695 018, ഫോൺ: 0471-2491432

ഓഫീസ്: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം - 695 035, ഫോൺ - 0471-463494, Fax: 0471-468984. e-mail:akpcta@sancharnet.in

www.akpcta.org

In order to strengthen national intelligence, to increase contacts with the scientific and intellectual community of the worlds, and to increase capabilities and upgrade knowledge for further development, our country has no option but to strengthen its public higher education system. In any case these key issues cannot be delegated to private institutions.

**Dr. Vijender Sharma**
Former President - DUTA

# WTO, GATS AND FUTURE OF HIGHER EDUCATION IN INDIA

Corporate sector has discovered a trillion dollar industry. It is yet to be fully explored and exploited. This industry is in the area of education as 'service' with a huge global market in which students, teachers and non-teaching employees constitute resources for profit making. In this industry, the students are consumers, teachers are expert speakers, the institutions or companies catering to education service are service providers, and the teaching-learning process is no longer for the building of a nation but a business for profit making.

Educations, at all levels, will continue to grow, also because it cultivates human mind and makes them important and useful in all our development of a country. But for the corporate sector it will grow as a big service industry. Global public spending on education at present is estimated to exceed one trillion US dollars, that is about Rs. 47,00,000 crores representing the cost of over 50 million teachers, one billion students and hundreds of thousands of educational institutions throughout the world. Predatory and powerful transnational corporations are targeting public education, particularly

higher education, for profit making. Though pre-dominantly government supported service, most governments are, as a consequence of trade liberalization, withdrawing from it. The government of India through extensive privatisation, commercialisation and deregulation is supporting this.

This service sector accounts for more than 70 percent of production and employment in the advanced industrial countries. This sector accounts for two thirds of the European Union's (EU) economy and jobs, almost a quarter of the EU,s total exports and a half of all foreign investment flowing from the EU to other parts of the world. More than one third of economic growth of the United States over the last five years has been due to service exports. In 1996, the United States provided exports of education and training services that reached $8.2 billion. It has a trade surplus in education of $7 billion. The higher education was the fifth largest service exported by the US. Therefore, the pressure of the United States on WTO Member countries in relation to trade in education service is very clear.

## WTO and GATS

The World Trade Organization (WTO), established by replacing General Agreement on Trade and Tariffs at the Uruguay Round in 1994, is a forum for the corporate interests to push the corporate agendas down the throat of developing countries and people without any democratic, accountability. The General Agreement on Trade in Services (GATS) covered in the WTO, also; product of the Uruguay Round, is a legally enforceable agreement aimed at deregulating international markets in services, including education. Before, this agreement, trade agreement used to be in relation to tariffs and eliminating other barriers for the goods produced in one country and sold in other countries. Some services used to be exchanged but there was not mechanism for trade in services because services are place specific and were considered to be non-tradable. Accordingly to the European Commission the GATS is "first and foremost an instrument for the benefit of business".

Objective of GATS is to liberalise trade in, services as quickly as possible. It is clear from the preamble of GATS that it is a "multilateral framework of principles and rules for trade in, services with a view to the expansion of such trade under conditions of transparency and progressive liberalization" and with a deisre (Reads: compels its Members) for "the early achievement of progressively higher livels of liberalisation of trade in services through successive rounds of multilateral negotiations equipped with WTO enforced trade sanctions, the "multilateral negotiations' would expand the takeover of service delivery by translational corporations in such critical areas as: health care, hospital care; home care; dental care; Child care elder care; education - primary, secondary and post-secondary; museums; libraries; law; social assistance; architecture; energy, water services; environmental protection services; real estate; insurance; tourism; postal services; transportation; publishing; broadcastings and many others.

The WTO has defined and drawn up the rules so as to give itself enormous powers. According to the WTO website, "The GATS is the first multilateral agreement to provide fully enforceable rights to trade in all services. It has a built-in committment to continuous liberalization through periodic negotiations. And it is the world's first multilateral agreement on investment, since it covers not just cross-border/trade/but every possible means of supplying a service including the right to setup a commercial Presence in the export market". The WTO has explicitly stated that one of the advantages of the GATS is that it will help "overcome domestic resistance to change". (Exphasis added)

The US, the European Union (EU), Japan and Canada are the Main forces behind the GATS. Though WTO membership consists

of nation states, its agenda is shaped by the transnational corporations (TNCs) of these countries that sit on all the important "advisory" committees and determine detailed policy. While denying access to decent health care, education, housing, and long-term care to millions of workers and their families the world over, the agreement will confer ever-greater political power of these corporations as they control and dictate public policy. The role of the State is attacked and its services criticized, public education systems are being systematically under-funded like in India.

GATS has two components: (i) The framework agreement containing 29 articles and (ii) a number of Annexes, Ministerial decisions, etc., as well as the schedules of commitments by each member government, which bind them to allow market access and or remove existing restrictions to market access. This agreement covers all services including education.

## Basic Rules of GATS

Basic rules of GATS will apply to services like education in following distinct ways:

1. A general framework of obligations that applies to all member countries of WTO includes two principles of "Most Favoured Nations (MFN) Treatment" and "National Treatment".

As per Article II, subsection I of GATS on "Most Favoured Nations": "each Member shall accord immediately and unconditionally to services and service suppliers, of any other Member treatment no less favourable than that it accords to like services and service suppliers of any other country". That is, there should be no discrimination between the Members of the agreement.

As per Article XVII, subsection I of GATS on "National Treatment": "each member shall accord to services and service suppliers of any other Member, in respect of all measures affecting the supply of services, treatment no less favourable that if accords to its own like services and service suppliers". That is once a service provider from a Member country enters another Member country under specific commitments, it cannot be discriminated from other domestic service providers in the other country (Emphasis added).

The rules of "most favoured nations" and "national treatment" are aimed at eliminating all restrictions on big business. Under these rules, governments must treat each nation's corporations equally, which will effectively end all attempts by the developing countries to insulate their economies to some degree from the world market. There are a host of "market access rules making it illegal to restrict competition or place national restrictions of any kind on foreign ownership indeed the US is demanding the abolition of any special treatment for the so-called developing countries.

2. Each Member country will have to make a request offer for a particular service to be a part of agreement. That is a Member country can decide which service sector it would like to cover under GATS rule.

3. As per Article IX of GATS, a Member maintaining practices which may "restrain competition and thereby restrict trade in services" is directed to "enter into consultation with a view of eliminating them when requested by another member. In case of disagreement between members, the Council for Trade in Services under Article XXII "shall refer the matter to arbitration" and decision of which "shall be final and binding on the Members". (Emphasis added)

4. Members have to ensure that all measures are administered in reasonable and impartial manner establish judicial/arbitral/administrative institutions for review to ensure it and not introduce any regulation that affect operation of an agreement.

## Forms of Trade in Services

In terms of Article 1, subsection 2 of GATS, the WTO has

defined trade in services in the following four forms "as the supply of a service".

1. "From the territory of one Member into the territory of any other Member" called **Cross Border Supply,** this service in education includes any type of course provided through distance education, or Internet, or any type of testing service and educational materials that can cross national boundaries when the institution of a Member country A provides distance courses, etc to another Member country B, then A is deemed to be exporting education service to B.
2. "In the territory of one Member to the service consumer of any other Member" called **Consumption Abroad,** this refers to the education of foreign students. When the students of a Member country A move to another Member country B., then B is said to be exporting education service to A.
3. "By service supplier of one Member, through commercial presence in the territory of any other Member" called **Commercial Presence,** this refers to the actual presence of foreign supplier in a host country. This would include foreign univerisities or providers of a Member country A setting up courses through branches or franchisees or entire institutions in another Member country B. A would be deemed to be exporting education service to B.
4. "By a service supplier of one Member, through presence of natural persons of a Member in the territory of any other Member" called Presence of Natural Persons in WTO jargon, this refers to when foreign teachers of a Member country A move to teach in another Member country B. A would be deemed to be exporting education service to B.

## All Education Under GATS Umbrella

Article 1.3 defines "services" to include "any service in any sector except services supplied in the exercise of government authority"; and "a service supplied in the exrercies of government authority" means "any service which is supplied neither on a commercial basis, nor in competition with one or more service suppliers".

That is, only when the services are entirely provided by the government, they do not fall within the GATS rule for a service to be out of the purview of the GATS rule it has to be entirely free. However, when the services have been provided either by the government partially or some prices are charged (as happens in education where some fees is charged) or provided by the private providers shall fall under the GATS rule.

The idea behind this is the creation of an open, global marketplace where services, like education can be traded to the highest bidder. GATS covers the educational services of all countries whose educational systems are not exclusively provided by the public sector, or those educational systems that have commercial purposes. Since total public monoplies in education are extremely rare, almost all of the world's educational systems fall under the GATS umbrella. In India, we cannot get exemption in education from the application of GATS because education at all levels, particularly at higher education level, is not entirely free (i.e some fees has to be paid).

The informal WTO classification List (W/120) divides educational services into five parts: (a) primary education services; (b) secondary education services; (c) higher education services; (d) adult education and (e) other education services.

## Pressure to Remove Trade Barriers

The WTO has identified certain barriers to trade. These barriers/obstacles include the restrictions on free movement and nationality requirements of students and teachers, immigration regulations, type

of courses, movement of teachers, modalities of payments of repatriation of money, conditions concerning use of resources, direct investment and equity ceilings, the existence of public monopolies, subsidies to local institutions, economic need tests, exchange controls, nonrecognition of equivalent qualifications etc. Because services are not objects, barriers to trading services are referred to as non-tariff barriers. The goal of 'free trade' regime under WTO is to get these barriers removed in order to further liberalize the world economy.

The United States, on 18 December 2000, made a proposal to the Members of the Council for Trade in Services, WTO, in which US has included "all tertiary education, i.e education beyond secondary education adult education, and training services" under the umbrella of "higher education". As per this proposal, "Such education and training encompass degree courses taken for college of university credits or non-degree courses taken for personal edification or pleasure or to upgrade work-related skills. Such education and training service can be provided in traditional institutional settings, such as universities or schools, or outside of traditional settings, including at workplace, in the home or elsewhere". (Emphasis added)

The US proposed the inclusion in education services the two types of services: (1) training services which are "less theoritical and more job-related than academic courses, and (2) educational testing services which are used to "evaluate the student as well as the course material", and include "designing and administering tests, as well as evaluating test results".

The US proposal calls for "an open regime in the education and training sector" and demands "market access national treatment, and additional commitments" from Member countries who have been called upon to "inscribe in their schedules 'no limitations' on market access and national treatment" and to undertake "additional commitments relating to regulation of this sector".

The U.S has identified several obstacles/barriers which "make it difficult for foreign suppliers to market their services "which obviously must be removed for "an open regime in the education sector". Some of the obstacles/barriers are:

1. Prohibition of higher education offered by foreign entities.
2. Lack of an opportunity to obtain authorization to establish facilities within the territory of the Member country.
3. Lack of an opportunity to qualify as degree granting institutions.
4. Inappropriate restrictions on electronic transmission of course materials.
5. Economic needs test on suppliers of these services.
6. Measures requiring the use of a local partner.
7. Denial of permission to enter into or exit from joint ventres with local or non-local partners on a voluntary basis.
8. Where government approval is required, exceptionally long delays are encountered and when approval is denied, no reasons are given for the denial and no information is given on what must be done to obtain approval in future.
9. Tax treatment that discriminates against foreign suppliers.
10. Foreign partners in a joint venture are treated less favourably than the local partners.
11. Franchises are treated less favourably than other forms of business organization.
12. Domestic laws and regulations are unclear and administered in an unfair manner.
13. Subsidies for higher education are not made known in a clear and transparent manner.
14. Minimum requirements for local hiring are disproportionately high, causing uneconomic operations.

# കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടു

ഇവ
വിജയി



A. Prathapachandran Nair
MG College, Trivandrum



Dr. V. Rajendran Nair
VTM, NSS College, Dhanuvachapuram



K.L. Vivekanandan
SN College, Chempazhanthy



B. Bhuvanendran
SN College,Varkala



Johny K. John
Mar Ivanios College, Trivandrum



K. Vijayadharan
SN College, Kollam



Shajahan. A
TKM Arts & Science College, Kollam



K. Chanda Pilla Panicker
TKM College of Engg. Kollam

# AKPCTA സ്ഥാനാർത്ഥികൾ



K.V. Bodhanandan
DB College, Sasthamcotta




John Zachariah
St. Stephen's College, Pathanapuram



P.G. Sukumaran Nair
NSS College, Pandalam




K.A. George
Christian College, Chengannur



K. Khan
MSM College, Kayamkulam



G. Sathyanesan
TKMM College, Nangiarkulangara



Jose P. Kalloopparambil
St. Michaels College, Cherthala



Jubily Navaprabha
SD College, Alapuzha

15. Specialized, skilled personnel (including managers, computer specialists, expert speakers), needed for a temporary period of time, have difficulty obtaining authorization to enter and leave the country.
16. Repatriation of earnings is subject to excessively costly fees and or taxes for currency conversion.
17. Excessive fees/taxes are imposed on lecensing or royalty payments.

Thus, the United States by getting all these so called obstacles or barriers removed, wants to further liberalise the world economy and then control, manage and provide higher education everywhere in the global market and make huge profits. If these obstacles are removed then the system of higher education in developing countries, inlcuding India, will crumble and the future of democratic public education will be bleak. In fact, our very protest of corporate run education could be seen as an obstacle to investment.

However there are only 40 countries out of 143 WTO Member countries that committed to trade in education service. Majority of them are from developed countries for all the four sub-sectors except for 'Other Services". The United States has opened up to foreign competition only "Adult education and 'Other education services". Japan has also opened up adult education sector. But in Japan under national law education can only be provided by recognised non-profit making organizations. This is going to be a major barrier to foreign suppliers at least in that country.

## INDIAN SCENARIO

In the beginning of the last decade, some foreign universities tried to market their higher education programmes in India. Representatives of several countries visited India to market certain precentage of their medical and engineering seats. Some foreign universities have also engaged Indian agencies and firms to recruit students to study in their universities. Others have started franchisee or commercial presence in India by allowing students to be enrolled in India and carry out studies for a part of the period in India and completing the other part of the degree in the institutions abroad. In certain cases even full degree institutions in India for giving foreign university conduct their programmes. Some also have twinning programmes between foreign and Indian universities. Some offer programmes through distance mode, through print, computer television and electronic mode i.e., the virtual university.

Thus the export of higher education to India by universities of several countries has been through modes of consumption abroad, cross border supply, franchisee, twinning programmes and virtual university in 1999, about 20,000 students went abroad for education mostly to USA, Australia, UK, Canada and France. However, on an average only 1500 students per year mostly from Gulf and South Asian countries come to India for education it is not known as to how many Indian students are enrolled under cross border supply, franchisee and other modes. Fee charged from students ranges from Rs. 50,000 to Rs 3,40,000 per annum.

A recent estimate given by Global alliance for Transnational Education indicate that about 527 billion worth of higher education is exported to Asia and Pacific by three countries namely USA, UK and Australia. A business of $37 billion trade in tertiary education services in Asia and Pacific region is projected in future.

An analysis of the advertisements issued by foreign universities or on their behlaf in India reveals that the courses offered by them mostly relate to hospitality services, management, medical and information technology. Some times concurrent degree programmes i.e., two degrees in the same period are offered. No conditions of minimum qualification, i.e. percentage of marks etc are insisted upon, only 10 +2 degree/certificate

plus an interview is enough. Quite often the duration for getting degree may also be less than the required in India for the same degree. Largest number of universities advertising in India is from UK followed by Australia, Canada and Austria.

As far as India is concerened, the foreign education providers are interested in higher education with the use of all the four modes of trade. They are targeting at economically affordable group in the society in order to maximize profits. The impact of GATS would be that the non-organised private education providers in India would be the first ones to take an advantage. There would be unfavourable balance of payments as far as trade in education services are concerned. The public education providers would be marginalized in the race due to unequal play rules and ground.

## 10 th FIVE - YEAR PLAN PROPOSAL

In view of the ongoing WTO negotiation on trade in services including trade in educational services, which presents issues that have very serious implications for higher education, some of the recommendations made in the 10th Five Year Plan Proposal are the following.

- "Although India has approved to complete liberalization on Trade in Educational services, it may not be able to withstand the international pressures unless she prepares well for the second round of WTO negotiations. The matter is urgent and the Government should therefore appoint Committee/Task Force to advise on (a) negotiation on higher education issues in WTO, and (b) issues relating to erecting the safeguards for the post-negotiations market access regime.
- Serious thinking is required to extend the benefits of higher education to the less privileged section of society. For this an Educational Development Bank should be created.
- Private relevant institutions of higher education should be encouraged provided they adhere to equity par parameters determined by appropriate regulatory mecahnism.
- Optimum utilization of public infrastructure and manpower in the higher education sector should be ensured.
- Universities should also consider setting up a cell for taking care of internationalization of higher education both for import and export Universities may devise ways and means to mobilize their own resources through various means.

Explaining its approach for internationalization of higher education, the 10th Five Year Plan Proposal suggests "special incentives" to universities: "Universities which are willing to raise say 25-30% of their recurring expenditure from the fees of foreign students should be permitted to retain 10% of the collection towards a designated fund for updating equipment and facilities. The university should be within its rights to admit as many foreign students as necessary to raise the target amount to or five years Government should also consider making a matching grant towards to their designated fund. This would progressively reduce the dependence of such a university on the Government". (Emphasis added).

For the universities that accept the above scheme, recommends the Proposal, 'the NAAC (National Assessment and Accreditation Council) should set up a special and professional method for evaluation so that the foreign students who receive training in India are accepted as 'world class' WTO their return to home. The evaluation should aim at ensuring not only high academic standards but also decent living conditions for the foreign students".

The Proposal further states, "Deemed universities, which are rapidly growing in number and receive no support from

the Government should be encouraged to admit higher percentage of foreign students. It emphasizes that if private enterprise is "willing to set up world-class educational facilities in emerging areas such as IT or biotechnology, where the full cost will be recovered from the fees of foreign students they should be given encouragement". The UGC has allowed deemed universities to set up their campuses in other countries. In view of this, the Proposal wants this facility to be extended to "all universities who wish to export education". It is also proposed that as an incentive for the universities "their earnings from abroad should not be deducted form the annual government grants for say, 5-10 years", and they should have "access to soft loans" for the purpose.

The proposal warns, "The paradigm of development has changed. International arrangements in trade in commodities, services and intellectual property rights are occupying greater importance and the place. Some of the State policies and rules have to give way to international arrangements". (Emphasis added)

**NIEPA's Report on Policy Perspective**

According to the Report of a "Policy Perspective Seminar on Internationalization of Higher Education and Operation of Foreign Universities in India" organized by NIEPA, in 2000 education should be seen from the point of view of "promotion of knowledge and development of mankind and also reducing the gap or the factors which cause the gap in and oriented towards development of mankind and also reducing the gap or the factors which are mutually beneficial knowledge and skills among people. If this point of view is accepted then it is necessary to allow free flow of knowledge cutting across the geographical boundaries of nation states. Though this idea sounds well and high, but in practice it might as well result in selected flow of information/ knowledge and skills from one set of countries to another set of countries in one direction whether in a single or multi-disciplines subjects. If this happens then it might as well result in draining of resources of receiving country as well as strong cultural and political influence by one set of countries on other set of countries". (Emphasis added).

**Some of the recommendations made in the Report are:**

* Setting up of a "national level mechanism" for registering foreign universities in India and promote the Indian Higher Education abroad".
* Clear guidelines and laws about "VISA, infrastructure facilities, social and welfare programmes and accomodation facilities for students coming to India and students going abroad".
* An "Ordinance should be passed" to allow universities to open their campuses abroad.
* The acceptance of the certification credit given by the respective institutions should form the part of agreement".
* The accedited Indian universities or institutes of higher education should have "15-20% full payment seats for foreign students in every subject programme as a supernumerary position not cutting into the available seats of India students".
* In order to have an international context in education, the course content should "focus on requirements of job market and should have provision for innovative and flexible programmes".
* Indian universities should be "allowed to offer programmes through twinning, franchisee as well as the distance mode".
* Foreign students studying in India should have "work permit for a period of three months per academic year. Total duration of work permit would not exceed one year six months".

A National Level Meeting of Vice-Chairpersons of State council of Higher Education, Vice Chancellors and Experts on "Trade in Education Services under WTO Regime" was organized by NIEPA on

11th September, 2001. Though the meeting ended up with constitutions of several committees for in-depth studies on the issue, it considered Higher Education as the only sector for trade under WTO regime. However, the meeting expressed concern that "the socioeconomic implications of opening the education system globally and making education service for profit needs to be carefully examined. Even making it a full cost paying service has caused social and cultural trauma in many countries including developed countries. Making open to world competition with high cost of education might cause further social-cultural problems. These may be un-manageable in the developing countries and particularly in India. Global competition, full or profit cost pricing of education has several socio-cultural implications and may adversely affect the Constitutional obligations of equity".

**The Facts About Indian Higher Education**

We entered the twenty-first century with unprecedented demand for higher education: general as well as professional. Instead of meeting this demand for higher education and ensuring further growth of the country, the BJP Government at the Centre and UGC have resorted to several measures with ever-faster speed of actions under the dictates of the World Bank and as a part of ongoing negotiations with WTO on trade in services. Raising of fees, autonomy to institutions with parctically no controls but wide ranging powers to managements, funding linked mandatory assessment and accreditation, and students loan scheme are some of their decisions taken on the eve of the turn of the century for massive privatization and commercialization of higher education.

"Major efforts have been mounted for mobilization of resources and it has been recommended that while the Government should make a firm commitment to higher education, institutions of higher education should make efforts to raise their own resources by raising the fee levels, encouraging private donations and by generating revenues through consultancy and other activities, "said the HRD Minister, Murali Manohar Joshi in the Country Paper presented in the UNESCO World Conference on Higher Education held at Paris, in 1998. Justifying privatization of higher education, he added, "It is not only justifiable but desirable to raise money from private sources in order to ease pressure on public spending". Trying to be fool us that privatization will not lead to commercialization of higher education, he said, The Government wants to encourage private initiatives in higher education but not commercialization. "What we are witnessing today, in fact, commercialization of education at all levels. The BJP Governments is in a tremendous hurry to implement the very same World Bank perscriptions we have been fighting against for the last fifteen years. It is further implementing the prescriptions of WTO and GATS for privatization and commercialization of higher education. (Emphasis added)

Mukesh Ambandi and Kumaramangalam Birla, in their Report on "A Policy Framework for Reforms in Education" submitted to the Prime Minister's Council on Trade and industry in April 2000 considered education as a very profitable market. These two Industrialists made a case for full cost recovery from students and immediate privatization of entire higher education except those areas of education involving "liberal arts and performing arts". Ambani-Birla Report, if implemented, will convert the entire system of higher education in the country into a market where only profit making will be the only consideration. Only those who will be able to pay exorbitant amount of fee will enroll in higher education. For Ambani and Birla, eudcation is a very profitable market over which they must have full control and for their industrial requirements "education must shape

adaptable, competitive workers who can readily acquire new skills and innovate". In view of this, Ambani and Birla want that legislation should be enacted "banning any form of political activity on campuses of universities and educational institutions". Even the normal trade union activities will not be allowed.

A large number of students enrolled in universities and colleges situated in townships and tehsils are first generation learners. These students could go to institutions of higher education because of the subsidy given to higher education and the prevalent fee structure. But this is also a fact that only about 6% of the students in the age group of 17-23 years could afford to go to universities and colleges. What about those 94% who are left out? They could not bear even the so-called "paltry fees" which the government wants to increase several folds. More than 88% of all students are enrolled at undergraduate level. About 83% of all students are enrolled in colleges. About 82% students opt for liberal arts, commerce and science and the Corresponding figure for girl students is 87.2%. Only 5.4% of girl students are doing engineering and medicine. About 90% students are enrolled in general higher education and about 10% are in professional higher education. A substantial number of students form weaker and less privileted classes are availing the benefit of higher education.

However, it must also be noted that the percentage of students belonging to SC/ST category, despite the increase in their absolute number, has decreased from 13.76% in 1957 to 12.25% in 1996 and is still less than that in 1957. Despite the existing fee structure the percentage rise in all India enrolment of students has been decreasing. This percentage has fallen from 7.4% in 1989-1990 to 4.3% in 1999-2000. This process has been accelerated by starting profit making institutions called "self financing" institutions, which do not get funds from the government. The number of such institutions started in between 1994-95 and 1999-2000 all over the country is about 3000. This has resulted in the increase of student-teacher ratio from 15.7: 1 in 1990-91 to 21.7: 1 in 1998-99. By reducing the subsidy and financial support to the institutions of higher education and with a big rise in annual charges, the students from the lower middle class, weaker and less privileged classes would be denied access to higher education. Therefore, a decrement in the enrolment from even such a low figure of 6%, which is less than the average of that in developing countries in Asia that was 9.7% in 1995, to a lower value would be inevitable.

In order to strengthen national intelligence, to increase contacts with the scientific and intellectual community of the worlds, and to increase capabilities and upgrade knowledge for further development, our country has no option but to strengthen its public higher education system. In any case these key issues cannot be delegated to private institutions.

**Surrender to WTO and GATS**

It is absolutely clear from the recommendations given in 10th Five Year Plan Proposal and the Report of the NIEPA Seminar that the Government is going in the direction of bringing higher education under the umbrella of GATS. Even when no specific commitment is made, the Government has already taken steps in line with the provisions of the GATS. All the modes of trade in education service are being used. The UGC has already issued instructions for reserving 15% seats in addition to already existing ones as supernumerary seats for foreign students. Thus the class size and the workload of teachers and employees are going to be increased without any additional funds.

"The new UGC guidelines for declaring an institution as a deemed university require that the institution should be of 10 years standing with courses recognized by the relevant accrediting bodies and infrastructure, including

building for administration and academic purposes of about 4000 square metres, worth Rs.50 lakh and corpus fund of Rs. 5 crores in case of professional education and Rs.3 crores in case of general higher education. For the De-novo institutions in the emerging areas with the promise of excellence, no such conditions are required. These deemed universities are allowed one to open their campuses anywhere in the country or abroad. Thus, any existing private institution or a new one with meagre funds and facilities will be encouraged to get the status of a deemed university in order to run courses or profits.

The UGC is not giving any funds for starting new courses or upgranding the existing ones. However, it is ready to spend huge amounts for starting courses on Jyotirvigyam an Karmakand. By starving the universities and colleges of fund, a case is being built for private funding and full cost recovery. The idea of giving incentive to universities ready to export education is to make them financially independent so that the Government is allowed to give up its responsibility towards higher education.

The globalization has forced the education system to reinvent itself. The main role of universities to create, assimilate and disseminate knowledge is being given up in favour of the marketplace. A full professor of English in an American University earns no more than a starting assistant professor of accounting. More than half the full time faculty is hired on short-term contracts. Universities in the USA woo prospective undergraduate students by promising quality campus life, as if they were selling shares, with the offer of apartments rather than dorm rooms, high tech gadgetry and gyms. Faculty at some schools feel the pressure to keep grade-point average high to keep the students as their customers happy. The emergence of for-profit competition among the multisite schools, called multiversity or busni-versity, like DeVry Insititute, Phoenix University and Jones International University which exist only virtually have made "any time, any place" higher education a near reality. In a market-model university, departments that make money, study money or attract money are given priority. Heads of universities are now assuming the role of travelling salesman to promote their programmes.

An important cost recovery measure being proposed as an alternative to state financing of higher education and for the benefit of the market in higher education is to give loans to students so that they are able to meet the enhanced fees. This proposal is based on the market principle that those who benefit must pay. It is being advocated that the poor students who cannot pay the fees, instead of dropping out from higher education, should take loans, get jobs and then pay back loans. There are several serious problems associated with this proposal. But education doesnot guarantee employment. With no employment or no ability to repay, people from relatively poorer sections will be worst affected. The BJP Government at the Centre has already declared students loans and the limit of loans been increased up to Rs.15 lakh. They prefer to cater to economically better-off students. The conditions of guarantee based on co-obligation, the mortgage of immovable property, etc would further exclude a large section of students. Since dowry is an important social phenomenon in several countries including India, loans to students would work as a 'negative dowry' resulting in decline in the enrollment of girls in higher education. It is being argued that the student loan programme may be revitalized to generate some resources for higher education in the long run. A margin money of 5 to 15% is also proposed. By this measure those who do not have resources to study would be forced to pay further for future investment. Instead of student loan programme the government must bear the full cost of education and the students belonging to

the weaker sections should be given scholarships to meet fees and other expenses. In fact the student loans up to Rs.15 lakh for studying abroad basically develop the higher education of other countries.

Young women in USA and Europe, main forces behind the GATS and WTO, are restoring to selling their eggs for thousands of pounds a time to childless couples as a way of paying off their fees and student loans they had taken to meet the cost of higher education. The average graduate begins the seach for a job with debts of more than 10,000 pounds. According to a report, "American clinics are allowed to reward donors handsomely for the unpleasant and potentially risky procedure. Some of them, aware of "British students' financial problems are now targeting women here. Graduates and those with high IQs are in particular demand. Many commissioning couples, desperate to have children, are also prepared to pay premium prices for specific physical attributes and good looks". Depending upon the looks, educational background like Ph.D., good famile profile, rare ethnic groups like Jewish, Asians and East Africans, the women get about 2,400 to 10,300 pounds. Eggs are collected from women by administering drugs to induce artificial menopause. The menstrual cycle is then restarted with more drugs designed to cause multiple eggs to ripen, instead of the normal one-a-month released naturally. A young healthy donor can produce 15 or 20 egges, sometimes many more, in a single cycle of treatment. This being the situation in USA and Europe as a result of the policies adopted by them regarding privatization and commercialization of education and liberalization of trade in 'education service under GATS and WTO regime, one can understand what will happen to the enrollment of girls in higher education in India, which has generally remained stagnant near 35% in the last ten years.

**IN CONCLUSION**

The world's trade representa-

THRIPTHI RICE
ഗുരുദേവ റൈസ് & അഗ്രോ
പ്രൊഡക്ട്സ് പ്രൈവററ് ലിമിററഡ്
സൗത്ത് വെള്ളാരപ്പിള്ളി പി. ഒ., കാലടി, എറണാകുളം ജില്ല- 683 580
ഫോൺ: 0484- 600353, 600790 (ഓഫീസ്)
0484-462645, 462451 ( റെസിഡൻസ്)
തൃപ്തി

tives under WTO, who are leading the assault on education, are attempting to establish 'New World Government' based on profit threatening and arm-twisting the nation governments. This would be a government of and for the corporate sector - an extremely undemocratic, authoritarian institution. In this assault, they have discovered the possibility of manufacturing the thinking and attitudes of their consumers, and creating an education system to reproduce standardized people. The whole idea of culture will be threatened as this standardization eliminates cultural focuses, thoughts, language, and educational themes. No longer will truth be sought, except whatever suits the corporate interests. As education standardization is institutionalized through international equivalency, the uniqueness of each educational institution will vanish.

Under the dictates of the World Bank, WTO and GATS, the cherished function of higher education, for the search, creation and dissemenation of knowledge and for instilling sensitivity or social awareness in its students in India is under fire today. The steps (e.g. reducing state funding of and limiting access to higher education, heavy cost recovery, loans to students, terming higher education as a non-merit good, assessment and accreditation of institutions, autonomous status to colleges, self-financing courses and institutions, and privatization and commercialization of higher education, etc) taken by successive governments at the Centre and actively pursued and implemented by the present BJP government would lead to the dismantling of the state funded higher education system. The World Bank, WTO and GATS dictated policy on higher education must be reversed. As citizens of India, we have to ensure that the Government takes care of public interests and act to protect public services like health and education from the predatory elements that preach the ideology of the market place as the solution to every issue. Otherwise, the country would be dependent on developed countries for its requirements in qualified manpower essential for it's all round development. Therefore, the future progress of our country is at stake. We cannot afford to be complacent any longer. It is the responsibility of the whole society to rise to the occasion and take measures so that the process of dismantling the higher education system in the country is reversed.

*Courtesy: Teachers' Movement, July 2003*

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

എ. കെ. പി. സി. ടി. എ അംഗങ്ങളുടെ വാർഷിക അംഗത്വ ഫീസ് അടിയന്തിരമായി എസ്. ബി. ടി. ഫറോക്ക് ശാഖയിൽ മാറത്തക്ക രീതിയിൽ ഡി. ഡി. എടുത്ത് ട്രഷററുടെ പേരിൽ അയയ്ക്കുക.

ട്രഷററുടെ മേൽവിലാസം
കെ. ശശിധരൻ,
രാജിസദൻ, മണ്ണൂർ- 673328
കോഴിക്കോട്
ഫോൺ: 2472822

ആധുനിക ജീവിതത്തിന്റെ ഡ്രൈവറായ ടെക്നോളജിയുടെ ഗതിവിഗതികൾ ശ്രദ്ധിച്ചുകൊണ്ടുതന്നെ, നമ്മുടെ കോളജുകളുടെ അതിജീവനം ഉറപ്പാക്കാം. പക്ഷേ, അതിന് അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് നിരന്തരജാഗ്രതയും കഠിന പരിശ്രമവും ആവശ്യമാണ്. ഏതാനും വർഷംമുൻപ് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിലാരംഭിച്ച ചില പരിശ്രമങ്ങളാണ് പിന്നീട് എം.ജി.സർവ്വകലാശാലയുടെ സിലബസ് പരിഷ്കരണത്തിലേയ്ക്കു നയിച്ചതെന്ന കാര്യം സ്മരണീയമാണ്. പുതിയ വെല്ലുവിളികളെ നേരിടുന്നതിനും നമ്മുടെ അദ്ധ്യാപകർക്ക് കഴിയട്ടെ.

# കേരളത്തിലെ കോളജുകൾ എങ്ങോട്ട്?

കെ. ബാബുജോസഫ്

വംശനാശഭീഷണി നേരിടുന്ന ഒരുകൂട്ടം സ്ഥാപനങ്ങളാണ് കേരളത്തിലെ സാധാരണ കോളജുകൾ. ആർട്ട്സ് ആന്റ് സയൻസ് കോളജുകൾ എന്നാണ് ഇവയുടെ ഔദ്യോഗികപേര്, മലയാളം മാദ്ധ്യമസ്കൂളുകൾക്ക് സംഭവിച്ചതുപോലുള്ള ഒരു വിപര്യയം കാലാന്തരത്തിൽ ഇവയ്ക്കും വന്നുകൂടായ്കയില്ല. ആർക്കും വേണ്ടാത്തതെ'ന്നെഴുതിത്തള്ളപ്പെട്ട ചില സാമ്പ്രദായിക കോഴ്സുകൾ പഠിപ്പിക്കുന്ന ഇടങ്ങളെന്ന അശ്വത്ഥാമാവിൻ ഫാലമുദ്രയും പേറി ഇനിയും ഇവയ്ക്ക് ദീർഘകാലം തുടരാനാവില്ല. വിദേശജോലിയെന്ന മോഹനസ്വപ്നം ഒരിക്കൽ പൂവണിയുമെന്ന പ്രത്യാശയിൽ ഏതെങ്കിലുമൊരു 'പ്രൊഫഷണൽ' കോഴ്സിൽ അഭയം തേടാൻ നമ്മുടെ കുട്ടികൾ ശ്രമിക്കുന്നു. അവരേക്കാൾ ഒരുപടികൂടി കടന്ന്, ഒരുപക്ഷേ, അവരുടെ മാതാപിതാക്കളാണ് ഇത്തരം കോഴ്സുകളുടെ മായികവലയത്തിൽ കുടുങ്ങിയിരിക്കുന്നത്. മെഡിസിൻ, എൻജിനീയറിംഗ് തുടങ്ങിയ പഠനമേഖലകളിൽ അത്യുൽപാദനത്തിന്റെ നാളുകൾ വന്നണഞ്ഞിരിക്കയാണല്ലോ. സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾ

ലോകത്തിന്റെ ഏതെങ്കിലും കോണിൽ ചെന്ന് വയററിപ്പിഴപ്പ് കണ്ടെത്തിക്കൊള്ളുമെന്നാണ് എല്ലാവരുടെയും കണക്കുകൂട്ടൽ. ഒരു കേരളാ മോഡൽ കനവ് വൈവിദ്ധ്യം തൊട്ടുതേച്ചിട്ടില്ലാത്ത, ഒരേ അച്ചിൽ വാർത്തെടുത്ത, ചില കോഴ്സുകളാണ് പ്രൊഫഷണൽ ലേബലിൽ ഇന്നിവിടെ ലഭ്യമെന്ന യാഥാർത്ഥ്യം ഒരു കൊടുവാൾ കണക്കെ തലയ്ക്കുമീതെ തൂങ്ങുന്നു. വിവാദപരമായ ഏകീകൃത സർവ്വകലാശാലാ നിയമം നടപ്പാക്കുന്നപക്ഷം, വർദ്ധിച്ചതോതിലുള്ള കേന്ദ്രീകൃത ആസൂത്രണവും നിയന്ത്രണവും ഉണ്ടാകും. ഇപ്പോൾ കാണുന്ന നാമമാത്ര വൈവിദ്ധ്യംപോലും തുടച്ചു നീക്കപ്പെടില്ലേയെന്നു ഭയക്കണം. പക്ഷേ, ഇതല്ല ഈ ലേഖനത്തിന്റെ മുന.

## പഠന നിലവാരം

ഏതാനും വർഷമായി കോളജുകളിൽ അദ്ധ്യാപക നിയമനനിരോധനം കൊടികുത്തി വാഴുന്നു. അത്യാവശ്യത്തിന് അർദ്ധ, അല്ലെങ്കിൽ അൽപ-വേതനക്കാരായ ഗസ്റ്റ് ലക്ചററന്മാരെ നിയോഗിക്കാമെന്ന പഴുത് ഉപയോഗിച്ചാണ് മിക്ക സ്ഥാപനങ്ങളിലും ദൈനംദിനകാര്യങ്ങൾ നിർവ്വഹിച്ചുപോരുന്നത്. അവശ്യയോഗ്യതകളുണ്ടെന്ന ഒരൊററ വ്യവസ്ഥയേ ഇക്കൂട്ടരുടെ നിയമനത്തിൽ പാലിക്കപ്പെടാറുള്ളു. ഒരു മുഴുസമയ അദ്ധ്യാപകന് സ്ഥാപനത്തിന്റെ അക്കാദമിക ജീവിതത്തിന്, അദ്ധ്യാപനത്തിലുപരിയായി, നൽകാൻ കഴിയുന്ന സംഭാവനകളൊന്നും ഇവർക്ക് നൽകാനാവുന്നില്ല. ഇവരിൽ നിന്ന് കോളജ് അധികൃതർ അത്തരം സേവനം പ്രതീക്ഷിക്കുന്നുമില്ല. പാഠ്യേതര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഇവരെ ഉദ്ദേശിച്ചിട്ടില്ല. മണിക്കൂർ കണക്കിലാണല്ലോ ഇവർക്കു കൂലി നിശ്ചയിച്ചിരിക്കുന്നത്. രണ്ടുംമൂന്നും വർഷം ഗസ്റ്റ്-സേവനം' കാഴ്ചവച്ചിട്ടുള്ള ഡോക്ടറേററ് ബിരുദധാരികൾക്കുപോലും സ്ഥിരപ്പെടൽ ഒരു വേഴാമ്പൽ സ്വപ്നമാണ്.

അദ്ധ്യാപകരുടെയും അദ്ധ്യാപനത്തിന്റെയും നിലവാരം അമ്പേ തകർന്നുകൊണ്ടിരിക്കുന്ന ദയനീയകാഴ്ച! പ്ലസ്ടു എന്ന പേരിൽ പഴയ പ്രീഡിഗ്രിയെ സ്കൂളിലേയ്ക്കു പറിച്ചുനടുന്നതോടെ കോളജുകളിൽ ഒരക്കാദമിക നവോത്ഥാനം പ്രവചിച്ചവർക്കു തെററി. പ്രീഡിഗ്രിക്കുവേണ്ടി നിർമ്മിച്ച ക്ലാസ്മുറികളും ലാബോറട്ടറി സൗകര്യങ്ങളും ഉപയോഗശൂന്യമായിത്തീരുകയും ചെയ്തു. കോളജുകൾ ഒരുക്കുന്ന സാമ്പ്രദായിക കോഴ്സുകൾ പഠിക്കാൻ നിർബന്ധരാകുന്നവരുടെ ബൗദ്ധിക നിലവാരത്തിലും അടുത്തകാലത്ത് സാരമായ ഇടിവ് വന്നിട്ടുണ്ടെന്നു പറയപ്പെടുന്നു. മുങ്ങിത്താഴാൻ പോകുന്ന കപ്പലിലെ യാത്രക്കാരുടെ മനോഭാവമാണ് പലരും പ്രദർശിപ്പിക്കുക. പ്രൊഫഷണൽ പ്രവേശന പരീക്ഷകൾ വീണ്ടും വീണ്ടും എഴുതിനോക്കുന്നവരുടെ തത്രപ്പാട് നിരീക്ഷിച്ചാലറിയാം. ഇപ്പറഞ്ഞതിന്റെ നേര്. ഒന്നോ, രണ്ടോ ദശകംമുൻപുവരെ അദ്ധ്യാപനത്തെ ഒരു മാന്യമായ തൊഴിലായി കണക്കാക്കിയിരുന്നു. യു.ജി.സി. സ്കെയിലുകളും മററും നടപ്പിൽ വന്നിട്ടും നമ്മുടെ കലാലയങ്ങളിൽ മിക്കതിനും, പല സർവ്വകലാശാലാ വകുപ്പുകൾക്കും മികവിന്റെ സോപാനം ചവിട്ടിക്കയറാനെന്തേ കഴിഞ്ഞില്ല? ഗവേഷണപഠനങ്ങൾ നടത്തുന്ന കലാലായാദ്ധ്യാപകർ നന്നെ ചുരുക്കം. സർഗ്ഗാത്മക പ്രവർത്തനത്തിന്റെ കാര്യം പറയാനുമില്ല. ഒരുകാലത്ത് നൂതനാശായങ്ങളുടെ ഈററില്ലമായിരുന്ന കാമ്പസ് ഇന്ന് വററിവരണ്ട ഒരു മണലാരണ്യമായിരിക്കുന്നു. കേരളത്തിനുവെളിയിൽ, വിശേഷിച്ച് ഉത്തരേന്ത്യൻ സ്റേററുകളിൽ പല കോളജുകളിലും ഗവേഷണ പ്രോജക്ടുകളും മററും സജീവമായി മുന്നേറുമ്പോൾ, ഇന്നാട്ടിൽ എത്ര സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് അഭിമാനിക്കാൻ വകയുണ്ട്? കാരണങ്ങളെന്തുമാകട്ടെ, ബൗദ്ധികമായി, സർഗ്ഗാത്മകമായി, അച്ചടക്കപരമായി, സാമ്പത്തികമായി തികഞ്ഞ പാപ്പരത്തം ബാധിച്ചിരിക്കുകയാണ് നമ്മുടെ കോളജുകളെ. കാമ്പസിൽ രാഷ്ട്രീയം നിരോധിച്ചതുകൊണ്ട് പഠന നിലവാരം താനെ ഉയരുമെന്നു കരുതേണ്ട. ആന്തരികചോദനത്തിന്റെയും അദമ്യമായ വിജ്ഞാനദാഹത്തിന്റെയും അഭാവത്തിനാണ് ചികിത്സിക്കേണ്ടത്.

## ശോചനീയ സ്ഥിതി

പിരിക്കുന്ന ഫീസിന്റെ 20 ശതമാനം തുക മെയിന്റനൻസ് ഗ്രാന്റായി പ്രൈവററ് മാനേജ്മെന്റുകൾക്ക് നൽകുമെന്നാണ് സർക്കാർ വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ ഇത് കിട്ടുന്നില്ലെന്നും, കിട്ടിയാൽത്തന്നെ അത് തുച്ഛമായ തവണകളിൽ മാത്രമാണെന്നും അവർ പരാതിപ്പെടുന്നു. സർക്കാർ വിദ്യാലയങ്ങളുടെ ശോചനീയ സ്ഥിതി കണ്ടാൽ മതി, ഇവർ പറയുന്നതിൽ കഴമ്പുണ്ടെന്നു മനസ്സിലാകും. നിയമനിരോധനം കർശനമാക്കുന്നതിനുമുൻപ് മികവ് പരിരക്ഷിക്കണമെന്ന് നിർബന്ധമുള്ള, അപൂർവ്വം ചിലതൊഴികെ, സ്റേററിലെ ബഹുഭൂരിപക്ഷം കലാലയങ്ങളിലും അദ്ധ്യാപക നിയമനത്തിന് നാലോ അഞ്ചോ ലക്ഷം രൂപാവീതം കോഴ വാങ്ങിയിരുന്നു. പ്രവേശനം തേടിച്ചെല്ലുന്ന വിദ്യാർത്ഥികളും ഇതുപോലെ എന്തെങ്കിലും കൊടുക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. കെട്ടിടങ്ങൾ ചായമടിക്കാനും ഫർണ്ണിച്ചർ നന്നാക്കാനും ലബോറട്ടറി സാമഗ്രികൾ വാങ്ങാനും ഒക്കെ പണം വേണ്ടേ? സർക്കാർ തരുന്നില്ലെങ്കിൽ പിന്നെ ഈ ചെലവുകൾ ആരു താങ്ങും? ചുരുക്കിപ്പറഞ്ഞാൽ, 'എയിഡഡി'നെ 'അൺ എയിഡഡാ'ക്കി രൂപാന്തരപ്പെടു

ത്തുന്ന രീതിയിലാണ് സർക്കാർ പെരുമാറുന്നത്. 'സ്വാശ്രയ'ക്കാരുടെ മേൽ സമൂഹം ആരോപിക്കുന്ന 'ദുഷ്പേര്' ഈ 'നിരാശ്രയ' സ്ഥാപനങ്ങൾക്കില്ലെന്ന സമാധാനവുമായി എത്രകാലം മൂഢസ്വർഗത്തിൽ കഴിയും?

## ആഗോളവത്ക്കരണം

ഡബ്ല്യു.ടി.ഒ.യുടെ കീഴിലുള്ള ഗാട്ട്സ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഉടമ്പടിയിൽ നിർദ്ദേശിച്ചിട്ടുള്ള പതിനേഴുതരം സേവനങ്ങളിൽ ഒരു പ്രധാന ഇനം ഉന്നത വിദ്യാഭ്യാസമാണെന്നത് വേണ്ടത്ര ശ്രദ്ധിപ്പെട്ടിട്ടില്ലിതുവരെ. വിദ്യാഭ്യാസത്തെ ഒരു കയറ്റുമതി - ഇറക്കുമതി ചരക്കായിട്ടാണ് ഇതിൽ ചിത്രീകരിച്ചിട്ടുള്ളത്. ആസ്ട്രേലിയും യൂറോപ്യൻ യൂണിയനിലെ ചില രാജ്യങ്ങളും വിദ്യാഭ്യാസക്കച്ചവടത്തിന് ഇതിനകം ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ട്. ഒരു ഭാഗത്ത്, കേന്ദ്ര സർക്കാർ ഉന്നത വിദ്യാഭ്യാസരംഗത്ത് വിദേശപങ്കാളിത്തം നിയന്ത്രിക്കുമെന്നു വീമ്പിളക്കുമ്പോൾത്തന്നെ മറുഭാഗത്ത്, എ.ഐ.സി.ടി.ഇ.യും യു.ജി.സിയുമൊക്കെ വരാനിരിക്കുന്ന 'പ്രളയ'ത്തെ എപ്രകാരം നേരിടണമെന്നും, അതിൽ എങ്ങനെ 'മീൻപിടിത്തം' സാധിക്കുമെന്നൊക്കെയുള്ള ചർച്ചകളും സെമിനാർ പരിചിന്തനങ്ങളും സംഘടിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. എൻജിനീയറിംഗ്, മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിലാവും ആഗോളവത്കൃത വിദ്യാഭ്യാസത്തിന്റെ മിന്നൽപ്പിണർ ആദ്യം ആഞ്ഞടിക്കുകയെന്ന് സമാശ്വസിക്കുന്നത് വിഡ്ഢിത്തമായിരിക്കും. കാരണം, താമസിയാതെ, സർവ്വമണ്ഡലങ്ങളിലും ഇതിന്റെ ആഘാതങ്ങൾ അനുഭവപ്പെടുമെന്നു തീർച്ച. 2005 ഏപ്രിൽ മുതൽ വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ കാമ്പസുകൾ തുറന്നു പ്രവർത്തിക്കാമെന്നൊരു ധാരണയും ഉണ്ടത്രെ.

## ഹ്രസ്വകാല കോഴ്സുകൾ

ആഗോളവൽക്കരണമെന്ന വമ്പൻ ഭീഷണിയെ തൽക്കാലം മറന്നാലും നമ്മുടെ കോളജുകൾ മരിക്കാതിരിക്കണമെങ്കിൽ അടിയന്തിരമായ എന്തെങ്കിലും ചെയ്തേ മതിയാവൂ. ഈ സ്ഥാപനങ്ങളിൽ രായ്ക്കുരാമാനം ഗവേഷണപരിപാടികൾ ആരംഭിക്കണമെന്നും മററും നിർദ്ദേശിക്കുക പ്രായോഗികമല്ല. സമൂഹവുമായി ഇപ്പോഴുള്ളതിനേക്കാൾ തീവ്രതരമായ പാരസ്പര്യം സ്ഥാപിച്ചെടുക്കുകയായിരിക്കണം കലാലയങ്ങളുടെ ലക്ഷ്യം. സമകാലിക സമൂഹത്തിന്റെ ആവശ്യങ്ങൾ പഠിച്ചതിനുശേഷം വേണം പുതിയ പഠനപരിപാടികൾ ആസൂത്രണം ചെയ്യാൻ. എവിടത്തെ സമൂഹം? നാട്ടിലെയോ, വിദേശത്തെയോ? തത്ത്വത്തിൽ, ലോകസമൂഹത്തിനുവേണ്ടിയുള്ള കോഴ്സുകളാണ് തലമുറകളായി ഇവിടെ പഠിപ്പിച്ചു പോരുന്നതെങ്കിലും, ഇനിയും ഈ നയം തുടരുന്നത് അനുശാസ്യമല്ല. വിദേശ സ്ഥാപനങ്ങളുടെ കോഴ്സ് കാററലോഗുകൾ പരിശോധിച്ചാൽ, അവരുടെ രാജ്യങ്ങൾക്കാവശ്യമുള്ള കോഴ്സുകളാണ് മുഖ്യമായും അവർ പഠിപ്പിക്കുന്നതെന്നു മനസ്സിലാകും. ജർമ്മനിയിലും ഫ്രാൻസിലുമൊക്കെ ഇംഗ്ലീഷിൽ നടത്തുന്ന ഇന്റർനാഷണൽ കോഴ്സുകൾ ഇതനൊരപവാദമാണെങ്കിലും, ആഗോള വാണിജ്യത്തെ ഉന്നംവച്ചുകൊണ്ടുള്ളവയാണവ. മററു പല കാരണങ്ങളാൽ, വിദേശത്തെ സാധാരണ കോഴ്സുകൾക്കുപോലും ആഗോളപ്രാധാന്യം കൈവരാറുണ്ട്. എന്തുകൊണ്ട്, നമ്മുടെ രാജ്യത്തിന് സ്റേററിന് നേരിട്ടു പ്രയോജനപ്പെടുന്ന തരത്തിലുള്ള കോഴ്സുകൾ ആവിഷ്കരിച്ചിരിച്ചു കൂടാ?

യു.ജി.സിയുടെ നിർദ്ദേശപ്രകാരം എം.ജി.സർവ്വകലാശാല ആരംഭിച്ചിട്ടുള്ള 'വൊക്കേഷണൽ പാത' പുരോഗമനാത്മകമായ ഒരു നടപടി തന്നെ. സാമ്പ്രദായിക കോഴ്സുകൾക്കൊപ്പം തൊഴിൽ സാധ്യത കൂടുതലുണ്ടെന്ന് കരുതപ്പെടുന്ന ചില വിഷയങ്ങളും പഠിപ്പിക്കുകയാണ് ഈ പദ്ധതിയുടെ കാതൽ. മാത്സ്-കമ്പ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്-ഫോറിൻ ട്രേഡ്, ബോട്ടണി-പ്ലാന്റ് ജനററിക്സ് തുടങ്ങിയ ജോടികൾ ഈ വകുപ്പിൽപ്പെടും. ബയോളജിക്കൽ ടെക്നോളജീസ് ആന്റ് സ്പെസിമെൻ പ്രിപ്പറേഷൻ, ഫാമിലി ആന്റ് കമ്മ്യൂണിററി സയൻസ്, എൻവയൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്, ട്രാവൽ ആന്റ് ടൂറിസം തുടങ്ങിയ പേരുകളിൽ പുതിയ അണ്ടർ ഗ്രാജുവേററ് ഡിഗ്രി കോഴ്സുകളും ഇപ്പോൾ ലഭ്യമാണ്. ഇതെല്ലാം പ്രശംസനീയമായ കാര്യങ്ങൾ. തനിയാവർത്തനമെന്ന വിഡ്ഢിത്തത്തിന് മാനേജ്മെന്റുകൾ (അദ്ധ്യാപകരുടെ പ്രേരണയിൽ) മുതിരാതിരുന്നാൽ മതി! ഏതു നവീന കോഴ്സിനും കുട്ടികൾ ഇരച്ചുകയറും. ഇതുകണ്ട് ഒന്നിലേറെ സ്ഥാപനങ്ങൾ അതേ കോഴ്സ് തുടങ്ങുകയും അതിന്റെ വില ഇടിയുകയും ചെയ്യുക സാധാരണമാണ്. ഈ ദുരന്തം സംഭവിക്കാതിരിക്കണമെങ്കിൽ കോഴ്സുകൾക്ക് ആകർഷണീയമായ വൈവിദ്ധ്യം വേണം. ഡിഗ്രിതലത്തിൽ അമിതതോതിലുള്ള സ്പെഷ്യൽലൈസേഷൻ അഭിലഷണീയമല്ല. പൊതുവിജ്ഞാനം കൂടുതലാവശ്യമായ ജോലികൾക്ക് ഇത് തടസ്സമായിരിക്കും. ഉദാഹരണമായി, ട്രാവൽ ആന്റ് ടൂറിസം ഡിഗ്രിക്കാരന് സ്കൂളിൽ അദ്ധ്യാപക തസ്തിക തരപ്പെടുമോ? ഇമ്മാതിരിയുള്ള തന്ത്രപരമായ പ്രശ്നങ്ങളെ കഴിവതും ഒഴിവാക്കാൻ ഹ്രസ്വകാല പി.ജി.കോഴ്സുകൾ പ്രയോജനപ്പെടും. സാമ്പ്രദായിക വിഷയങ്ങളിൽ ഡിഗ്രിയുള്ളവർക്ക് 3-6 അല്ലെങ്കിൽ

ഒരു വർഷത്തെ ദൈർഘ്യമുള്ള സർട്ടിഫിക്കററ് ഡിപ്ളോമാ കോഴ്സുകളിൽ ചേർന്നു പരിശീലനം നേടാനുള്ള സൗകര്യം ഒരുക്കണം.

നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളനുസരിച്ച് ബോർഡ് ഓഫ് സ്റ്റഡീസാണ് പുതിയ കോഴ്സുകൾ വിഭാവനം ചെയ്യുകയും അവയുടെ ഘടന, ഉള്ളടക്കം മുതലായ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നതും. ഓരോ പുതിയ കോഴ്സിനും, തത്ത്വത്തിൽ, നേതൃത്വം നൽകാനായി ഒരു പ്രത്യേക ബോർഡ് ഓഫ് സ്റ്റഡീസ് ആവശ്യമാണ്. പക്ഷേ, അണ്ടിയോ മാവോ മൂത്തതെന്ന പരമ്പരാഗത ചോദ്യം ഇക്കാര്യത്തിലും പ്രസക്തം. ഒരു പുതിയ കോഴ്സ് നിർവചിക്കുന്നതിനുമുൻപ് എങ്ങനെ അതിനൊരു ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കും? ഒന്നലധികം സാമ്പ്രദായിക വിഷയങ്ങളുടെ സഹകരണത്തിലൂടെയാവും ഈ സന്തതി പിറക്കുക. ബയോ ഇൻഫർമാററിക്സ് എന്ന നവീനവിഷയം ഉരുത്തിരിഞ്ഞ് ഇ ബയോളജിയുടെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും പാരസ്പര്യം മൂലമാണ്. എക്കണോഫിസിക്സ് എന്ന പേരിൽ ഒരു പുതിയ പുസ്തകം അടുത്ത കാലത്ത് ഇറങ്ങിയിട്ടുണ്ട്. ഫിസിക്സിലെ ആശയങ്ങൾ എക്കണോമിക്സിൽ എങ്ങനെ ഉപയോഗിക്കാമെന്നു പരിശോധിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. ഒരു പുത്തൻപഠനസരണിക്കിത് കളമൊരുക്കില്ലെന്ന് ആർക്കറിയാം! വിദേശത്തെ കലാലയങ്ങളിൽ മൗലികവിജ്ഞാനവും, ഭാവനയും ഉൾക്കാഴ്ചയുമുള്ള ചില അദ്ധ്യാപകർ തന്നെയാണ് പുതിയ പഠനശാഖകൾ ആസൂത്രണം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. അഫിലിയേററിംഗ് സമ്പ്രദായത്തിൽ സർവ്വകലാശാലയിൽ നിന്ന് കലാലയത്തിലേയ്ക്കാണ് പുതുരക്തം ഒഴുകേണ്ടത്. ഇത്തരമൊരു കാൽവയ്പ് പ്രതീക്ഷകൾപ്പുറമല്ലേ?

കേരളത്തിന്റെ ഇപ്പോഴത്തെ പരിമിതികൾക്കുള്ളിൽ നിന്ന് എന്തു ചെയ്യാൻ കഴിയുമെന്ന് പര്യാലോചിക്കാം. അൽപം ഗവേഷണവും മാർക്കററ് പഠനവും ഒക്കെ ആവശ്യമുള്ള കാര്യമാണ്. ഓരോ കോളജിന്റെയും ശക്തിദൗർബല്യങ്ങൾ വിലയിരുത്തിക്കൊണ്ട് അവിടത്തെ അദ്ധ്യാപകർ ഇന്റർ ഡിസിപ്ലിനറി സ്വഭാവമുള്ള ഹ്രസ്വകാല കോഴ്സുകൾ ആവിഷ്ക്കരിക്കട്ടെ. ഇതിനായി ബാഹ്യോപദേശം തേടുകയുമാവാം. ഈയിടെ മദ്ധ്യതിരുവിതാംകൂറിലെ ഒരു കോളജ് സന്ദർശിച്ചപ്പോൾ, ബി.കോംകാർക്കു വേണ്ടി ഒരു ഡിപ്ളോമാ പ്രോഗ്രാം അവർ തയ്യാറാക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റുകളുടെ സഹായികളായി ഈ യോഗ്യതയുള്ളവർക്ക് ജോലി തരപ്പെടുമെന്നാണ് കണക്കുകൂട്ടൽ. ഹ്രസ്വകാല പരിപാടികൾ ആവിഷ്കരിക്കുന്നതിന് നിയമവിലക്കുകളില്ല. സർവ്വകലാശാലയുടെ അഫിലിയേഷനും ആവശ്യമില്ല. സത്യത്തിൽ, വ്യക്തിയുടെ സാമർത്ഥ്യത്തിനാണ് അയാൾ പഠിച്ച സർവ്വകാലശാലയേക്കാൾ പ്രാധാന്യം. ബോട്ടണി വകുപ്പുകാർക്ക് ഹോർട്ടി കൾച്ചർ, ടിഷ്യൂ കൾച്ചർ, ഗാർഡനിംഗ് മുതലായ മേഖലകളിൽ കൈവയ്ക്കാം. സുവോളജി, കെമിസ്ട്രി, ഫിസിക്സ് ഈ വകുപ്പുകൾ കൈകോർത്ത് കോസ്മറോളജി, ബ്യൂട്ടി തെറാപ്പി തുടങ്ങിയ കോഴ്സുകൾ, മെഡിസിൻ, മാനേജ്മെന്റ് മേഖലകളിലെ വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടെ ആരംഭിക്കാൻ കഴിയും. (ബ്രിട്ടനിലും, ന്യൂസിലൻഡിലുമൊക്കെ ബ്യൂട്ടി സയൻസിൽ ബിരുദ, ബിരുദാന്തര പഠനങ്ങൾ നടക്കുന്നുണ്ടുപോലും!) സാമ്പ്രദായിക വിഷയങ്ങളിൽ ബിരുദമുള്ളവർക്കുപോലും അധികപരിശലീനത്തിലൂടെ, അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ സാധിക്കുമെന്നതാണ് ഹ്രസ്വകാലന്മാരെ' അവതരിപ്പിക്കുന്നതിനു പിന്നിലെ ദർശനം. സ്വയം സംരംഭകത്വമെന്ന മാനേജ്മെന്റ് തന്ത്രം ഇത്തരം കോഴ്സുകളുടെ അവിഭാജ്യഘടകമായി ഉൾക്കൊണ്ടിരിക്കണം.

ഒട്ടുംതന്നെ ചൂഷണം ചെയ്യപ്പെടാത്ത, വന്യമായ ഒരു മേഖലയാണ് മാനവിക വിഷയങ്ങളുടേത്. ഇതിനകം സാമ്പ്രദായിക പരിവേഷം സിദ്ധിച്ചുകഴിഞ്ഞിട്ടുള്ള ചില സാങ്കേതിക കോഴ്സുകളിൽ മാത്രം കണ്ണുംനട്ടിരിക്കുന്ന നമുക്ക് ചരിത്രം, ദർശനം, മൂല്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധനം എത്രകണ്ടാവശ്യമാണെന്ന്, വർദ്ധിച്ചുവരുന്ന ജാതിമതവർഗ്ഗ സംഘർഷങ്ങൾ വെളിവാക്കുന്നു. ടെക്നോളജിയുടെ മേൽക്കൈ അംഗീകൃത സത്യമായതോടെ ഈ വിഷയങ്ങൾ പാടെ അവഗണിക്കപ്പെട്ട നിലയിലാണ്. ഇവയിലും എഴുത്ത്, സാഹിത്യാസ്വാദനം, അഭിനയം, മാധ്യമങ്ങൾ തുടങ്ങിയ നാനാമണ്ഡലങ്ങളിലും പോസ്റ്റ് ഗ്രാജുവേററ് ഹ്രസ്വകാലപഠനത്തിനുള്ള ധാരാളം സാദ്ധ്യതകളുണ്ട്. മതങ്ങളുടെ താരതമ്യപഠനം മറെറാരു മേഖല ശാന്തിയും സമാധാനവും സമൂഹത്തിൽ പുനഃസ്ഥാപിക്കണമെങ്കിൽ, മാനവിക വിഷയങ്ങൾക്കും കലയ്ക്കും അവയർഹിക്കുന്ന സ്ഥാനം നൽകിയേ തീരൂ. ഭാരതീയ ദർശനത്തിൽ എന്തുകൊണ്ട് ഹ്രസ്വകാല കോഴ്സുകൾ വികസിപ്പിച്ചുകൂടാ? നമ്മുടെ സംസ്കാരത്തിന്റെ മൗലികസ്വഭാവം മതനിരപേക്ഷതയാണെന്ന തിരിച്ചറിവ് ചിലർക്കില്ലാതെ പോകുന്നത്, അപൂർണ്ണമായ വിദ്യാഭ്യാസത്തിന്റെ ഫലമായിരിക്കാം.

## ഉപസംഹാരം

സ്ഥലപരിമിതിമൂലം പൊതുജനത്തിന് ഉപകാരപ്രദമായേക്കാ

വുന്ന പല പഠനശാഖകളെപ്പററിയും ഇവിടെ ചർച്ച ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും, ഉന്നത വിദ്യാഭ്യാസമേഖലയിൽ ഉണർവിന്റെയും ആവശ്യകതയെപ്പററി സൂചിപ്പിച്ചു. സംക്രമിച്ചുകൊണ്ടിരിക്കുന്ന ലോകചിത്രത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ അലകും പിടിയും അതിവേഗം മാറിക്കൊണ്ടിരിക്കുന്നതായി കാണാം. ഇന്നലെവരെ ജനപ്രിയവിഷയമായിരുന്ന ഐ.ടിക്ക് സംഭവിച്ചതുപോലുള്ള 'അസ്തമനം' ഈ മേഖലയുടെ ഒരു പൊതുസവിശേഷതയായിക്കഴിഞ്ഞു. ആധുനിക ജീവിതത്തിന്റെ ഡ്രൈവറായ ടെക്നോളജിയുടെ ഗതിവിഗതികൾ ശ്രദ്ധിച്ചുകൊണ്ടുതന്നെ, നമ്മുടെ കോളജുകളുടെ അതിജീവനം ഉറപ്പാക്കാം. പക്ഷേ, അതിന് അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് നിരന്തരജാഗ്രതയും കഠിന പരിശ്രമവും ആവശ്യമാണ്. ഏതാനും വർഷംമുൻപ് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിലാരംഭിച്ച ചില പരിശ്രമങ്ങളാണ് പിന്നീട് എം.ജി.സർവ്വകലാശാലയുടെ സിലബസ് പരിഷ്കരണത്തിലേയ്ക്കു നയിച്ചതെന്ന കാര്യം സ്മരണീയമാണ്. പുതിയ വെല്ലുവിളികളെ നേരിടുന്നതിനും നമ്മുടെ അദ്ധ്യാപകർക്ക് കഴിയട്ടെ. ■


# ഡോക്ടറേററ് ലഭിച്ചു



ചെമ്പഴന്തി ശ്രീനാരായണ കോളജ് ധനതത്വശാസ്ത്രവിഭാഗം അദ്ധ്യാപകൻ ശ്രീ. **ബൈജു.കെ.സിക്ക്** കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "കേരളത്തിന്റെ ഉപഭോഗരീതിയും സാമ്പത്തിക വളർച്ചയും" എന്ന ഗവേഷണ പ്രബന്ധത്തിനാണ് Ph.D ലഭിച്ചത്. ഡോ. വർഗീസ് എം.മാത്തുണ്ണിയുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.



ചെമ്പഴന്തി ശ്രീനാരായണ കോളജ് ഹിന്ദി വിഭാഗം അദ്ധ്യാപിക ശ്രീമതി **ടി.പി.ലൈലയ്ക്ക്** കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. "Dimensions of gender relationship in the works of the Mohan Rakesh " എന്ന ഗവേഷണ പ്രബന്ധത്തിനാണ് Ph.D ലഭിച്ചത്. കാലടി സർവ്വകലാശാലയിലെ ഡോ. വി.കെ.അബ്ദുൾ ജലീലിന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.



കേരള യൂണിവേഴ്സിററിയിൽ നിന്നും ഫിസിക്സിൽ Electron Localisation in High Tc Ceramic Super conductors and in Ilmenite using EFG Studies എന്ന വിഷയത്തെ അധികരിച്ച് നടത്തിയ ഗവേഷണത്തിന് പി.എച്ച്. ഡി ലഭിച്ച ചെമ്പഴന്തി ശ്രീനാരായണ കോളേജിലെ അദ്ധ്യാപകൻ **ശ്രീ മോഹൻ ശ്രീകുമാർ.** ഡോ. എൻ. വാസുദേവൻ നായരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം

## അഭിനന്ദനങ്ങൾ



# ചോര കിനിയുന്ന ഒലിവിലക്കൊമ്പും ഏരിയൽ ഷാരോണിന്റെ ഭാരതസന്ദർശനവും

എം.എസ്.വസന്തകുമാർ

ഇസ്രയേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ ഇന്ത്യയിൽ അതിഥിയായി വന്ന് മടങ്ങിയിരിക്കുന്നു. സമസ്തതലത്തിലും ഇതിന്റെപേരിൽ വിമർശിക്കപ്പെട്ടത് ആ സന്ദർശനത്തിന് ഇടവരുത്തിയ വാജ്പേയി സർക്കാർ തന്നെ ആയിരുന്നു.

എന്തുകൊണ്ട് ഷാരോൺ അനഭിമതനായി എന്ന് പറയേണ്ടതില്ല. ഏവരും അറിയുന്ന വംശനിർമ്മാർജ്ജകൻ സമാദരിക്കപ്പെട്ടുകൂടാ.

ഹഗനാഹ് എന്ന സയണിസ്റ്റ് (യഹൂദ) ഭീകരസംഘത്തിൽ ഷാരോൺ അംഗമായി ചേർന്നത് 1942ൽ ആണ്. അന്നുമുതൽ പലസ്തീനികളുടെ രക്തം ഈ നരാധമന് ഒരു ലഹരിയാണ്. അവിടത്തെ കിബിയ ഗ്രാമത്തിൽ 69 പലസ്തീനികളെ കൊലചെയ്തുകൊണ്ടായിരുന്നു ഷാരോൺ തന്റെ കൂട്ടക്കൊലകളുടെ അരങ്ങേററം കുറിച്ചത്. അത് 1953ൽ, പിന്നെ 1982ൽ പലസ്തീൻ അഭയാർത്ഥി ക്യാമ്പുകൾ ഉണ്ടായിരുന്ന ബെയ്റൂട്ടിലെ സാബ്രയിലും ഷററിലായിലും 3500 പലസ്തീനികളെ ഷാരോൺ വകവരുത്തി. ഇതിന് അദ്ദേഹത്തിന് 2 ദിവസമേ വേണ്ടിവന്നുള്ളൂ. അപ്പോഴേക്കും അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന ഇസ്രയേൽ പ്രതിരോധ മന്ത്രിപദം ഉപേക്ഷിക്കേണ്ടിവന്നു. ഇക്കാലത്ത് തന്നെ ലെബണൻ ആക്രമിച്ചവേളയിൽ 20,000 പേർ വധിക്കപ്പെടുകയുണ്ടായി. തുടർന്ന് ടെൽ അവീവിൽ (ഇസ്രയേൽ) പ്രതിഷേധമുയർന്നു; 4 ലക്ഷം പേർ പ്രകടനം നടത്തി. ലോകമെങ്ങും പ്രതിഷേധം അലയടിച്ചു.

പക്ഷെ പിന്നെ ലോകം കണ്ടത് ഏരിയൽ ഷാരോൺ ഇസ്രയേൽ പ്രധാനമന്ത്രിപദ വിഭൂഷിതനായി നിൽക്കുന്നതാണ്. അതാണ് ഇസ്രയേലിന്റെ രീതിയും പാരമ്പര്യവും.

1922 സെപ്ററംബർ 11ന് ബ്രിട്ടനാണ് പലസ്തീൻ ആക്രമിച്ച് കീഴടക്കിയത്. ചിരകാലം അറബികൾ വാണ പലസ്തീൻ മണ്ണിൽ ബ്രിട്ടന്റെ ഒത്താശയോടെ സയണിസ്റ്റുകളുടെ സാമ്രാജ്യമായ ഇസ്രയേൽ രൂപംകൊണ്ടു. ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു "ഒരു നായ കുറെക്കാലം ഒരു കൂട്ടിൽ കിടന്നതുകൊണ്ട് കൂട് അതിന്റെ സ്വന്തമാകുന്നില്ല". സ്വന്തം ജന്മനാട്ടിൽ അഭയാർത്ഥികളായി മാറിക്കൊണ്ടിരുന്ന പലസ്തീനികളെ പരിഹസിക്കാൻ ചർച്ചിലിന് കിട്ടിയ ഉപമ അപാരം തന്നെ! 1947ൽ ഐക്യരാഷ്ട്രസഭ പലസ്തീനെ ഔദ്യോഗികമായി വിഭജിച്ചു. 55% രാജ്യം സയണിസ്റ്റുകൾക്ക് കിട്ടി. അതാണ് ഇസ്രയേൽ. ഒരുവർഷത്തിനകം ഇസ്രയേൽ 76%വരെ കവർന്ന് സ്വയം വികസിച്ചു. 1948 മേയ് 14ന് ഇസ്രയേൽ രാജ്യം പ്രഖ്യാപിക്കപ്പെട്ടു. നിമിഷങ്ങൾക്കകം അമേരിക്ക അതിനെ അംഗീകരിച്ചു.

ശേഷിച്ച പലസ്തീൻ വെസ്റ്റ് ബാങ്ക് എന്ന പ്രവിശ്യ ജോർദാൻ കൈവശപ്പെടുത്തി. മററൊരു പ്രദേശമായ ഗാസാസ്ട്രിപ്പ് ഈജിപ്ററ് സ്വന്തമാക്കി. പലസ്തീൻ അങ്ങനെ ഭൂപടങ്ങളിൽനിന്ന് അപ്രത്യക്ഷമായി. അതിരും നാമവും ബാഷ്പീകരിച്ച് പോയ സ്വന്തംനാട്ടിൽ പലസ്തീനികൾ കുടികിടപ്പുകാരായി. 1967ൽ വെസ്റ്റ്ബാങ്കും ഗാസാസ്ട്രിപ്പും ഇസ്രയേൽ തിരിച്ചുപിടിച്ചു.

ഗോൾഡാമേയറും മനേഹിം ബഗിനും യിത്ഷാക് ഷമിറും ഏരിയൽ ഷാരോണിന്റെ പൂർവ്വിക പ്രധാനമന്ത്രിയായി ഇസ്രയേലിനെ നയിച്ചു. "എന്താണ് പലസ്തീനികൾ?" എന്ന് ചോദിച്ചത് ഗോൾഡാമെയർ ആയിരുന്നുവെങ്കിൽ പലസ്തീനികളെ "ഇരുകാലി മൃഗങ്ങൾ" എന്നുവിളിച്ചത് മനേഹിം ബഗിനാണ്. യിത്ഷാക് ഷമീർ അവരെ 'വിട്ടിലുകൾ' എന്നു വിളിച്ചു. ഈ യഹൂദ പ്രമാണിമാരുടെ മൃഗയാ വിനോദങ്ങൾ പലസ്തീനി മനുഷ്യക്കൂട്ടങ്ങൾക്ക് നേരെയായിരുന്നു. ആ നീചവിനോദത്തിന്റെ സമകാലിക കേളീവിദഗ്ധനാണ് എരിൽ ഷാരോൺ.

അമർച്ച ചെയ്യപ്പെട്ട് പിഡിതരായ പലസ്തീനികളെ മനുഷ്യത്വപരമായ സഹാനുഭൂതിയോടെയായിരുന്നു ഇന്ത്യ ഇന്നലെവരെ കണ്ടിരുന്നത്. പാലസ്തീൻ വിമോചന പ്രസ്ഥാനത്തിന്റെ നേതാവ് യാസർ അരാഫത്ത് ഇന്ത്യയുടെ നല്ല സുഹൃത്തായിരുന്നു. ഇന്ദിരാഗാന്ധിയുടെ ശവസംസ്കാരചടങ്ങിനെത്തിയ അരാഫത്തിന്റെ വികാരനിർഭരമായ അന്തിമാഭിവാദനം ചിതയിലൊടുങ്ങിക്കൊണ്ടിരുന്ന ഇന്ദിരയ്ക്ക് മാത്രമായിരുന്നില്ല; ദുഃഖഭാരത്താൽ വിതുമ്പുന്ന ഭാരതത്തിന്റെ നഷ്ടസൗഭാഗ്യത്തിന് നേർക്ക് കൂടിയായിരുന്നു. ടെലിവിഷനിൽ അന്ന് നാം കണ്ട അരാഫത്ത് അവിസ്മരണീയനായി നിലകൊള്ളുന്നു. പലസ്തീനോടുള്ള ഇന്ത്യൻ സൗഹൃദം നെഹ്റുവിന്റെ കാലംതൊട്ടേ ആശാസ്യമായി തുടരുകയായിരുന്നു.

എന്നാൽ 2000 ജൂലൈ 2-ാം തീയതി ജെറുസലേമിൽ നടന്ന കൗൺസിൽ ഓഫ് ഫോറിൻ റിലേഷൻസിൽ പ്രസംഗിച്ച ഇന്ത്യൻ വിദേശകാര്യമന്ത്രി ജസ്വന്ത് സിംഗ് നെഹ്റുവിന്റെ നയം തെററായിരുന്നുവെന്നും അത് 'മുസ്ലീം പ്രീണന'മായിരുന്നുവെന്നും കുമ്പസരിച്ചു. തന്നെയുമല്ല 2001 അവസാനത്തോടെ ഇന്ത്യയും ഇസ്രയേലും സംയുക്തമായ പ്രതിരോധസഹകരണ സമ്പ്രദായം അവ്യവസ്ഥാപിതമായി ആരംഭിച്ചും കഴിഞ്ഞു. ഇസ്രയേലിന്റെ കുറയുന്ന സൈനിക ഉല്പന്നക്കച്ചവടം ഉഷാറാക്കുകയായിരുന്നു ലക്ഷ്യം.

സാബ്ര-ഷററിലാ കൂട്ടക്കൊലയുടെ പ്രധാന ശില്പികളിൽ ഒരാളാണ് അമൊസ് ഷാരോൺ. ഇയാൾ ഇസ്രയേലിന്റെ പ്രതിരോധമന്ത്രാലയ ഡയറക്ടർ ജനറൽ എന്ന നിലയിൽ ഏതോ യാത്രാമദ്ധ്യേ ഡൽഹിയിൽ എത്തി. ഇവിടുത്തെ ഡിഫൻസ് സെക്രട്ടറിയെ കണ്ടു സംസാരിച്ചു. ഈ കൂടിക്കാഴ്ചയുടെ ഫലമായി റഷ്യ കഴിഞ്ഞാൽ ഇന്ത്യക്ക് ഏററവും കൂടുതൽ ആയുധങ്ങൾ വിൽക്കുന്ന രാജ്യമായി ഇസ്രയേൽ മാറി.

2003 മെയ് 8ന് ന്യൂയോർക്കിൽ ചേർന്ന അമേരിക്കൻ യഹൂദ കമ്മിററിയുടെ വാർഷിക വിരുന്നിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധി വിചിത്രമായ ഒരു കാര്യം പറഞ്ഞു. ഇന്ത്യയും ഇസ്രയേലും അമേരിക്കയും സഹിഷ്ണുത, സമഭാവന, നാനാത്വത്തിലെ ഏകത്വം എന്നിവയിൽ സമാനതകൾ ഉള്ള രാഷ്ട്രങ്ങളാണെന്ന് പോലും! പലസ്തീനികളുടെ രക്തം കുടിക്കുന്ന ഇസ്രയേലും അതിന് ഒത്താശചെയ്യുന്ന അമേരിക്കയും തമ്മിൽ ചേരും. വംശനിർമ്മാർജ്ജനം അവർക്കൊക്കെ വഴങ്ങുന്ന ക്രൂരവിനോദമാണ്. യഹൂദമത വികാരം ഒരു ഭ്രാന്തായി പരിണമിച്ച്, നൂററാണ്ടുകളിലൂടെ അത് കൂടുതൽ മൂത്ത് രക്തദാഹികളായിത്തീർന്ന അവരുടെ നേതാക്കന്മാരും അവർക്ക് ലോകവേദിയിൽ വക്കാലത്തുമായി നിൽക്കുന്ന അമേരിക്കൻ യജമാനന്മാരും സമാനരാകാം. വിവേകാനന്ദന്റെയും മഹാത്മാ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ഭാരതനാടിനെ ആ അധമപ്പട്ടികയിൽ പെടുത്താൻ ഒരു വിദേശിയനുപോലും മനസ്സുവരില്ല. ആ വിരുന്നിൽവച്ചാണ് ഏരിയൽ ഷാരോണിന് ഇന്ത്യയിലേക്ക് ക്ഷണം കിട്ടിയത്.

എന്തിനാണാവോ നമ്മുടെ പുറപ്പാട്? വംശനിർമ്മാർജ്ജനത്തിന്റെ വഴിയിൽ ഒരു അഭിനവ ഇസ്രയേൽ ചമയാനാണോ ആർഷഭാരത സാരഥികൾ ഒരുങ്ങുന്നത്? അതായിരുന്നുവോ മോഡിയെക്കൊണ്ട് റിഹേഴ്സൽ ചെയ്യിച്ചത്? തികച്ചും വ്യത്യസ്ത രക്തവും വികാരങ്ങളും പാരമ്പര്യവുമുള്ളവരെ പോലെയാകാൻ ഋഷികളുടെ നാട്ടിൽ ജനിച്ച നമുക്കാവുമോ?

ഇന്ത്യയുടെ വിദേശനയത്തിന്റെ വിശുദ്ധി അറിഞ്ഞവർ ഷാരോൺ ഇന്ത്യക്ക് അഭിമതനാണെന്ന് ഉറക്കെപ്പറഞ്ഞു. എന്നാൽ ഷാരോണിന് ഉപഹാരവുമായി ചെന്നതോ ഇവിടുത്തെ മഴനൃത്ത ഫെയിം ആയ ഒരു മന്ത്രിപുംഗവനും!

പലസ്തീനിനും അരാഫത്തിനും നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ഐക്യരാഷ്ട്രസഭയിൽ പ്രമേയം വന്നു. ഇസ്രയേലിനെ പ്രതിരോധിക്കാൻ ഗതികെട്ട് പലസ്തീൻ നടത്തുന്ന ഒളിപ്പോരും ബന്ധപ്പെട്ട സംഘങ്ങളും സായുധസേനകളുമായിരുന്നു ആ വേളയിൽ അമേരിക്കയ്ക്ക് വലിയ തെററായി തോന്നിയത്. അതുകൊണ്ട് പ്രമേയത്തെ അവർ വീറേറാ ചെയ്തു. അമേരിക്കയുടെ വീറേറാശക്തിക്കു നേരെ ലോകരാഷ്ട്രങ്ങളുടെ അഭിപ്രായധീരതയുടെ മേഘനാദമാണ് ഉയർന്നത്. നേർവഴികൾ അടയില്ല എന്ന ആശ്വാസം ഏകുന്ന വിശ്വാസമാണ് അത് പകരുന്നത്. എന്നാൽ സമാന്തരമായി പലസ്തീൻ മുസ്ലീം ജനതയുടെ പേരിൽ സന്നാഹപ്പെടുന്ന പലസ്തീൻ-ബാഹ്യമായ മുസ്ലീം മതവികാരവും ഭീകരപ്രവർത്തനവും അത്യന്തം അപകടകരമാണ്. ■

# Red rain in kerala

**Dr. Sainudeen Pattazhy**
*S.N.College, Kollam*

The findings of the research studies conducted by environmentalist and Zoology lecturer in Kollam S.N.College Dr. Sainudeen Pattazhy on the 'red rain' that occured in the State in 2001-2002 have been approved by national and international scientists and published in an international journal from Muzaffar Nagar (Journal of Zoology). The findings have also been indexed in the Russian Academy of Science, CAB (UK), Indian Science Abstracts, etc. The basic cause of redrain was unknown to the world.

Red rain water and normal rain water were analysed for various physico-chemical and biological factors. In the red rain water a large number of biocells (which included algae, fungi, lichens, pollengrains etc) and various elements like carbon, silicon, calcium, sodium, potassium, phosphorous, nickel, hexavalent chromium and organic matter were found. In the normal rain water the number of biocells, levels of silicon, alumina, calcium, sodium, potassium, phosphorous, nickel and organic matter were very low. Hexavalent chromium was absent in the normal rain water. The Oxidation state of chromium ranged from 2 to 6. Dominant forms are only $3^+$ and $6^+$. Trivalent chromium (Cr III) is mostly accumulated on the top-soil. Trivalent chromium is more stable, immobile, positively charged and has less affinity for oxygen. The presence of trivalent chromium decreases with increase in the depth of soil. The hexavalent chromium (Cr VI) is mostly accumulated in deeper parts of the earth's crust. Chromium VI is a strong oxidizer, soluble and negatively charged. Again red rain water samples were analysed for hexavalent chromium by modified s - diphenyl carbazide (DPC) calorimetric method of Pilkington and Smith (1967). The presence of hexavalent chromium in red rain water sample was again confirmed.

The new finding that biogases from under the earth's crust get released into the atmosphere due to natural hazards like earthquakes, landslides, collapse

of wells etc. Several ores like hexavelant chromium get discharged into the atmosphere along with these biogases. The chromium VI present in the red rain diffuses into the biocells, which inturn gives the red colour to the water and biocells. In the red rain water sample both red bio-cells and water had shown gradual colour changes. If the natural biocells were the cause of the red rain, the colour of the red biocells and water would not have faded. The chemical colour imparted by the hexavalent chromium would be faded due to photochemical reaction. The findings by several other scientists which came to the conclusion that algae, lichens, pollengrains, faecal matters of honeybees, sand storms etc have been contradicted. Though these agents were found on the earth for centuries red rain did not occur always.

During the emission of biogas from the earth's crust; the biocells and other materials adhered to the plants and substratum were also released into the atmosphere. This was the reason for the high density of biocells in the red rain water. The different colours of water corresponded to the different types of ores present in the medium. Though trivalent chromium in trace quantity is essential to human and animal life, exposure to hexavalent chromium compounds can pose a major health risk to all forms of life. One of the way of alleviating the toxicity problems of chromium is the reduction of hexavalent chromium. However hexavalent chromium in nature is rapidly reduced even with the presence of trace quantity of organic matter. The hexavalent chromium is known toxin, mutagen and carcinogen. Its cell penetration is 1000 times more than the trivalent form. Conversely trivalent chromium is essential for proper insulin action, is required for normal protein, fat and carbohydrate metabolism and is acknowledged as a dietary supplement. Acute exposure to high concentrations of hexavalent chromium can cause irritation of mouth, nose, throat and lungs leadings to nasal ulcer, asthma and bronchitis; it also causes skin irritation and allergy it may also lead to kidney and liver damages. Infact the most serious health effect associated with hexavalent chromium is lung cancer via inhalation. Oral route of exposure does not appear to hexavalent to its carcinogenicity, may be because of effective reduction of hexavalent chromium by saliva and gastric juice. It appears that water soluble salts of hexavalent chromium may be more carcinogenic than those with low solubility. The mechanism of carcinogenesis is however not clearly known. Reactive oxygen species (ROS) mediated reactions may play a role. There is also some evidence that intracellular reduction of chromium VI to chromium V plays a fundamental role in DNA damage leading carcinogenesis. Fortunately, hexavalent chromium is not present in significant quantities in the food chain. No significant hepatic renal or hematological changes have been noted in different human studies of supplementation with trivalent chromium, usually at 200 mg daily to 200 mg twice daily. Even higher doses does upto 1000 mg daily have been found safe.

# The book of the hunter

**Mahasweta Devi**
**Tr. Mandira and Sagaree Sengupta**
**(Seagull Books, 2002)**

**Bindu Nair**
S.D.College, Alappuzha

One of the seminal concerns of postcolonial literature is the recording of subaltera histories. As a committed activist and avowed champion of the subalaterus - tribals, dalits, landless labouers and other marginal populations of Central and Eastern India - Mahasweta Devi has written extensively on their contemporary situation as well as their past history. As a creative writer, she firmly believes that the recovery of their history is impossible without the recovery of their oral tradition in which is encoused their myths, legends, tales, traditions and culture. The book under review is a recently published translation of Mahasweta Devi's Byadhkanda, originally brought out in 1994.

The Book of the Hunter is a short novel that attempts to reconstruct through fact, legend, oral core and fiction, the genesis of a sixteenth century epic poem that records the socio-cultural history of the forest-dwelling hunting tribe, the "shabars" of West Bengal. "Abhayamangal" or "Chandimangal" as it was more popularly known, was composed by the medieval poet Mukundaram Chakrabarti. It belongs to the genre "mangalakavya", which is a ballad dedicated to gods and goddesses who were worshipped outside the traditional Hindu pantheon. "Abhaya" or "Chandi" was a forest goddess, worshipped by both the mainstream Hindu community and the non-Hindu tribes of the forest. How the orthodox brahman priest Mukundaram comes to write the story of the shabars is the site of Mahasweta's narrative. In the preface, she acknowledges her debt to the medival poet who "lightened the burden of mainstream society's sins by writing his "Byadhkanda" (p.Viii).

The two main strands in the novel involve Mukundaram, the young scholar-priest and his family and the tribal couple, Kalya and Phuli. Forced to leave his native village Dominya and settle in a new village Ararha, Mukunda is intrigued by the pervading presence of the forest tribe, the "Shabars", (also called "akhetiya") in the socio-cultural life of the village. He learns of the unique identity that the shabars maintain by keeping to their traditional beliefs and modes of existence. They refuse to cultivate, live off the forest, do not acknowledge the king of the land, but follow their own laws and cultural mores. Their separate identities are brought out in a few deft strokes by Mahasweta in the scenes of the family life of the two couples. The Shabars' unabashed openness, innocence, skill in hunting and their harmony with the ecosystem

are depicted with a blend of realism and poetry, a characteristic of much of her writing.

The narrative is shot through with smatterings of legend and oral lore that reconstruct the origins of the tribal beleifs that shape their identity and cultural patterns. The legend of the immortal shabar king kalketu and his queen Phullora is reborn in the couple Kalya and Phuli. The grand old man of the tribe, Danko, lives in the heart of the jungle, protecting the shrine of "Abhaya" and safeguarding his knowledge of his ancestors. He passes on his wisdom to his daughter, Tejota, who will in turn pass it on to her son, Kalya, when he is ready to receive it.

The Shabars' life is endangered as they come into contact with mainstream society. Forests are cut down to give way to expanding cities and the uncompromising tribes move on. Their mistrust of mainstream society and its values is traced to the legend which tells of a brahman who once stole the idol of "Abhaya" and the enraged goddess cursed the brahman as well as the careless tribe. In their own way, Danko and Kalya are both trying to regain their lost glory, the former through the power of his knowledge and the latter through the power of his bow and arrow. Mahasweta's tragic sensibility takes the novel to a gripping, devastating climax, with Kalya disobeying the rules of the hunt and paying with his life. The tragedy spurs Mukunadaram on to write the epic of the forest goddess Abaya (remover of fear/protector) in a sublime effort to lend a voice to the silent tale of the forest people.

As the translators have pointed out, Mahasweta has done a remarkable job of coalescing "legend and history, fact and fiction, narration and dialogue" (xi) to create this gem of a novel. She has a declared agenda of promoting awarness in mainstream culture about the positive values of tribal life and culture. The declaration "Give them (women) full liberty and they will honour it absolutely" (120) is a pointer to the almost envious status a woman enjoys in tribal society. Unlike many of her novels, there is no obvious effort to reinforce the aspect of exploitation in the relations between the mainstream and subaltera classes. It is a truly magical tale of the pristine lives of the forest people and their all-powerful goddess. It is also the tale of the poet-priest who steps across the cultural border and records with faith and beauty the silent history of the adivasis. The book has a wealth of information on the forest ecosystem and details of the ecology of the geographical area represented by the village. The author herself testifies to the veracity of Mukundaram chakravarti's documentation of the flora and fauna and geographical features of the place (ix).

The translators are a mother-daughter duo of Mandira and Sagaree Sengupta who have collaborated on an earlier translation of Mahasweta Devi's first novel "The Queen of Thansi". The finer technical points of translation lie beyond the scope of this review, but readers not familiar with Bengali, will find this translation very readable. Seagull Books are doing commendable work in translating and publishing regional writing of original talent and value. The range of their titles come under fiction, Anthropology, cultural history, folklore and subaltern history. This tittle is entered under 'Fiction/Cultural History'. ■

# Dutch Disease

Dr. P.S.Mohanakumar
S.S. College, Kalady

A dramatic increase in the wealth of a country brings in a paradoxically adverse consequence. When a country catches Dutch disease, the traditional export sector gets affected. In the 1960s, the foreign investment in the natural gas sector of Netherlands increased enormously. This ostensibly positive development increased the value of Dutch guilder (currency of Netherlands) which made other exports from Dutch, less attractive. This syndrome has come to be known as "Dutch Disease", a term that broadly refers to the harmful consequences of a large increase in a country's income. This means if the value of Indian rupee increases due to high FDI in one particular sector and the increased value of rupee affects the exports of other products, one can conclude the presence of 'Dutch disease' syndrome in India.

Dutch disease model is used to examine episode due to dramatic increase in wealth by way of large inflow of foreign currency, including a sharp surge in natural resource prices, foreign assistance and foreign direct investment.

## 2. Securitisation and Banks

Securitisation is a process through which illiquid assests, converted into marketable securities. The law relating to securitisation enables banks to securitise their loan assests which are classified as NPA (Non Performing Assests) in favour of a Reconstruction Company (RCO). The Securitisation Company (SCO) & RCO is empowered to take measures for the purpose of enforcement of securitised loan assests in case the borrower makes default in honouring his commitment under loasn agreement. The measures are the following.

1. Take possession of secured assests and sell or lease a part or whole of the secured assests
2. Take over the management of the business of the borrower
3. Reschedule the payment of debt payable by the borrower
4. On settlement of dues payable by the borrower to hand over the management to the borrower.

## 3. Foreign Exchange Norms

The following facilities are available to buy foreign exchange from any authorised forex dealer without taking permission from RBI (Capital and currency account convertability)

| Item | Maximum Permissible Amount in US$ |
|---|---|
| 1. Private Travel | $ 10,000 in every year |
| 2. Study Abroad | $ 30,000 in every year |

| | | |
|---|---|---|
| 3. | Medical treatment | $ 50,000 (more on the basis of doctors report) |
| 4. | Boarding/Lodging/ Travel expenses | $ 25,000 per person of patient and attendant |
| 5. | Employment abroad | $ 5000 |
| 6. | Emigration | $ 5000 |
| 7. | International Credit Card | $ 10,000 |
| 8. | Miscellaneous (without production of document) | $ 500 |
| 9. | Gifts and Donations | $ 5000 |
| 10. | Repartiation of sales proceeds | $ 1,00,000 per year of immovable property (acquired or inherited) |

You can retain foreign exchange upto $ 2000 in the form of foreign currency for future use. Any excess of this sum is required to be surrendered to a bank within 3 months and Travellers cheque within 6 months of return.

Today money travels across international borders. The rupee price per unit of foreign currency is called foreign exchange rate. Beginning from 1993, India is starting towards full convertibility of Indian rupee.

## 4. Economic Rent

Rent is what we pay to the landlord each month. Economic rent means something different. It is the extra amount paid (over what would be paid for the best alternative use) for something whose supply is limited either in nature or because of human ingenuity. For example, a film star might earn a fee many times the salary of a less known actor. The difference in salary is the economic rent accuring to the star.

Similarly, the organization of the petroleum exporting countries (OPEC) is a cartel that keeps oil supplies artificially low compared with potential world production, raising the price oil. The additional cost to the consumer is economic rent.

(Finance & Development, March 2003)

## 5. Tail piece

Different type of credit cards

**1. ATM Card**

It allows the customer to access the bank account through Automatic Teller Machine (ATM) primarily to withdraw the cash. ATM counters of banks are opened in many centres.

**2. Debit Card**

It offers the customer the benefits of an ATM card but also allows you to make payments for purchase at outlets through directly debiting your bank account.

**3. Credit Card**

It does not directly interfere with bank account and offers a line of credit. It can be used to make purchases of goods or withdraw money and the amount to be deposited in the bank at the end of the month, for which a statement will be sent to the customer. Eg. Visa Cards, Master Cards

(Indian Express)

**MENA Countries**

MENA 7 refers to the seven large non-oil or diversified economics viz., Algeria, Egypt, Iran, Jordan, Morocco, Pakistan and Tunisia. MENA stands for Middle East and North Africa. ■

# നൂററിപത്താമത്തെ മൂലകത്തിന് പേരിട്ടു1

ഡോ. എം.ആർ.സുദർശനകുമാർ
എം. ജി. കോളജ്, തിരുവനന്തപുരം

1994 ലാണ് അററോമിക സംഖ്യ 110 ഉള്ള മൂലകം നിർമ്മിച്ചത്. ഇന്റർനാഷണൽ യൂണിയൻ ഓഫ് പ്യൂർ ആന്റ് അപ്ലൈഡ് കെമിസ്ട്രി (IUPAC) ഈ മൂലകത്തിന് 'ഡാംസ്റ്റാഡ്ഷ്യം' (darmstadtjum) എന്ന് പേരിട്ടു. "Ds' എന്ന പ്രതീകമാണ് ഈ മൂലകത്തിന് നൽകിയിരിക്കുന്നത്. ഈ മൂലകം ആദ്യമായി നിർമ്മിച്ചത് ജർമ്മനിയിലെ "Darmstadt' ലുള്ള ഹെവി അയൺ റിസർച്ച് ലാബിലാണ്. ഈ സ്ഥലപ്പേരിൽ നിന്നുമാണ് മൂലകത്തിന് പേര് നൽകിയത്.

## ഹിഗ്സ് കണം[2]

പ്രപഞ്ചത്തെ കുറിച്ചുള്ള ഇന്നത്തെ നമ്മുടെ ധാരണ സ്റ്റാൻഡേർഡ് മോഡൽ ആസ്പദമാക്കിയാണ്. പക്ഷേ ഈ മോഡൽ വസ്തുക്കളുടെ മാസിനെ സംബന്ധിച്ച് വിശദീകരണം നൽകുന്നില്ല. ഇത് വിശദീകരിക്കുന്ന ഹിഗ്സ് സിദ്ധാന്തമനുസരിച്ച് ദ്രവ്യത്തിനുള്ള മാസിനു കാരണം ഹിഗ്സ് കണമാണ്. ഫെർമിലാബിൽ നിന്നുള്ള ഏററവും പുതിയ പ്രവചനമനുസരിച്ച് ഹിഗ്സ് കണം' യഥാർത്ഥത്തിലുണ്ടോ ഇല്ലയോ എന്ന് 2009ൽ മാത്രമേ സ്ഥിരീകരിക്കാനാവുകയുള്ളൂ.

## പെന്റാക്വാർക്ക്[3]

അഞ്ച് ക്വാർക്കുകളടങ്ങിയ കണത്തിന് ശാസ്ത്രജ്ഞർ തെളിവ് നൽകി. ഒരു ക്വാർക്കും ഒരു ആന്റിക്വാർക്കുമാണ് മെസോണുകളിലടങ്ങിയിരിക്കുന്നത്. ബാരിയോണുകളിൽ മൂന്ന് ക്വാർക്കോ, മൂന്ന് ആന്റി ക്വാർക്കോ അടങ്ങിയിരിക്കുന്നു. ഇപ്പോൾ രണ്ട് അപ് (up) ക്വാർക്കുകളും രണ്ട് ഡൗൺ (down) ക്വാർക്കുകളും ഒരു സ്ട്രേയൻജ് (strange) ആന്റി ക്വാർക്കുമടങ്ങിയ കണം ശാസ്ത്രജ്ഞർ കണ്ടെത്തി. പ്രോട്ടോണിന്റെ ചാർജുള്ള ഈ പഞ്ചക്വാർക്കിനെ (Penta quark) തീററപ്ലസ് (thetaplus, O+) എന്ന് ശാസ്ത്രജ്ഞർ നാമകരണം ചെയ്തു.

## 'ററി-കിരണങ്ങൾ'[4]

ഇൻഫ്രാറെഡിനും മൈക്രോവേവിനും ഇടയിലുള്ള കിരണങ്ങളാണ് ടെട്രാഹെർട്സ് കിരണങ്ങൾ അഥവാ 'ററി-റേസ്'. ത്വക്കിന്റെ ഏതാനും മില്ലീമീററർ മാത്രം തുളച്ചുകയറുന്ന ററി-കിരണങ്ങളുപയോഗിച്ച് മററു മാർഗങ്ങളുപയോഗിച്ച് കാണാൻ സാധിക്കാത്ത ഈ പ്രദേശം പരിശോധനാവിധേയമാക്കാവുന്നതാണ്. അതുകൊണ്ടു തന്നെ എക്സ്റേ എം.ആർ.ഐ എന്നീ സാങ്കേതിക വിദ്യകളുപയോഗിച്ച് നിർണയിക്കാൻ പ്രയാസമായ ത്വക്കിനു തൊട്ടുതാഴെയുള്ള കാൻസർ നിർണയത്തിന് 'ററി-റേ' സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

Reference
1. www.Nature.com
2. New Scientist, 28 June 2003, P.13
3. Physics World, August 2003, P.5
4. New Scientist, 30 August 2003, P.11

# CURRENT BOOKS THRISSUR

**Round West, Thrissur 680 001**

Ph:0487-335660, Fax:0487-335642

## Publishers & Distributors for

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

BRANCHES

**Kozhikode**
**Rly. Station Link Road**
**Ph:0495-703487**
**Fax:0495-700049**

**Ernakulam**
**Press Club Road,**
**Ph:0484-353818**

# COSMO BOOKS

**Round West, Thrissur 680 001. Ph:0487-335292**
**E-mail: cosmoboo@md3.vsnl.net.in**

# COSMO BOOKS

**(SCHOOL DIVISION)**

**Room No.10/342 B-1, Taj Complex, PM Taj Road,**
**Kozhikode-673 001, Phone:724622.**

# സർവ്വീസ് പംക്തി

വിദേശത്ത് ജോലി സ്വീകരിക്കാൻ എടുക്കാവുന്ന Leave without allowanceന്റെ പരമാവധി പരിധി 15 വർഷമാണോ? 15 വർഷത്തേക്ക് തുടർച്ചയായ അവധിക്ക് ഒററ അപേക്ഷ സമർപ്പിക്കാമോ? ഈ അവധി മററ് അവധിയുമായി ചേർക്കാൻ കഴിയുമോ? ഈ കാലഘട്ടം പെൻഷന് പരിഗണിക്കുമോ? അവധിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ റിട്ടയർ ചെയ്യുന്നതിന് ഒരു വർഷം മുമ്പെങ്കിലും തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് നിർബന്ധമാണോ?

**ഷെറിഫ് റാവുത്തർ,**
**കുററിപ്പുറം**

ഈ അവധിയുടെ പരമാവധി പരിധി 20 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. (Finance rules)ന്റെ 5-2-1996ലെ (P)169/96ാം ഉത്തരവ്.

ഈ ഇനത്തിലുള്ള അവധി ഒരിക്കൽ തുടർച്ചയായി പരമാവധി 5 വർഷത്തേക്കു മാത്രമേ അനുവദിക്കുകയുള്ളു. പിന്നീട് അവധി നീട്ടാനുള്ള അപേക്ഷ സർക്കാർ ഉത്തരവനുസരിച്ച് പരിഗണിക്കുന്നതാണ്.

ഈ അവധി മറേറതെങ്കിലും അവധിയോട് ചേർത്ത് (മുമ്പോ, പിമ്പോ) അനുവദിച്ചുകൂടാ. പ്രസ്തുത കാലഘട്ടം പെൻഷനോ മററ് സർവീസ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല. അവധിയിൽ പ്രവേശിച്ചവർ പെൻഷൻപ്രായം പൂർത്തിയാവുന്നതിന് ഒരു വർഷം മുമ്പെങ്കിലും ജോലിയിൽ പ്രവേശിക്കാത്ത പക്ഷം അവരുടെ സേവനം അവസാനിപ്പിക്കുന്നതാണ് എന്ന് 24-7-98ലെ Finance (rules) (P)1810/98 ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് അതേ വകുപ്പിന്റെ 18-5-2000ലെ (P)887/2000 നമ്പർ ഉത്തരവ് അനുസരിച്ച് 24-7-98 പ്രാബല്യത്തിൽ റദ്ദുചെയ്തു.

**പ്രൊഫ. ടി.എൻ. മനോഹരൻ**

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.
വടയ്ക്കാട് ഹൗസ്, കുന്നുകുഴി പി. ഒ, തിരുവനന്തപുരം

തിരുവനന്തപുരം

## എ.കെ.പി.സി.ടിയ്ക്ക് ഉജ്ജ്വല വിജയം


ചെമ്പഴന്തി ശ്രീനാരായണ കോളജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള രണ്ടു സീററുകളിലും എ. കെ. പി. സി. ടി. എ സ്ഥാനാർത്ഥികളായ പ്രൊഫ. ടി. എൻ. മനോഹരൻ, ഡോ. കെ. സി. ബൈജു എന്നിവർ വിജയിച്ചു.

എറണാകുളം

## കേരള വിദ്യാഭ്യാസ സമിതി

കേരള വിദ്യാഭ്യാസ സമിതി ജില്ലാ സംഘാടക സമിതിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 25ന് മഹാരാജാസ് കോളജ് സെന്റിനറി ഓഡിറേറാറിയത്തിൽ വച്ച് പുസ്തകപ്രകാശനവും ഉന്നതവിദ്യാഭ്യാസ സെമിനാറും നടന്നു. സെമിനാർ **ഡോ.സുകുമാർ അഴീക്കോട്** ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസത്തെക്കുറിച്ച് മൗലിക വിജ്ഞാനം പോലും ഇല്ലാതെ ആരുടെയൊക്കെയോ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ കരുക്കൾ നീക്കുന്നവരായി സർക്കാർ മാറുകയാണെന്ന് അഴീക്കോട് പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ കാണിക്കുന്ന അത്രയും വിവരമില്ലായ്മ മറെറാരു മേഖലയിലും കാണുവാൻ കഴിയുകയില്ല. സുപ്രീംകോടതിയുടെ 'സുപ്രീം' എന്ന വാക്ക് വിഡ്ഢിത്തം പറയാനുള്ളതല്ല. നീതിബോധം പ്രകടിപ്പിക്കുകയും പറയുകയും ചെയ്യേണ്ട ജസ്റ്റിസുമാരിൽ നിന്നും ഇത്തരം ഒരു വിധിയുണ്ടാകുവാൻ പാടില്ലാത്തതാണ്. മെഡിക്കൽ പ്രവേശനത്തിനും മററും ലക്ഷക്കണക്കിന് രൂപ മുടക്കുന്നവർ അത് ഏത് അവിഹിത മാർഗത്തിലൂടെ നേടിയെന്നതും അന്വേഷിക്കണം. കാരണം ഇത്രയും വലിയതുക അവിഹിതമാർഗത്തിലൂടെ മാത്രമേ ഉണ്ടാക്കു



*Creations*
*in gold*
*with*
*Style &*
*Substance*

Francis
The Crown Jewellers
**KOTTAYAM**
Ph: 2561785, 2561786. Fax: 0481-2302785

വാൻ കഴിയു - അഴീക്കോട് പറഞ്ഞു.

സുപ്രീം കോടതി ജഡ്ജിമാർ എഴുതിയ വിധി ജഡ്ജിമാർക്കുതന്നെ വ്യാഖ്യാനിച്ചുകൊടുക്കേണ്ട നിലയാണ് ഇന്നുള്ളത്. പണ്ട് കവികൾക്ക് അവരുടെ കവിതയുടെ അർത്ഥമറിയുവാൻ വിമർശകർ വേണ്ടിവന്നിരുന്ന കാലം പോലെയാണിതെന്ന് അഴീക്കോട് അഭിപ്രായപ്പെട്ടു. ദൈവനീതിയുടെ ദർശനമാണ് കോടതിക്കുണ്ടാവേണ്ടത്. എന്നാൽ ആഴത്തിലേക്കു പോവാതെയും ഇന്ത്യയെ അറിയാതെയും വിധി പറയുകയാണ് കോടതികൾ. ഭരണഘടനയുടേതുമാത്രമല്ല, സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെയും സ്വപ്നങ്ങൾ നിഷേധിക്കുന്നതാണ് സർക്കാർ വിദ്യാഭ്യാസകാര്യങ്ങളിലെടുത്തിട്ടുള്ള നിലപാട്.




ഭരണഘടന വിഭാവനംചെയ്ത സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഇന്നെവിടെയെന്ന് ജസ്റ്റിസ് **വി.ആർ.കൃഷ്ണയ്യർ** വികാരാധീനനായി ചോദിച്ചു. ഉള്ളവനുമാത്രം വിദ്യാഭ്യാസം എന്ന സ്ഥിതിയിലേക്കാണ് പോക്ക്. ഉന്നതവിദ്യാഭ്യാസത്തെ വിപണന ശക്തികൾക്ക് വിട്ടുകൊടുക്കുന്ന വിധം ജഡ്ജിമാർ വിധിപറയുന്ന ഇക്കാര്യത്തിൽ നൂറുശതമാനം പ്രവേശനവും മെറിറ്റ് അടിസ്ഥാനത്തിലാക്കിയ ബോംബെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി സ്വാഗതാർഹമാണ് - കൃഷ്ണയ്യർ കൂട്ടിച്ചേർത്തു.

പ്രാഥമികവിദ്യാഭ്യാസം മുതൽ കച്ചവടവൽക്കരിക്കുന്നതും വിദ്യാഭ്യാസരംഗത്തുനിന്നും സർക്കാർ പിൻമാറുന്നതും ഭരണഘടനാ വിരുദ്ധമാണ്, ജനവഞ്ചനയുമാണ്. പണചെലവുള്ള ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നും സർക്കാർ പിന്മാറാതെ സബ്സിഡി ആവശ്യമെങ്കിൽ, അതും നൽകി പാവപ്പെട്ടവർക്കും ഉന്നതവിദ്യാഭ്യാസം ഉറപ്പാക്കണമെന്നും കൃഷ്ണയ്യർ ആവശ്യപ്പെട്ടു.

ഉന്നതവിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥിപ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലാകണമെന്ന് എറണാകുളം - അങ്കമാലി അതിരൂപതാ മേജർ ആർച്ച്ബിഷപ്പ് **കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ** അഭിപ്രായപ്പെട്ടു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തണം. ഉന്നതവിദ്യാഭ്യാസം സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്ത് സർക്കാർ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നത് ശരിയല്ല. ദരിദ്രനും പണക്കാരനും ഒരുപോലെ വിദ്യാഭ്യാസം നൽകേണ്ടത് സർക്കാരിന്റെ കടമയാണ്. ഈ സാഹചര്യത്തിൽ സ്വാശ്രയ കോളജുകൾ എങ്ങനെ നടത്തണമെന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവർ ചർച്ചനടത്തി നീതിപൂർവ്വമായ നയം രൂപപ്പെടുത്തണമെന്ന് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ നിർദ്ദേശിച്ചു.

ജീർണിച്ചു തുടങ്ങിയ വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരുന്നതിന് അക്കാദമിക് സമൂഹം വളരെ നേരത്തെ പരാജയപ്പെട്ടിരിക്കുന്നു എന്നു കേരള സർവ്വകലാശാലാ വൈസ് ചാൻസലർ **ഡോ. ബി.ഇക്ബാൽ** പറഞ്ഞു. ഇതുമൂലം ജീർണ്ണതയുടെ സംരക്ഷകരായി മാറേണ്ട ഗതികേട് അക്കാദമിക് സമൂഹത്തിന് ഉണ്ടാകുന്നുണ്ട്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളജുകളുടെ മേഖലയെക്കുറിച്ച് ചർച്ചചെയ്യപ്പെടാതിരിക്കുകയും 35000 വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൊഫഷണൽ മേഖലയെക്കുറിച്ച് ചർച്ചചെയ്യപ്പെടുകയുമാണ് ഇന്ന്. അഭ്യസ്ഥവിദ്യർ കേരളത്തിന് ബാധ്യതയാണ്. എന്നാൽ മററിടങ്ങളിൽ ഈ വിഭാഗം ആസ്തിയാണ്. ഇന്നത്തെ

അവസ്ഥയ്ക്ക് ഇരുമുന്നണികളും ഉത്തരവാദികളാണ്. സമവായ സാധ്യതകൾ പരമാവധി ഉപയോഗിച്ച് മുന്നേറാൻ രാഷ്ട്രീയ കക്ഷികൾ തയ്യാറാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ദുർബലവിഭാഗത്തിൽ പെടുന്ന ഭൂരിഭാഗം വരുന്ന വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനുള്ള പോരാട്ടങ്ങൾ നടക്കുന്നില്ലെന്ന് ബി.ഇക്ബാൽ പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യവൽക്കരണ പ്രക്രിയ തകിടംമറിക്കുകയാണെന്ന് സി.പി.ഐ.എം കേന്ദ്രകമ്മററി അംഗം **എം.എ.ബേബി** അഭിപ്രായപ്പെട്ടു. നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി വർഗപ്രസ്ഥാനങ്ങളും നിരന്തര സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന പിന്നോട്ടടിയുടെ കാലഘട്ടമാണിത്. പ്രാഥമികവിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ പിന്തിരിയുന്നതും ചർച്ചചെയ്യപ്പെടണം.

ഡോ: ജോയ് ജോബ് കുളവേലിൽ രചിച്ച 'ഫണ്ടിംഗ് ഹയർ എഡ്യൂക്കേഷൻ' എന്ന പുസ്തകം ഡോ: ബി.ഇക്ബാലിന് നൽകി ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ പ്രകാശനം ചെയ്തു. 'ഉന്നതവിദ്യാഭ്യാസം പ്രതിസന്ധിയും പ്രത്യാശയും' എന്ന പുസ്തകത്തിന്റെ പ്രകാശനം മാർ വർക്കി വികയത്തിൽ എം.എ.ബേബിക്ക് ആദ്യപ്രതി നൽകി പ്രകാശനം ചെയ്തു.

സെമിനാറിലും ചടങ്ങിലും കൊച്ചി മേയർ സി.എം.ദിനേശ് മണി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സംഘാടക സമിതി ചെയർമാൻ ഡോ: സെബാസ്റ്റ്യൻ പോൾ സ്വാഗതവും പി.എം.ഇ.കോരൻ നന്ദിയും രേഖപ്പെടുത്തി.

## മലപ്പുറം ജില്ല

### എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല.

മഞ്ചേരി എൻ. എസ്. എസ്. കോളജ് കൗൺസിലേക്ക് എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളായ പ്രൊഫ. വി. ടി. ജോയ് പ്രൊഫ. പി. കെ. ശ്രീകുമാർ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.




## തൃശ്ശൂർ ജില്ല

# ഇ.കെ.എൻ അനുസ്മരണം

എ.കെ.പി.സി.ടി.എ തൃശൂർ ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ 2003 ആഗസ്റ്റ് 30ന് പ്രൊഫ. ഇ.കെ.എൻ അനുസ്മരണം നടന്നു. അനുസ്മരണ സമ്മേളനം എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. യു.ഡി.എഫ് സർക്കാരിന്റെ ജനവിരുദ്ധ വിദ്യാഭ്യാസനയങ്ങൾക്കെതിരായുള്ള പോരാട്ടങ്ങൾ ശക്തമായി തുടരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

2002 ആഗസ്റ്റ് 24ന് വാഹനാപകടത്തിൽ മരിച്ച ഇ.കെ.നാരായണനെയും പത്നി നളിനിയെയും അനുസ്മരിച്ച് ഐ.ആർ.ടി.സി രജിസ്ട്രാർ പ്രൊഫ. പി.കെ.രവീന്ദ്രൻ സംസാരിച്ചു. 'സംഘടനാ പ്രവർത്തനവും സമകാലീന പ്രശ്നങ്ങളും' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ഇ.കെ.എന്നിനെ പോലെയുള്ള പ്രവർത്തകരുടെ ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

അനുസ്മരണയോഗത്തിൽ എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റ് പ്രൊഫ വി.എസ്.ഫിറോസ് അദ്ധ്യക്ഷതവഹിച്ചു. പ്രൊഫ ടി.എ.ഉഷാകുമാരി സ്വാഗതവും പ്രൊഫ. പി.എം. മാനുവൽ നന്ദിയും രേഖപ്പെടുത്തി.

# Meditation as Anti-aging Medicine

Dr. R.S.Sindhu
St.Thomas College
Kozhencherry

Aging is partly a biological process but is a psychological process as well. Staying engaged in life's activities and refusing to accept myths about aging are two keys to happy aging. Aging as a biological process may be genetically solved towards the end of your lifetime.

Physiological changes with aging are seen in skin, Musculoskeletal system, Nervous system, Respiratory system, Cardiovascular system, Gastroindestinal system, Urinary system and sensory system.

Mounting evidence has shown proper exercise nutrition and meditation may extend the lifespan, but there is a more important reason for good physical fitness. An increase in body functioning and the body's ability to perform will allow an individual to sustain an enjoyable productive and independent lifestyle in their latter years of life.

"The quality of our life is important as the length of our life".

Meditation is our most potent form of natural, anti-aging medicine. Meditating is easy to learn. To be ready, all you need are comfort, quiet, a meditative tool such as a mantra and a meditative attitude. Go to a private place by yourself or with another meditator where you won't be interrupted. Allow 10-20 minutes for meditation and stick with it. You can look at your watch on occasion but don't set an alarm, because it might startle you and ruin your relaxation. Sit down on a comfortable mat, cushion or chair and try to relax every muscle in your body from bottom to top. Close your eyes and breathe deeply. To help stop your internal dialogue and health calm down, silently repeat a word or mantra. It can be religious or philosophical, as long as it makes you feel good. When thoughts intrude, just say, "Oh, well" to yourself and start all over. Adopt a calm, passive attitude, a neutral mind in which you don't judge yourself or others. After your finish, sit quitely for a couple of minutes and try to

carry your calm, anti-aging, meditative attitude into your daily activities.

The research indicates that meditators achieve the following biological reactions: marked reduction in oxygen use; notably lower secretion of stress hormones; increase in immune factors; including blood leukocyte production; and calm brain wave activity.

Meditation has also been shown to produce the following general medical benefits:

* reduction of anxiety
* reduction of chronic pain
* lowered levels of cortisone
* increase in cognitive function
* reduction of substance abuse
* lowered blood pressure
* improvements in post traumatic stress syndrome
* reduction in the use of medical care and hospitalization.

**10 Foods that beautify from the inside out!**

There are many foods that have direct beauty benefits working from the inside out. Carrots maintain the outer layer of the skin, and thus prevent premature aging. What is found in carrots is similar to what you can get from Retin-A.

Citrus fruits hold the skin cells together by forming collagen. Collagen cannot be added to the skin topically, which is why fruits and fruit juices are such and important part of your daily diet.

Sweet potatoes are an absolute must for many models. Christie Brinkley even cooks several at a time, and keeps them in her refrigerator for when she gets a sweet craving. You can also cook them ahead and quickly microwave them with a bit of cinnamon when your urge to eat something sweet comes up. Sweet potatoes are full of vitamin A, which is known to be a remarkable anti-wrinkling agent.

Add leafy green vegetables and fresh fruits like peaches and apricots to your diet. These foods help to prevent aging and repair the outer layer of your skin.

If you suffer from sallow skin, add a bit of lemon to your diet. Spritz it on your salads, add it to each glass of water, and flavour up your fish and vegetables.

Celery is a dieter's dream! Because it takes up so much space in your stomach, celery is one of the choice foods of the world's most beautiful bodies. It's a great source of fiber and a natural cure for constipation. It also contains both calcium and magnesium.

Try some unusual foods for variety. Figs are rich in niacin and magesium. Experiment with mushrooms. They're great by themselves and can be added to antipaste and other vegetables.

Parsley has almost no calories and gives you the best breath! It's rich in chlorophyll.

Nutmeg is a natural sweetner and sunflower seeds are a great souce of phospherous. These are great foods that will directly contribute to even better looks.

**How to Live a Healthier, Longer Life**

I. Quit smoking
II. Avoid smoke-filled environments
III. Get regular exercise
IV. Limit alcohol consumption.
V. Take a scientifically-balanced nutritional supplement
VI. Learn to relax
VII. Expand and cherish your social life
VIII. Avoid electromagnetic radiation
IX. Switch to a health-promoting diet

# കെട്ടിട നിർമ്മാണ ഫണ്ടിലേക്ക് രണ്ടാംഗഡു നൽകിയ കോളജുകൾ

| | | |
|---|---|---|
| 1. | St.Pauls, Kalamassery | 500 |
| 2. | Ayurveda College, Ollur | 5000 |
| 3. | K.E.College, Mannanam | 22,500 |
| 4. | S.S.College, Taliparamba | 8,000 |
| 5. | Mercy College, Palakkad | 100 |
| 6. | NSS College, Ottapalam | 12,850 |
| 7. | MES College, Mannarghat | 4,800 |
| 8. | NSS College, Nenmara | 2,100 |
| 9. | SN College, Alathur | 1,800 |
| 10. | VTB, Sreekrishnapuram | 4,900 |
| 11. | NSS Training College, Ottapalam | 800 |
| 12. | SN College, Shornur | 500 |
| 13. | NAS, Kanhangad | 11,000 |
| 14. | MES, Mampad | 8,500 |
| 15. | Henry Baker College, Melukave | 1,650 |
| 16. | NSS College, Manjeri | 14,000 |
| 17. | M.G.College, Thiruvananthapuram | 26,000 |
| 18. | U.C.College, Aluva | 18,500 |
| 19. | Basaleos College, Kottayam | 15,000 |
| 20. | Sreekrishna College, Guruvayoor | 6,000 |
| 21. | NSS College, Cherthala | 14,500 |
| 22. | B.K.College, Amalagiri | 500 |
| 23. | NSS College, Pandalam | 11,600 |
| 24. | St.Thomas College, Kozhencherry | 3,500 |
| 25. | Catholicate, Pathanamthitta | 1,500 |
| 26. | NSS College, Changanacherry | 10,000 |
| 27. | St.George College, Aruvithura | 3,750 |
| 28. | St.Marys College, Manarcaud | 1,000 |
| 29. | DB College, Parumala | 5,000 |
| 30. | TKMM College, Nangiarkulangara | 12,000 |
| 31. | SKV, Trichur | 7,000 |

20-10-2003 വരെ ലഭിച്ച തുകയുടെ വിവരമാണ് മുകളിൽ കാണിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാണ ഫണ്ട് നൽകാത്ത ബ്രാഞ്ചുകളും ഭാഗികമായി മാത്രം നൽകിയ ബ്രാഞ്ചുകളും കുടിശ്ശിക അടിയന്തിരമായി സംസ്ഥാന കമ്മിററി ഓഫീസിൽ എത്തിക്കുക.

# കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പ്

## എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികൾ

| | റോൾ നമ്പർ | പേര് | കോളജ് |
|---|---|---|---|
| 1. | 101 | ജുബിലി നവപ്രഭ | എസ്. ഡി. കോളജ്, ആലപ്പുഴ |
| 2. | 185 | കെ. വി. ബോധാനന്ദൻ | ഡി.ബി. കോളജ്, ശാസ്താംകോട്ട |
| 3. | 227 | കെ. എ. ജോർജ് | ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ |
| 4. | 284 | ജോണി കെ. ജോൺ | മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം |
| 5. | 386 | പി. ജി. സുകുമാരൻ നായർ | എൻ.എസ്.എസ്.കോളജ്,പന്തളം |
| 6. | 500 | ജോസ് പി. കല്ലൂപറമ്പിൽ | സെൻററ് മൈക്കിൾസ് കോളജ്, ചേർത്തല |
| 7. | 564 | ഡോ. വി. രാജേന്ദ്രൻനായർ | വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം |
| 8. | 787 | എ. പ്രതാപചന്ദ്രൻനായർ | എം.ജി.കോളജ്, തിരുവനന്തപുരം |
| 9. | 1174 | കെ. ചാണ്ടപ്പിള്ള പണിക്കർ | ടി.കെ.എം.എഞ്ചിനീയറിംഗ് കോളജ്, കൊല്ലം |
| 10. | 1470 | ജോൺ സക്കറിയ | സെൻററ് സ്ററീഫൻസ് കോളജ്, പത്തനാപുരം |
| 11. | 1849 | കെ. ഖാൻ | എം.എസ്.എം.കോളജ്, കായംകുളം |
| 12. | 1882 | ബി. ഭുവനേന്ദ്രൻ | എസ്. എൻ. കോളജ്, വർക്കല |
| 13. | 2018 | കെ. വിജയധരൻ | എസ്. എൻ. കോളജ്, കൊല്ലം |
| 14. | 2170 | ജി.സത്യനേശൻ | ടി.കെ.എം.എം.കോളജ്, നങ്ങ്യാർകുളങ്ങര |
| 15. | 2374 | എ. ഷാജഹാൻ | ടി.കെ.എം.ആർട്സ് & സയൻസ് കോളജ്, കൊല്ലം |
| 16. | 2513 | കെ.എൽ. വിവേകാനന്ദൻ | എസ്. എൻ. കോളജ്, ചെമ്പഴന്തി |

## ഇവരെ വിജയിപ്പിക്കുക

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494, Fax: 0471-468984, e-mail:akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm. Phone: 2325789, Chief Editor: S. Jayaraj Kumar